# കരയോഗ സൗഹൃദം

*സത്യം പരം ധീമഹി* **Rs. 6**

**മാസിക : എറണാകുളം കരയോഗത്തിന്റെ മുഖപത്രം** **Pages 72**

വാല്യം - 16 ലക്കം - 6 ഇടവം - 1199 ജൂൺ 2024



എറണാകുളം കരയോഗം ടി.ഡി.എം. ഹാളിൽ നടന്ന കുട്ടികളുടെ അവധിക്കാല ക്യാമ്പിൽ നിന്ന്....











## എറണാകുളം കരയോഗം

# 99-ാം വാർഷിക പൊതുയോഗ നോട്ടീസ്

എറണാകുളം കരയോഗത്തിന്റെ 99-ാമത് വാർഷിക പൊതുയോഗം 2024 ജൂൺ മാസം 23-ാം തീയതി ഞായറാഴ്ച രാവിലെ 10.00 ന് ടി.ഡി.എം. ഹാളിൽ കൂടുവാൻ നിശ്ചയിച്ചിരിക്കുന്ന വിവരം കരയോഗം നിയമാവലി 11 (i) (എ), 31, 32, 33, 34 എന്നീ വകുപ്പുകളും ഉപവകുപ്പുകളും പ്രകാരം അറിയിക്കുന്നു. പ്രസ്തുത പൊതുയോഗത്തിലേക്ക് എല്ലാ അംഗങ്ങളേയും ഇതിനാൽ ക്ഷണിച്ചു കൊള്ളുന്നു.

## കാര്യപരിപാടി

1. സ്മരണികാഗീതം
2. അനുശോചന പ്രമേയം
3. അദ്ധ്യക്ഷ പ്രസംഗം
4. 2023 ജൂൺ 25-ാം തീയതി കൂടിയ പൊതുയോഗത്തിന്റെ മിനിറ്റ്സ്
5. 2023-24 ലെ ഭരണ റിപ്പോർട്ട്, നിർദ്ദേശങ്ങൾ എന്നിവ ചർച്ച ചെയ്ത് അംഗീകരിക്കൽ
6. 2023-24 ലെ ഓഡിറ്റ് ചെയ്ത വരവ് -ചിലവ് കണക്കുകൾ, കടഥന സ്റ്റേറ്റ്മെന്റ്, ഓഡിറ്റേഴ്സ് റിപ്പോർട്ട് മുതലായവ ചർച്ച ചെയ്ത് അംഗീകരിക്കൽ
7. 2023-24 ലെ എറണാകുളം കരയോഗം മാംഗല്യ ട്രസ്റ്റിൻെറ റിപ്പോർട്ട് അവതരിപ്പിക്കൽ
8. 2023-24 ലെ എറണാകുളം കരയോഗം ടെമ്പിൾ ട്രസ്റ്റിൻെറ റിപ്പോർട്ട് അവതരിപ്പിക്കൽ
9. 2024-25 ലേക്കുള്ള ക്യാപ്പിറ്റൽ, റവന്യൂബഡ്ജറ്റ് അവതരിപ്പിക്കൽ
10. നിയമാവലി 33 (iii) പ്രകാരമുള്ള പ്രമേയങ്ങൾ അവതരിപ്പിക്കൽ
11. 2024-25 വർഷത്തേയ്ക്കുള്ള ഓഡിറ്റർമാരെയും അവരുടെ ഫീസും നിശ്ചയിക്കൽ
12. 2024-25 വർഷത്തേയ്ക്കുള്ള കരയോഗം ട്രസ്റ്റി, വിവിധ ട്രസ്റ്റുകളിലെ അംഗങ്ങൾ, അപ്പീൽ കമ്മിറ്റി അംഗങ്ങൾ എന്നിവരെ നോമിനേററ് ചെയ്യൽ
13. അദ്ധ്യക്ഷൻ അനുവദിക്കുന്ന മറ്റു കാര്യങ്ങൾ
14. കൃതജ്ഞത

**2024 - 2028 വർഷത്തേയ്ക്ക് എറണാകുളം കരയോഗം ഭരണസമിതിയിൽ ഒഴിവ് വരുന്ന സ്ഥാനങ്ങളിലേയ്ക്ക് തെരഞ്ഞെടുപ്പ് ആവശ്യമായി വരുന്ന പക്ഷം ഉച്ചയ്ക്ക് 2 മണിമുതൽ 6 മണി വരെ ടി.ഡി.എം ഹാളിൽ വെച്ച് നടത്തുന്നതാണ്.**

എറണാകുളം കരയോഗം ഭരണസമിതിക്ക് വേണ്ടി

(ഒപ്പ്)

കൊച്ചി - 16 — പി. രാമചന്ദ്രൻ (വേണു)

12-05-2024 — ജനറൽ സെക്രട്ടറി

**നോട്ട്** : *കരയോഗത്തിൻെറ പൊതുയോഗങ്ങളിൽ അംഗങ്ങൾക്ക് മാത്രമേ പങ്കെടുക്കുവാൻ അനുവാദമുള്ളു. യോഗത്തിൽ പങ്കെടുക്കുന്ന അംഗങ്ങൾ കരയോഗം ഐഡൻറിറ്റി കാർഡ് നിർബന്ധമായും കൊണ്ടുവരേണ്ടതും ആവശ്യമെങ്കിൽ പരിശോധനയ്ക്ക് വിധേയമാക്കേണ്ടതുമാണ്. കരയോഗത്തിലേക്ക് ഏതെങ്കിലും ഇനത്തിൽ കുടിശ്ശിക വരുത്തിയിട്ടുള്ളവർക്ക് നിയമാവലി 31 വകുപ്പു പ്രകാരം പൊതുയോഗത്തിൽ പങ്കെടുക്കാൻ അർഹതയുണ്ടായിരിക്കുന്നതല്ല. പ്രമേയങ്ങൾ, അഭിപ്രായങ്ങൾ മുതലായവ പൊതുയോഗത്തിന് 7 ദിവസം മുമ്പേ അതായത് 2024 ജൂൺ 16ന് മുമ്പ് നേരിട്ടോ, ഇമെയിൽ ആയോ കരയോഗം ഓഫീസിൽ ലഭിച്ചിരിക്കേണ്ടതാണ്.*

## എറണാകുളം കരയോഗം

# ഭരണസമിതി റിപ്പോർട്ട്

എറണാകുളം കരയോഗത്തിന്റെ നിയമാവലി 31 പ്രകാരം 23-06-2024 - ന് ടി.ഡി.എം. ഹാളിൽ കൂടുന്ന 99-ാം വാർഷിക പൊതുയോഗത്തിനു മുമ്പാകെ 1-4-2023 മുതൽ 31-03-2024 വരെയുള്ള കരയോഗ പ്രവർത്തന റിപ്പോർട്ടും വരവ് ചിലവ് കണക്കുകളും പൊതുയോഗത്തിന്റെ അംഗീകാരത്തിനായി ഭരണസമിതി സമർപ്പിക്കുന്നു.

**ഭരണസമിതി 2023-2024**

| | | |
|---|---|---|
| ആലപ്പാട്ട് മുരളീധരൻ | - | പ്രസിഡന്റ് |
| പി. രാമചന്ദ്രൻ (വേണു) | - | ജനറൽ സെക്രട്ടറി |
| അഡ്വ.എ.ബാലഗോപാലൻ | - | വൈസ് പ്രസിഡന്റ് |
| എസ്. ശ്രീകുമാർ | - | (വൈസ് പ്രസിഡന്റ്) |
| കെ. ജനാർദ്ദനൻ | - | (അസി.സെക്രട്ടറി) |
| പി. ഗിരിജാവല്ലഭൻ | - | (അസി.സെക്രട്ടറി) |
| കെ. ടി. മോഹനൻ | - | (ട്രഷറർ) |
| എം. ശ്രീവല്ലഭൻ നായർ | - | ഭരണസമിതി അംഗം |
| എസ്. ശരത്ത് കുമാർ | - | " |
| അനിൽ കെ. നായർ | - | " |
| മനോജ് ആലപ്പാട്ട് | - | " |
| മനോജ് ബി. നായർ | - | " |
| എം. ബാലചന്ദ്രൻ | - | " |
| കെ. രാജഗോപാൽ | - | " |
| ടി.പി. ശ്രീകുമാർ | - | " |
| എം. മുകുന്ദൻ | - | " |
| സജിവ്കുമാർ പാലാഴി | - | " |
| സുധ കൃഷ്ണകുമാർ | - | " |
| സരളാകുമാരി എൻ.ടി | - | " |
| ശുഭ വിജയകുമാർ | - | " |
| പ്രൊഫ. സി. സുമംഗലാ ദേവി | - | " |

2024-2028 വർഷത്തേക്ക് ജനറൽ സെക്രട്ടറി, ഒരു വൈസ് പ്രസിഡന്റ്, ഒരു അസി. സെക്രട്ടറി, ട്രഷറർ, രണ്ട് വനിതാസംവരണം, 4 ഭരണസമിതി അംഗങ്ങൾ എന്നീ സ്ഥാനങ്ങളിലേക്ക്, ഈ വർഷം തിരഞ്ഞെടുപ്പ് ഉണ്ടായിരിക്കും.തിരഞ്ഞെടുപ്പ് സംബന്ധിച്ച് വിജ്ഞാപനം കരയോഗം നിയമാവലി 17ഉം അതിലെ ഉപവകുപ്പുകളും പ്രകാരം പ്രസിദ്ധീകരിച്ചിട്ടുള്ളതാകുന്നു.

**ട്രസ്റ്റി :** തോട്ടക്കാട്ട് നീലകണ്ഠ മേനോൻ, 7 ബി. ശാന്തി തോട്ടേക്കാട്ട് ചിറ്റൂർ റോഡ്, കൊച്ചി 16, മൊബൈൽ : 9391046180

**കരയോഗ അംഗത്വം**

എറണാകുളം കരയോഗത്തിന്റെ നിയമാവലി 5,7,8,9 എന്നീ വകുപ്പുകൾക്കു വിധേയമായി നായർ സമുദായ അംഗങ്ങൾക്ക് എറണാകുളം കരയോഗാംഗത്വം നല്കി വരുന്നു. അംഗങ്ങളുടെ മേൽവിലാസം മാറ്റുന്നതും പുതിയ അംഗത്വം നൽകുന്നതും അംഗത്വ പരിശോധനാ ഉപസമിതിയുടെ മേൽനോട്ടത്തിലാണ് നടത്തിവരുന്നത്. 29 അസോസ്സിയേറ്റ് അംഗങ്ങളുൾപ്പടെ 4112 അംഗങ്ങളാണ് വർഷാരംഭത്തിൽ ഉണ്ടായിരുന്നത്. 2023-24 ൽ നിര്യാണവും മറ്റും മൂലം 74 പേരെയാണ് അംഗത്വ രജിസ്റ്ററിൽ നിന്നും നീക്കം ചെയ്യേണ്ടി വന്നിട്ടുള്ളത്. ഈ വർഷം ആജീവനാന്ത അംഗങ്ങളായി 13 പേർ ചേർന്നിട്ടുണ്ട്. ആകെ നിലവിൽ 4051 അംഗങ്ങളാണുള്ളത്.

**ഭരണസമിതി യോഗങ്ങൾ**

2023 - 2024 ൽ ഭരണസമിതി 12 സാധാരണയോഗങ്ങളും 1 അസാധാരണയോഗവും, ഉൾപ്പെടെ 13 യോഗങ്ങൾ ആണ് ചേർന്നിട്ടുള്ളത്. കൂടാതെ ഉപസമിതികളുടെ 2 സംയുക്തയോഗങ്ങൾ ഉൾപ്പെടെ 97 ഉപസമിതി യോഗങ്ങളും ആണ് ചേർന്നിട്ടുള്ളത്. എറണാകുളം കരയോഗത്തിന്റെ 2023-2024ലെ പ്രവർത്തനത്തിനുവേണ്ടി 29 ഉപസമിതികളാണ് പ്രവർത്തിച്ചിരുന്നത്. ടി. ഉപസമിതികൾ

കൂടാതെ എറണാകുളം കരയോഗം ടെമ്പിൾ ട്രസ്റ്റ്, എറണാകുളം കരയോഗം മാംഗല്യ ട്രസ്റ്റ്, എറണാകുളം കരയോഗം ചാരിറ്റബിൾ ട്രസ്റ്റ് എന്നീ മൂന്ന് ട്രസ്റ്റുകളും പ്രവർത്തിച്ചു വരുന്നു. പ്രശസ്തരും പ്രഗത്ഭരുമായ അംഗങ്ങളുടെ ഉപദേശങ്ങളും നിർദ്ദേശങ്ങളും സ്വീകരിച്ചാണ് എറണാകുളം കരയോഗത്തിന്റെ ഭരണസമിതി പ്രവർത്തിച്ചുവരുന്നത്.

### രാധേയം ഗസ്റ്റ് ഹൗസ്, ഗുരുവായൂർ

2023-2024 വർഷത്തിലും രാധേയം ഗസ്റ്റ് ഹൗസിന്റെ പ്രവർത്തനങ്ങൾ ഭംഗിയായി നടന്നു. 2023-2024 സാമ്പത്തിക വർഷം. 35,81,939 രൂപ വരവും 40,59,268 രൂപ ചിലവും അധിക ചിലവായി 4,77,329 രൂപയുമാണ് വന്നിട്ടുള്ളത്. (പലിശ തേയ്മാന ചിലവ് കൂടാതെ).

ഗുരുവായൂർ രാധേയം ഗസ്റ്റ് ഹൗസിന്റെ നിർമ്മാണപ്രവർത്തനത്തിന്റെ ആവശ്യത്തിലേയ്ക്ക്, അംഗങ്ങളിൽ നിന്ന് രണ്ട് സ്കീമുകളിലായി 42 മാസത്തെയും 66 മാസത്തെയും ഡിപ്പോസിറ്റുകൾ സ്വീകരിച്ചിരുന്നു. ഈ ഇനത്തിൽ ഈ സാമ്പത്തിക വർഷം 70,07,000 രൂപ മടക്കി നൽകിയിട്ടുണ്ട്. ഇനി 66 മാസത്തെ ഡിപ്പോസിറ്റ് ഇനത്തിൽ അംഗങ്ങൾക്ക് 72,38,000 രൂപ മടക്കി നൽകുവാനുണ്ട്.

### എറണാകുളം കരയോഗം കഥകളി ക്ലബ്ബ്

2023 - 24 മുതൽ എറണാകുളം കരയോഗം കഥകളി ക്ലബ്ബിന്റെ പരിപാടികൾ ഒന്നിടവിട്ട മാസങ്ങളിൽ നടത്തുകയുണ്ടായി.

എറണാകുളം കരയോഗം കഥകളി ക്ലബ്ബിന്റെ 29-ാമത് കഥകളി അവാർഡും 66-ാമത് വാർഷികാഘോഷവും 2024 ഫെബ്രുവരി 27-ാം തീയതി ചൊവ്വാഴ്ച സമുചിതമായി ആഘോഷിക്കുകയും കഥകളി പുരസ്കാരങ്ങൾ സമർപ്പിക്കുകയും ചെയ്തു. കളഹംസം (വേഷം) കലാനിലയം ഗോപാലകൃഷ്ണൻ, തൗര്യത്രികം അവാർഡുകൾ, കലാമണ്ഡലം ജയപ്രകാശ് (കഥകളി സംഗീതം), കലാമണ്ഡലം ബാലസുന്ദർ (ചെണ്ട), ബിജു ആറ്റുപുറം (മദ്ദളം), ചിങ്ങോലി പുരുഷോത്തമൻ (ചുട്ടി), നെടുമുടി മധുസൂദന പണിക്കർ (അണിയറ) കഥകളിയിലെ സ്ത്രീ സാന്നിദ്ധ്യത്തിനുള്ള പ്രത്യേക പുരസ്ക്കാരം ശ്രീമതി ദീപ പാലനാട് എന്നിവർക്കുമാണ് നൽകിയത്. തുടർന്ന് നളചരിതം ഒന്നാം ദിവസം മേജർ സെറ്റ് കഥകളിയും അരങ്ങേറി. നടപ്പു വർഷം കഥകളി ക്ലബ്ബിന്റെ ചിലവ് 1,12,064/- രൂപയാണ്.

### എറണാകുളം കരയോഗം മെഡിക്കൽ സെന്റർ

ഹോമിയോ, അലോപ്പതി, ഡിസ്പൻസറികളും ആയുഷ്യം ക്ലിനിക്കൽ ലബോറട്ടറി, ക്ലിനിക്ക് ഓൺ വീൽസ്, (സഞ്ചരിക്കുന്ന ആശുപത്രി), മെഡിക്കൽ ഷോപ്പ്, ആംബുലൻസ്, മൊബൈൽ മോർച്ചറി തുടങ്ങി വിവിധ സേവനങ്ങൾ പൊതുജനങ്ങൾക്ക് ഉപകാരപ്രദമായ വിധത്തിൽ നൽകി വരുന്നു.

ഹോമിയോ വിഭാഗത്തിൽ ഡോ. സരിത ഗോവിന്ദ്, ഡോ. കെ.എസ്.പാർവ്വതി എന്നീ ഡോക്ടർമാരുടെ സേവനം ലഭ്യമാണ്. ഹോമിയോ മെഡിക്കൽ സെൻററിൽ 2023-24 ൽ 6500 രോഗികളാണ് ക്ലിനിക്കിന്റെ സേവനം ഉപയോഗപ്പെടുത്തിയത്. കൂടാതെ 200ഓളം രോഗികൾക്ക് സൗജന്യ സേവനം നൽകിയിട്ടുണ്ട്. രജിസ്ട്രേഷനും, ക്ലിനിക്കൽ ചാർജും ഉൾപ്പെടെ 4,63,400/- രൂപയാണ് വരവായി ലഭിച്ചിട്ടുള്ളത്. സൗജന്യ മരുന്നു വിതരണം, ഡോക്ടർമാർ, മറ്റു ജീവനക്കാർ എന്നിവർക്ക് വേണ്ടിയുള്ള ശമ്പളവും മറ്റു ചിലവുകളും ഉൾപ്പെടെ നടപ്പുവർഷത്തിൽ മൊത്തം 4,93,339/- രൂപ ചിലവ് വന്നിട്ടുണ്ട്.

### ആയുഷ്യം പോളിക്ലിനിക്ക്

2023-24 ൽ ആയുഷ്യം പോളിക്ലിനിക്കിൽ ക്ലിനിക്കൽ ചാർജ് ഉൾപ്പെടെ 9,71,235/- രൂപയാണ് വരവായി ലഭിച്ചിട്ടുള്ളത്. ജീവനക്കാർ

ക്കുള്ള ശമ്പളവും മറ്റു ചിലവുകളും ഉൾപ്പെടെ നടപ്പു വർഷത്തിൽ മൊത്തം 8,79,906/- രൂപ ചിലവ് വന്നിട്ടുണ്ട്.

**ക്ലിനിക്ക് ഓൺ വീൽസ്**

സഞ്ചരിക്കുന്ന ആശുപത്രി എന്ന സങ്കൽപ്പത്തോടെ ആരംഭിച്ച COW ഈ സാമ്പത്തിക വർഷം 5 പോസ്റ്റ് കോവിഡ് ക്യാമ്പുകൾ നടത്തിയിട്ടുണ്ട്. ഈ സേവനം കൂടുതൽ ഉപയോഗപ്പെടുത്തേണ്ടതുണ്ട്. അംഗങ്ങൾ പ്രാദേശികമായി ഇതിനുവേണ്ടി പരിശ്രമിക്കണമെന്ന് അഭ്യർത്ഥിക്കുന്നു.

**ജീവകാരുണ്യ പ്രവർത്തനങ്ങൾ**

2023-24 വർഷം ജീവകാരുണ്യ പ്രവർത്തനങ്ങൾക്ക് മൊത്തം 18,59,661/- രൂപയാണ് ചിലവഴിച്ചിട്ടുള്ളത്. എറണാകുളം കരയോഗത്തിന്റെ ജീവകാരുണ്യ പ്രവർത്തനങ്ങളുടെ ഭാഗമായി 2,42,378/- രൂപയുടെ മരുന്നുകൾ എറണാകുളം കരയോഗത്തിന്റെ ആയുഷ്യം മെഡിക്കൽസിൽ നിന്ന് നൽകുവാൻ കഴിഞ്ഞിട്ടുണ്ട്. ജീവകാരുണ്യസേവനമേഖലയിൽ കൂടുതൽ സേവനം നൽകണമെന്ന് ഭരണസമിതിക്ക് ആഗ്രഹമുണ്ട് അതിനായി എല്ലാ അംഗങ്ങളുടേയും സഹായം അഭ്യർത്ഥിക്കുന്നു.

**ആംബുലൻസ് സർവ്വീസ്**

2023-24 വർഷം KL-07 BV-9714 മാരുതി ECO 2016 മോഡൽ ആംബുലൻസും 2020 മോഡൽ KL-07- 8749 ആംബുലൻസും കരയോഗത്തിന്റെ സേവനരംഗത്ത് ഉണ്ട്. 24 മണിക്കൂറും പ്രവർത്തിക്കുന്ന ആംബുലൻസ് സർവ്വീസിനോടൊപ്പം മൊബൈൽ ബോഡി ഫ്രീസറിന്റെ സേവനവും നല്കി വരുന്നുണ്ട്. ഈ ഇനത്തിൽ 2023-24 വർഷം 2,14,140/- രൂപ വരവും 4,81,975/- രൂപ ചിലവും വന്നിട്ടുണ്ട്. ആംബുലൻസിന്റെയും മൊബൈൽ ബോഡി ഫ്രീസറിന്റെയും സേവനങ്ങൾക്കായി 9387306579, 0484 - 2361160, Extn. 129 എന്നീ നമ്പറുകളുമായി ബന്ധപ്പെടുവാൻ അഭ്യർത്ഥിക്കുന്നു.

2023-2024 വർഷത്തിൽ മാരുതി ECO ആംബുലൻസ് എറണാകുളം ജനറൽ ഹോസ്പിറ്റലുമായി സഹകരിച്ച് പാലിയേറ്റീവ് കെയർ യുണിറ്റിലെ രോഗികൾക്ക് സൗജന്യ സേവനം നല്കിയിട്ടുണ്ട്.

**എൻഡോവ്മെൻറ്**

എറണാകുളം കരയോഗം ആദ്യകാലം മുതൽ കലാസാംസ്കാരിക, വിദ്യാഭ്യാസ ജീവകാരുണ്യ പ്രവർത്തനങ്ങൾക്ക്, കരയോഗത്തിന്റെ അഭ്യുദയകാംക്ഷികൾ നല്കിയിട്ടുള്ള വിവിധ എൻഡോവ്മെന്റുകളിൽ നിന്നു കിട്ടുന്ന പലിശ വരുമാനത്തിൽ നിന്നാണ് ധനസമാഹരണമാർഗ്ഗം കണ്ടെത്തുന്നത്. 2023-24 ൽ പുതിയതായി 4 എൻഡോവ്മെന്റുകൾ ഉൾപ്പെടെ 532 എൻഡോവ്മെന്റുകളിലായി 77,96,742/- രൂപയാണ് ഈ ഇനത്തിൽ നിക്ഷേപിച്ചിട്ടുള്ളത്. ഈ തുക പ്രത്യേകം സ്ഥിരം നിക്ഷേപമായി ബാങ്കുകളിൽ നിക്ഷേപിച്ചിട്ടുണ്ട്. എൻഡോവ്മെന്റുകൾക്കായി ആദ്യകാലങ്ങളിൽ കരയോഗത്തിൽ ഏല്പിച്ചിട്ടുള്ള തുകകൾ വളരെ കുറവാണ് എൻഡോവ്മെന്റുകൾ ഏർപ്പെടുത്തിയിട്ടുള്ളവരോ അവരുടെ കുടുംബാംഗങ്ങളോ തങ്ങളുടെ പൂർവ്വികരുടെ പേരിലുള്ള എൻഡോവ്മെന്റ് തുക വർദ്ധിപ്പിച്ചാൽ നന്നായിരിക്കുമെന്ന് അഭ്യർത്ഥിക്കുന്നു.

**ചൈത്രം, കുടുംബക്ഷേമ കേന്ദ്രം**

ആത്മഹത്യാപ്രവണതക്കെതിരെയുള്ള ബോധവല്ക്കരണം എന്ന മഹത്തായ ലക്ഷ്യം ഏറ്റെടുത്തുകൊണ്ട്, കഴിഞ്ഞ 15 വർഷമായി മുടങ്ങാതെ പ്രവർത്തിക്കുന്ന ജീവകാരുണ്യ സേവന വിഭാഗമാണ് ചൈത്രം. പരിശീലനം ലഭിച്ച 23 വോളന്റിയർമാരുള്ള ചൈത്രം കുട്ടികളുടെ പരീക്ഷാഭയം, അമിതമായ ഉൽക്കണ്ഠ തുടങ്ങിയവയും മുതിർന്നവരുടെ

കുടുംബപ്രശ്നങ്ങൾ, ജീവിതനൈരാശ്യം തുടങ്ങി സാധാരണ മനുഷ്യർ നേരിടുന്ന എല്ലാ പ്രശ്നങ്ങളും കേട്ട് അവരെ സാന്ത്വനിപ്പിക്കുകയും, നേരിട്ടും ഫോൺ കോളുകളിലൂടെയുമായി 256 പേർക്ക് സേവനം നല്കുവാനും ചൈത്രത്തിന് കഴിഞ്ഞിട്ടുണ്ട്. കൂടാതെ 41 ഫാമിലി കൗൺസിലിങ്ങും ഒരു പ്രിമാരിറ്റൽ കൗൺസിലിങ്ങും നടത്തുകയുണ്ടായി. ഉദയകോളനിയിലെ കുട്ടികൾക്കും രക്ഷിതാക്കൾക്കും ആഴ്ചയിലൊരിക്കലും, YWCA അംഗങ്ങൾ, പൂത്തോട്ട ലോകോളേജ് വിദ്യാർത്ഥികൾ NSS വോളന്റിയേഴ്സ് എന്നിവർക്കും വിവിധ സ്കൂളിലുള്ള വിദ്യാർത്ഥികൾക്കും ചൈത്രത്തിന്റെ നേതൃത്വത്തിൽ മോട്ടിവേഷൻ ക്ലാസ്സുകൾ കഴിഞ്ഞവർഷം സംഘടിപ്പിക്കുകയുണ്ടായി. കൂടാതെ സെന്റ് കുര്യാക്കോസ്സ് കോളേജ് ഓഫ് മാനേജ്മെന്റ് ആന്റ് സയൻസ്, കുറുപ്പുംപടിയുമായി ചേർന്ന് പ്രവർത്തിക്കുവാൻ ഒരു ധാരണാപത്രം ഉണ്ടാക്കിയിട്ടുണ്ട്.

### പ്രശാന്തി ഹോം ഫോർ ദ് ഏജ്ഡ് & വനിതാ ഹോസ്റ്റൽ

2023-24 ൽ ഹോസ്റ്റലിന്റെയും ഓൾഡേജ് ഹോമിന്റെയും പ്രവർത്തനം ഭംഗിയായി നടത്തുവാൻ കഴിഞ്ഞിട്ടുണ്ട്. പ്രശാന്തി ഹോം ഫോർ ദ് ഏജ്ഡിൽ 2 അന്തേവാസികളും, വനിതാഹോസ്റ്റലിൽ പ്രതിമാസം ശരാശരി 31 കുട്ടികളും താമസിക്കുകയുണ്ടായിട്ടുണ്ട്. ഒരു വാർഡനുൾപ്പെടെ 8 ജീവനക്കാരാണ് ഇപ്പോൾ ഈ സ്ഥാപനത്തിൽ സേവനം അനുഷ്ഠിച്ചു വരുന്നത്. ഈ വർഷം 26,44,431/- രൂപ വരവും 24,23,990/- രൂപ ചിലവും വന്നിട്ടുണ്ട്.

### വിമൺസ് ഫോറം

കരയോഗത്തിലെ വനിതകൾ ഒത്തുകൂടി വിവിധ വിഷയങ്ങളിൽ ചർച്ചകൾ നടത്തുകയും, പ്രശസ്തരും പ്രഗത്ഭരുമായവരുടെ പ്രഭാഷണങ്ങൾ ശ്രവിക്കുകയും, തങ്ങളുടെ കലാപരമായ കഴിവുകൾ പരിപോഷിപ്പിക്കുകയും ചെയ്യുന്നു. കൂടാതെ എല്ലാ വർഷവും വനിതാദിനത്തോടനുബന്ധിച്ച് പൊതുരംഗത്ത് മാതൃകാപരമായി ജീവിതം നയിക്കുന്ന വനിതകളെ കണ്ടെത്തി അനുമോദിക്കുവാനും പ്രത്യേകം ശ്രദ്ധിക്കുന്നു.

2024 മാർച്ച് 11-ാം തീയതി 100-ാം യോഗത്തിന്റെ പരിപാടികൾ സമുചിതമായി ആഘോഷിച്ചു. വിമൺസ് ഫോറം എല്ലാ മാസവും രണ്ടാമത്തെ തിങ്കളാഴ്ച ഉച്ചയ്ക്ക് 3.00 ന് യോഗം ചേരുന്നു.

### ആദ്ധ്യാത്മിക പ്രവർത്തനങ്ങൾ

2023 മെയ് മാസം 3-ാം തീയതി മുതൽ മെയ് 9-ാം തീയതി വരെ വൈശാഖമാസാചരണത്തിന്റെ ഭാഗമായി കിളിപ്പാട്ട് ഭാഗവത പാരായണവും 2023 ജൂലൈ മാസം 17 -ാം തീയതി രാമായണമാസാചരണത്തോടനുബന്ധിച്ച് സമ്പൂർണ്ണ രാമായണ പാരായണവും 2023 ഒക്ടോബർ 15 മുതൽ 24 വരെ നവരാത്രിയോടനുബന്ധിച്ച് ദേവീഭാഗവത പാരായണവും, നവംബർ മാസം 17-ാം തീയതി മുതൽ 19-ാം തീയതി വരെ മണ്ഡലകാലത്തോടനുബന്ധിച്ച് രാവിലെ 7.30 മുതൽ ശ്രീമതിമാർ പി. പി. വത്സലയുടെയും ഇന്ദിരാഭായിയുടെയും നേതൃത്വത്തിൽ അയ്യപ്പഭാഗവത പാരായണവും, ഗുരുവായൂർ നാരായണീയ ദിനത്തോടനുബന്ധിച്ച് ഡിസംബർ 14-ാം തീയതി സമ്പൂർണ്ണ ശ്രീമദ് നാരായണീയ പാരായണവും, 2023 ഡിസംബർ 26-ാം തീയതി എറണാകുളം കരയോഗം ടി.ഡി. എം ഹാളിൽ തിരുവാതിര ആഘോഷത്തിന്റെ ഭാഗമായി മകയിരം നാളിൽ ആചാരാനുഷ്ഠാനങ്ങളോടെ തിരുവാതിര ആഘോഷവും നടത്തുകയുണ്ടായി.

ടി.ഡി.എം ഹാളിൽ എല്ലാ ബുധനാഴ്ചകളിലും ഉച്ചയ്ക്ക് 3 മണി മുതൽ 4.30 മണി വരെ ശ്രീമതി. പി. പി. വത്സലയുടെ നേതൃത്വത്തിൽ ദേവിഭാഗവത ക്ലാസ്സ് നടത്തി വരുന്നുണ്ട്.

2024 ഫെബ്രുവരി 18 മുതൽ 25 വരെ എറണാകുളം കരയോഗത്തിന്റെ 37-ാമത് ശ്രീമദ് ഭാഗവത സപ്താഹയഞ്ജം ആചാര്യൻ വിദ്യാവാചസ്പതി ജ്ഞാനഹംസം ബ്രഹ്മശ്രീ. കിഴക്കുമ്പാട്ട് വിനോദകുമാരശർമ്മയുടെ നേതൃത്വത്തിൽ നടത്തുകയുണ്ടായി.

കരയോഗത്തിന്റെ എല്ലാ ആദ്ധ്യാത്മിക - സത്സംഗങ്ങളിലും നേതൃത്വം നൽകിയ ശ്രീമതിമാർ പി. പി. വത്സല, ജെ. ഇന്ദിരാഭായി, ശ്രീ. എൻ.ടി. കാർത്തികേയൻ എന്നിവർക്കും ഈ പരിപാടികളിൽ പങ്കെടുത്ത സർവ്വർക്കും കൃതഞ്ജത രേഖപ്പെടുത്തുന്നു.

**സ്ഥാപക ദിനം**

2023 ഡിസംബർ മാസം 25-ാം തീയതി എറണാകുളം കരയോഗത്തിന്റെ 98-ാ മത് സ്ഥാപകദിനവും - കുടുംബസംഗമവും സമുചിതമായി ആഘോഷിച്ചു. തദവസരത്തിൽ കരയോഗാംഗങ്ങളും അവരുടെ കുടുംബാംഗങ്ങളും വിവിധ കലാപരിപാടികൾ അവതരിപ്പിക്കുകയുണ്ടായി. കുടുംബസംഗമത്തിൽ പങ്കെടുത്ത എല്ലാവരോടുമുള്ള നന്ദി ഇവിടെ രേഖപ്പെടുത്തുന്നു.

**വിഷു, ഓണം വിപണന മേള**

വർഷങ്ങളായി എറണാകുളം കരയോഗം വിഷു - ഓണം ഇവയോടനുബന്ധിച്ച് പത്തു ദിവസത്തിലധികം നീണ്ടു നില്ക്കുന്ന വിപണന മേളകൾ നടത്തി വരുന്നുണ്ട്. 2023 ഏപ്രിൽ 5 മുതൽ 14 വരെ വിഷു വിപണന മേളയും 2023 ആഗസ്റ്റ് 14 മുതൽ ആഗസ്റ്റ് 29 വരെ ഓണം വിപണന മേളയും നടത്തുകയുണ്ടായി. ഈ പ്രവർത്തനങ്ങളെല്ലാം മാംഗല്യട്രസ്റ്റിന്റെ നേതൃത്വത്തിലാണ് നടത്തിപോരുന്നത്.

**സാംസ്ക്കാരിക വിഭാഗം**

2023 ഓഗസ്റ്റ് 15-ാം തീയതി സ്വാതന്ത്ര്യ ദിനവും, 2024 ജനുവരി 26 -ന് റിപ്പബ്ലിക് ദിനവും ദേശഭക്തിയും ഭരണഘടനയോടുള്ള കൂറും വിശ്വാസവും ഉയർത്തിപ്പിടിച്ചുകൊണ്ട് രാജ്യത്തോടൊപ്പം നമ്മളും സമുചിതമായി ആഘോഷിച്ചു. ഈ ദിവസങ്ങളിൽ ദേശീയ പതാക ഉയർത്തി മധുര പലഹാരങ്ങൾ വിതരണം ചെയ്തു.

കഴിഞ്ഞ 11 വർഷമായി എറണാകുളം കരയോഗം ബാങ്ക് എംപ്ലോയിസ് ആർട്സ് മൂവ്മെന്റുമായി സഹകരിച്ച് പ്രശസ്തരും പ്രഗത്ഭരുമായ കലാകാരന്മാർ, കലാസമിതികൾ എന്നിവരുടെ പരിപാടികൾ ടി.ഡി. എം ഹാളിൽ അവതരിപ്പിച്ചു വരുന്നു.

2023-2024 ൽ കരയോഗത്തിന്റെ കലാ സാംസ്ക്കാരിക വിഭാഗം എല്ലാ മാസങ്ങളിലും മൂന്നാമത്തെ ഞായറാഴ്ച 4 മണി മുതൽ 6 മണിവരെ സിനിമ ഗാനങ്ങൾ കോർത്തിണക്കി അകായിലെ സംഗീതം നടത്തി വരുന്നു. കരയോഗം അംഗങ്ങളായ ഗായകരെ ഉൾപ്പെടുത്തിക്കൊണ്ട് 'ടിഡിഎം ഓർക്കസ്ട്ര' യ്ക്ക് രൂപം കൊടുത്ത് വിവിധ സ്ഥലങ്ങളിൽ പരിപാടികൾ നടത്തിവരുന്നു.

2024 ജനുവരി മുതൽ കലാസാംസ്ക്കാരിക വിഭാഗത്തിൻെറ ആഭിമുഖ്യത്തിൽ നൃത്തം, വയലിൻ ക്ലാസ്സുകൾ ആരംഭിച്ചിട്ടുണ്ട്. ഷിൽനാ ജിപ്സൺ, മഞ്ജുഷ ജെ.മേനോൻ (നൃത്തം), ടി.കെ. സദാനന്ദൻ (വയലിൻ), സുനിൽ കെ.വി (കരാട്ടെ)എന്നിവരാണ് യഥാക്രമം ക്ലാസ്സുകൾ എടുത്തു വരുന്നത്. അദ്ധ്യാപകരോടുള്ള നന്ദി പ്രത്യേകം രേഖപ്പെടുത്തുന്നു.

എറണാകുളം ഹെറിറ്റേജ് ഗ്രൂപ്പിൻെറ ആഭിമുഖ്യത്തിൽ ടി.ഡി.എം. ഹാളിൽ എല്ലാ മാസവും മൂന്നാമത്തെ ശനിയാഴ്ച 4 മണി മുതൽ 6 മണി വരെ കൊച്ചിയുടെ ചരിത്രം കൊച്ചിയിലെ പൈതൃകമന്ദിരങ്ങൾ, പിന്നാമ്പുറങ്ങൾ, കൊച്ചിയുടെ രാജഭരണകാലം, കൊച്ചിയുടെ കാണാപ്പുറങ്ങൾ, എന്നീ വിഷയങ്ങളെ അധികരിച്ച് പ്രമുഖ വ്യക്തികളെ പങ്കെടുപ്പിച്ച് ചർച്ചകളും, സെമിനാറുകളും. നടത്തി വരുന്നു.

സാഹിതിയോഗം എല്ലാ മാസവും നാലാമത്തെ ഞായറാഴ്ച വൈകുന്നേരം 3 മണി മുതൽ 6 മണിവരെ സാംസ്കാരിക പ്രവർത്തനങ്ങളുടെ ഭാഗമായി ഭാഷാസാഹിത്യം , നാടകം, നിരൂപണം തുടങ്ങി എല്ലാ വിഷയങ്ങളും ചർച്ച ചെയ്യപ്പെടുന്നു.

**നവരാത്രിയാഘോഷം**

2023ൽ എറണാകുളം കരയോഗത്തിന്റെ നവരാത്രി ആഘോഷത്തോടനുബന്ധിച്ച് 41 ഇനങ്ങളിലേക്ക് 1000 ൽ പരം അപേക്ഷകൾ സ്വീകരിച്ച്, നാലു വിഭാഗങ്ങളായി ഓഗസ്റ്റ് 6 മുതൽ ഒക്ടോബർ 8 വരെ വിവിധ ദിവസങ്ങളിൽ വിവിധ വേദികളിൽ വെച്ച് മത്സരങ്ങൾ നടത്തുകയുണ്ടായി. ഒക്ടോബർ 15 മുതൽ ഒക്ടോബർ 24 വരെ പത്തു ദിവസം നീണ്ടു നിന്ന നവരാത്രി ആഘോഷം വിവിധ കലാപരിപാടികളോടെ സമുചിതമായി ആഘോഷിക്കപ്പെട്ടു. നവരാത്രിയുടെ സമാപന ദിവസം 5.00 മണിക്ക് കൂടിയ പൊതുസമ്മേളനത്തിൽ വെച്ച് നവരാത്രി ആഘോഷ മത്സരങ്ങളിൽ വിജയികളായ 328 കുട്ടികൾക്ക് സമ്മാനങ്ങളും, പാരിതോഷികങ്ങളും നല്കി അനുമോദിച്ചു. നവരാത്രി ആഘോഷമത്സരങ്ങളിലെ വിധികർത്താക്കൾക്കും നവരാത്രി ആഘോഷങ്ങളിൽ പങ്കെടുത്ത എല്ലാവർക്കും പ്രത്യേകം നന്ദി രേഖപ്പെടുത്തുന്നു.

**അനുമോദനങ്ങൾ**

2023 നവരാത്രി ആഘോഷത്തിന്റെ സമാപന ചടങ്ങിൽ വെച്ച് എറണാകുളം കരയോഗത്തിൽ അംഗത്വമെടുത്തിട്ട് 50 വർഷം പൂർത്തിയാക്കിയ താഴെ പറയുന്ന മുതിർന്ന അംഗങ്ങൾ അനുമോദനത്തിന് അർഹരായി.

ശ്രീ. രാജഗോപാൽ ഉപ്പാലി (എൽ/0553), രഞ്ജിനി, ശിവരാമൻ നായർ കോളനി, ചിറ്റൂർ റോഡ്, കൊച്ചി – 682011, ശ്രീ. ആലപ്പാട്ട് മുരളീധരൻ (എൽ/0567), ബാബു കോട്ടേജ്, ആലപ്പാട്ട് ക്രോസ്സ് റോഡ്, രവിപുരം, കൊച്ചി – 682016, ശ്രീ. നെടിയം വീട്ടിൽ ശങ്കരമേനോൻ (എൽ/0596), സുധർമ്മ, 64/589, ചിറ്റൂർ റോഡ്, കൊച്ചി – 682011, ശ്രീ. കണിശ്ശേരിൽ ബാലകൃഷ്ണൻ (എൽ/0600), കണിശ്ശേരിൽ ഹൗസ്സ്, 31/740, വി.വി.എം.ആർ.ആർ.എ–57, വടുതല, കൊച്ചി – 682023.

വിദ്യാഭ്യാസ രംഗത്ത് പ്രശസ്ത വിജയം നേടിയ കരയോഗം അംഗങ്ങളുടെ കുട്ടികളേയും ഈ വേദിയിൽ വെച്ച് അഭിനന്ദിക്കുകയുണ്ടായി. സമർത്ഥരായ ആ വിദ്യാർത്ഥികളുടെ പേരുവിവരങ്ങൾ താഴെ കൊടുക്കുന്നു.

**മീര. പി. ആർ.**

സിവിൽസർവ്വീസ് പരീക്ഷയിൽ ഐ പി എസ് നേടിയ മീര കരയോഗാംഗമായ ശ്രീ. എസ്. രാജ്കുമാർ (എൽ/5744), ശ്രീമതി. അനിത, കൗസ്തുഭം, കണ്ണൻതോടത്ത് റോഡ്, ഇടപ്പള്ളി എന്നിവരുടെ മകളാണ്. മീരക്ക് എറണാകുളം കരയോഗത്തിൻെറ അഭിനന്ദനങ്ങൾ.

**യദുകൃഷ്ണൻ. കെ. എ.**

വിശ്വേശരയ്യ യൂണിവേഴ്സിറ്റിയിൽ നിന്നും ബീആർക്കിന് ഫസ്റ്റ് ക്ലാസ്സും, ഡിസ്റ്റിംങ്ഷനും ലഭിച്ച യദുകൃഷ്ണൻ കരയോഗാംഗമായ ശ്രീമതി ദീപ. കെ.കെ. (എൽ/ 4500), നികത്തിൽ ഹൗസ്, പള്ളിയിൽ ലെയിൻ, എറണാകുളം അവർകളുടെ മകനാണ്. യദുകൃഷ്ണന് എറണാകുളം കരയോഗത്തിൻെറ അഭിനന്ദനങ്ങൾ.

**കാർത്തിക് . എ.കെ.**

സിബിഎസ്.സി. പന്ത്രണ്ടാം ക്ലാസ്സ് പരീക്ഷയിൽ ഫുൾ A1 (96.8%) മാർക്ക് ലഭിച്ച കാർത്തിക് കരയോഗാംഗമായ ശ്രീ. എസ്. ശ്രീകുമാർ (എൽ/3071), ശിവസ്മരണ, ശിവരാമൻ നായർ കോളനി, ചിറ്റൂർ റോഡ്, എറണാകുളം അവർകളുടെ കൊച്ചുമകനാണ്. കാർത്തിക്കിന് എറണാകുളം കരയോഗത്തിൻെറ അഭിനന്ദനങ്ങൾ.

**ശ്രീപാർവ്വതി എം. മേനോൻ**

കേരളാ സ്റ്റേറ്റ് പന്ത്രണ്ടാം ക്ലാസ്സ് പരീക്ഷയിൽ ഫുൾ A+ (97.1% ) ലഭിച്ച കുമാരി ശ്രീപാർവ്വതി, കരയോഗാംഗമായ ശ്രീ. മോഹൻകുമാർ (എൽ/4667), ഇന്ദുമോഹൻ, കാർത്തിക, കൃഷ്ണ ബിൽഡിംങ്, എസ്.ആർ. എം. റോഡ്, കൊച്ചി എന്നിവരുടെ മകളാണ്. ശ്രീപാർവ്വതിക്ക് എറണാകുളം കരയോഗത്തിൻെറ അഭിനന്ദനങ്ങൾ

**അനഘ ഉണ്ണികൃഷ്ണൻ**

സി ബി എസ്. സി. പത്താം ക്ലാസ്സ് പരീക്ഷയിൽ 95% ലഭിച്ച അനഘ, കരയോഗാംഗമായ ശ്രീമതി. സുജാത നായർ (എൽ/5609), ഉണ്ണികൃഷ്ണൻ കണ്ണൻതോടത്ത്, ഇടപ്പള്ളി, എന്നിവരുടെ മകളാണ്. അനഘയ്ക്ക് എറണാകുളം കരയോഗത്തിൻെറ അഭിനന്ദനങ്ങൾ.

**കരയോഗസൗഹൃദം/ഓൺലൈൻ**

കരയോഗ സൗഹൃദം കരയോഗത്തിന്റെ നിയമങ്ങൾക്ക് വിധേയമായി അംഗങ്ങൾക്ക് എല്ലാ മാസവും 10-ാം തീയതി പോസ്റ്റ് ചെയ്തുവരുന്നു. സനാതനധർമ്മാടിസ്ഥാനത്തിലുള്ള വിഷയങ്ങൾക്കു മുൻതൂക്കം നല്കി കൊണ്ട് നമ്മുടെ സാംസ്ക്കാരിക മഹിമയെ ഉയർത്തിപിടിക്കുവാൻ ആവോളം ശ്രമിക്കുന്നുണ്ട്. കൂടാതെ കരയോഗ സൗഹൃദം അംഗങ്ങൾക്ക് എറണാകുളം കരയോഗത്തിന്റെ വെബ്സൈറ്റിൽ ഓൺലൈനിലും വായിക്കുവാൻ സൗകര്യമുണ്ട്. 2023-24 ൽ ടി. ഇനത്തിൽ 64,471/- രൂപ വരവും 638,186/- രൂപ ചിലവും വന്നിട്ടുണ്ട്.

**പരിസ്ഥിതി അവാർഡ്**

'എറണാകുളം കരയോഗം പി.എസ്. ഗോപിനാഥൻ നായർ പരിസ്ഥിതി അവാർഡ് കേരളത്തിലെ ഭൂമി, ജലം, വായു, ശബ്ദ മലിനീകരണം, പരിസ്ഥിതി സംരക്ഷണം, വന സംരക്ഷണം എന്നീ മേഖലകളിൽ നിസ്വാർത്ഥ സേവനം അർപ്പിക്കുന്നവർ, പരിസ്ഥിതി നാശത്തിന് പരിഹാരം കണ്ടെത്താൻ സഹായിക്കുന്നവർ തുടങ്ങിയവരിൽ നിന്നും തിരഞ്ഞെടുക്കുന്ന വ്യക്തിക്കോ, സ്ഥാപനത്തിനോ ആണ് നൽകി വരുന്നത്. എല്ലാവർഷവും ഭൗമദിനത്തിലാണ് 15,001 രൂപയും, പ്രശസ്തിപത്രവും, ഫലകവുമടങ്ങുന്ന ഈ അവാർഡ് നൽകുന്നത്.

സാമൂഹ്യപ്രതിബദ്ധതയുള്ള, പരിസ്ഥിതി സംരക്ഷണത്തിനും ദുരന്തനിവാരണഗവേഷണ രംഗത്തുള്ള പ്രവർത്തനങ്ങളേയും കണക്കിലെടുത്ത് ഡോ. സി.ജി. മധുസൂദനന് ആണ് ഈ വർഷത്തെ എറണാകുളം കരയോഗം പി.എസ്. ഗോപിനാഥൻ നായർ പരിസ്ഥിതി അവാർഡ് നൽകിയത്.

2023 ഏപ്രിൽ 22ന് ഭൗമദിനത്തിൽ ബഹു: ജസ്റ്റീസ് കെ.രാമകൃഷ്ണൻ (റിട്ട) (കേരള ഹൈക്കോടതി) ആണ് ഓൺ ലൈനായി സമ്മേളനം ഉദ്ഘാടനം നിർവ്വഹിച്ചത്.

**എൽഡർ സിറ്റിസൺസ് ഫോറം.**

എറണാകുളം കരയോഗം എൽഡർ സിറ്റിസൺസ് ഫോറം. സമകാലിക പ്രശ്നങ്ങൾ, ആരോഗ്യപരവും ആത്മീയവുമായ വിഷയങ്ങൾ, സാഹിത്യസാംസ്കാരിക വിഷയങ്ങൾ എന്നിവയെ അധികരിച്ചുള്ള ചർച്ചകൾ എല്ലാ വ്യാഴാഴ്ചയും 4.00 മണി മുതൽ 6.00 മണി വരെ കൂടുന്ന യോഗങ്ങളിൽ നടത്താറുണ്ട്. 2023-24 ൽ 48 മീറ്റിങ്ങുകൾ നടത്തി, 25-ാമത് വാർഷികാഘോഷം 07-07-2023 ൽ നടത്തുകയുണ്ടായി. കരയോഗത്തിലെ മുതിർന്ന എല്ലാ അംഗങ്ങളോടും ECF യോഗങ്ങളിൽ പങ്കെടുക്കാവാൻ അഭ്യർത്ഥിക്കുന്നു.

**മാംഗല്യം-എറണാകുളം കരയോഗത്തിൻെറ മാട്രിമോണിയൽ ഡേറ്റാ ബാങ്ക്**

മാംഗല്യത്തിൽ രജിസ്ട്രേഷൻ ഓൺലൈനായി ചെയ്യാവുന്നതാണ്. 1200 രൂപയാണ് രജിസ്ട്രേഷൻ ഫീസായി ഈടാക്കുന്നത്. മറ്റു സേവനങ്ങൾ ആവശ്യമെങ്കിൽ കരയോഗം നിശ്ചയിച്ചിട്ടുള്ള ചാർജ്ജുകൾ നല്കിയാൽ മതിയാവുന്നതാണ്. മാംഗല്യത്തിന്റെ സേവനങ്ങൾ

www.karayogammangalyam.com എന്ന വെബ് സൈറ്റിൽ ലഭ്യമാക്കിയിട്ടുണ്ട്. 2023 - 24 ൽ ഈ ഇനത്തിൽ വരവ് 5,68,936/- രൂപയും ചിലവ് 2,72,403/- രൂപയും ആണ്.

**വിവിധ കേസുകൾ**

പരേതരായ എ.ഡി. കൃഷ്ണനാശാൻ, പി. ജയശങ്കർ എന്നിവർക്കതിരെ എറണാകുളം കരയോഗം കൈക്കൊണ്ട ശിക്ഷാനടപടികളെ ചോദ്യം ചെയ്ത് അവർ ബഹു. കേരള ഹൈക്കോടതിയിൽ നൽകിയ കേസ്സ് RSA. No.1244/2008 ബഹു. ഹൈക്കോടതിയുടെ പരിഗണനയിൽ ആണ്.

കരയോഗ അംഗത്വത്തിൽ നിന്നും നീക്കം ചെയ്യപ്പെട്ട കെ.വി. തമ്പി എറണാകുളം കരയോഗത്തിനെതിരെ ബഹുമാനപ്പെട്ട കേരള ഹൈക്കോടതിയിൽ ഫയൽ ചെയ്ത RSA 986/18-ാം നമ്പർ സെക്കന്റ് അപ്പീൽ കോടതിയുടെ പരിഗണനയിലാണ്.

2020 ഒക്ടോബർ 15ന് എം.എസ്.അരവിന്ദൻ, സവിധം, ചിലവന്നൂർ റോഡ്, കടവന്ത്ര, കൊച്ചി-20, തന്റെ മകളുടെ വിവാഹത്തിനു വേണ്ടി ഹാൾ ബുക്കിങ്ങുമായി ബന്ധപ്പെട്ട DCDRC യിൽ കൊടുത്ത കേസ്സ് നടപ്പുവർഷം തുടരുകയായിരുന്നു. - എന്നാൽ ടി കേസ്സ് 16-4-2024ൽ തെളിവ് എടുക്കുകയും വിശദമായി വാദം കേൾക്കുകയും ചെയ്തശേഷം ടിയാൻ കരയോഗം അംഗമായിരുന്നതിനാൽ കരയോഗത്തിന്റെ നിയമങ്ങളും ചട്ടങ്ങളും അനുസരിക്കുവാൻ ബാദ്ധ്യസ്ഥനാണ് എന്ന് പ്രസ്താവിച്ച് ടിയാന്റെ ഹർജി തള്ളിക്കൊണ്ട് കരയോഗത്തിന് അനുകൂലമായി ഉത്തരവ് ആയ വിവരം സന്തോഷപൂർവ്വം അറിയിച്ചുകൊള്ളുന്നു

കരയോഗത്തിന് എതിരെ സർവ്വീസ് ടാക്സ് ട്രൈബ്യൂണലിൽ (CESTAT) നിലനിന്നിരുന്ന 3 കേസുകൾ ഈ വർഷം കരയോഗത്തിന് അനുകൂലമായി ഡിപ്പാർട്ട്മെന്റ് തീർപ്പാക്കി. കൂടാതെ 2010-2011 മുതൽ 2017 ജൂൺ വരെ സർവ്വീസ് ടാക്സ് നല്കണമെന്ന് ആവശ്യപ്പെട്ട് നൽകിയിരുന്ന show cause notice കൾ , 15-3-2024 ലെ Addl. Commissioner (Central Tax & Central Excise) നിൽ നിന്ന് ലഭിച്ച ഉത്തരവ് പ്രകാരം പ്രസ്തുത show cause notice ന് മേലുള്ള എല്ലാ നടപടികളും അവസാനിപ്പിച്ചുഎന്നുള്ള വിവരം സന്തോഷപൂർവ്വം അറിയിച്ചുകൊള്ളുന്നു.

2016 മുതൽ 2023 വരെയുള്ള കാലത്തേ കോർപ്പറേഷൻ ടാക്സ് ഇനത്തിൽ 11,59,160 രൂപ കുടിശ്ശിക നല്കണം എന്ന് ആവശ്യപ്പെട്ട് കൊണ്ട് കോർപ്പറേഷനിൽ നിന്നും ലഭിച്ച നോട്ടീസിന് 13-4-23ൽ ബഹു: കേരളഹൈക്കോടതിയിൽ നിന്ന് സ്റ്റേ ഉത്തരവ് കരയോഗത്തിന് അനുകൂലമായി ലഭിച്ചിട്ടുണ്ട്. 1992ന് ശേഷം 2016ൽ ആണ് ടാക്സ് റിവിഷൻ വന്നിട്ടുള്ളത്. നിലവിൽ 1992 നേക്കാൾ 5 ഇരട്ടിയിലധികം ടാക്സ് വർദ്ധനവാണ് Non residencial ബിൽഡിങ്ങുകൾക്കു വന്നിട്ടുള്ളത് എന്ന് പൊതുയോഗത്തിന്റെ ശ്രദ്ധയിൽപ്പെടുത്തുന്നു.

കരയോഗത്തിനുവേണ്ടി വിവിധ കോടതികളിൽ കേസ്സുകൾ കൈകാര്യം ചെയ്യുന്ന സീനിയർ അഡ്വ. പി. വിശ്വനാഥൻ, അഡ്വ.സി.ആർ. ശ്യാംകുമാർ, അഡ്വ. അജിത്ത് വിശ്വനാഥൻ, എന്നിവരോടൊപ്പം കരയോഗത്തിൻെറ നിയമ ഉപദേശക സമിതിയിലെ എല്ലാ അഭിഭാഷകരോടുമുള്ള കൃതജ്ഞതയും നന്ദിയും പ്രത്യേകം രേഖപ്പെടുത്തുന്നു.

**ആഡിറ്റർ**

2023 ജൂൺ മാസം 26-ന് കൂടിയ വാർഷിക പൊതുയോഗത്തിൽ 2023-24 സാമ്പത്തിക വർഷത്തെ ആഡിറ്ററായി ശ്രീ. വേണുഗോപാൽ സി. മേനോൻ, വേണുഗോപാൽ ആന്റ് കമ്പനി, സെയ്ത് മുഹമ്മദ് കോംപ്ലക്സ്, അഡ്വ. ഈശ്വര അയ്യർ റോഡ്, എറണാകുളം - 682032, ഫോൺ 0484-2368299 ആണ് തിരഞ്ഞെടുത്തത്.

**എറണാകുളം കരയോഗം ടെമ്പിൾ ട്രസ്റ്റ്**

**തൃക്കടക്കാപ്പിള്ളി ശ്രീദുർഗ്ഗാഭഗവതി ക്ഷേത്രവും കരയോഗം ശ്രീവിഘ്നേശ്വര ക്ഷേത്രവും**

തൃക്കടക്കാപ്പിള്ളി ശ്രീദുർഗ്ഗാഭഗവതിക്ഷേത്ര

ത്തിന്റെ പ്രവർത്തനങ്ങൾ സുഗമമായി നടത്തുവാൻ സാധിച്ചിട്ടുണ്ട്. 2023 ലെ പ്രതിഷ്ഠാദിനം മാർച്ച്15-ാം തീയതി ആചാരപൂർവ്വം ആഘോഷിച്ചു.

കരയോഗം വിഘ്നേശ്വര ക്ഷേത്രത്തിൽ എല്ലാ ദിവസവും രാവിലെ 6 മണിക്ക് നടതുറന്ന് നിർമ്മാല്യം, അഭിഷേകം, ശർക്കര, മലർ നിവേദ്യം എന്നീ ചടങ്ങുകൾക്കു ശേഷം 11 മണിക്ക് നട അടയ്ക്കുന്നു. വൈകുന്നേരം 4.30ന് നട തുറക്കുന്നു. കരയോഗം വിഘ്നേശ്വരക്ഷേത്ര പ്രതിഷ്ഠാ ദിനമായ മെയ് 3 ന് വിശേഷാൽ പൂജയും ഗണപതിഹോമവും, കൂടാതെ ഡിസംബർ 25ന് കരയോഗം സ്ഥാപകദിനത്തിൽ കലശവും പ്രത്യേക പൂജകളും നടത്തി.

ഈ രണ്ട് ക്ഷേത്രങ്ങളിലും കൂടി ഈ വർഷം 3,60,498 രൂപ വരവും 3,50,407 രൂപ ചിലവും വന്നിട്ടുണ്ട്.

**കരയോഗം മാംഗല്യ ട്രസ്റ്റ്**

2023-24 വർഷം 72 വിവാഹങ്ങൾ, 36 വിവാഹ നിശ്ചയങ്ങൾ, 16 റിസപ്ഷൻ, 22 പിറന്നാൾ 38 മീറ്റിങ്ങ് തുടങ്ങി 184 പരിപാടികൾക്കുള്ള സൽക്കാരങ്ങളാണ് ടിഡിഎം ഹാളിൽ ട്രസ്റ്റിൻെറ ആഭിമുഖ്യത്തിൽ നടത്തിയത്. നല്ല കൂട്ടാൻ കടയുടേതുൾപ്പെടെ എറണാകുളം കരയോഗം മാംഗല്യ ട്രസ്റ്റിൻെറ ഈ വർഷത്തെ മൊത്ത വരുമാനം 5,57,27,248/- രൂപയാണ്. ഇതിൽ ആയുഷ്യം ഫാർമസിയിൽ നിന്നുള്ള വരുമാനം 1,09,52,831/- രൂപയുമാണ്. ട്രസ്റ്റിന്റെ തേയ്മാന ചിലവ് കൂടാതെയുള്ള അധികചിലവ് 9,92,774/- രൂപ ആണ്.

**നല്ല കൂട്ടാൻ കട**

എറണാകുളം കരയോഗം മാംഗല്യ ട്രസ്റ്റ് നല്ല കൂട്ടാൻ കട എല്ലാ ദിവസവും കൂട്ടാനുകൾ, പ്രഥമനുകൾ, ഉപ്പേരികൾ, പലഹാരങ്ങൾ തുടങ്ങി വിവിധ ഭക്ഷണപദാർത്ഥങ്ങൾ ആവശ്യക്കാർക്ക് നൽകുക എന്ന ലക്ഷ്യത്തോടെ ടി.ഡി.എം. ഹാൾ കോംപ്ലക്സിൽ പ്രവർത്തിച്ചു വരുന്നു.

2023 - 2024 ൽ 1,01,76,103/- രൂപ വരവും 85,68,553/- രൂപ ചിലവും വന്നിട്ടുണ്ട്.

**ഫാർമസി**

കരയോഗം അംഗങ്ങളുടെയും പൊതുജനങ്ങളുടെയും സൗകര്യാർത്ഥം കരയോഗം മാംഗല്യട്രസ്റ്റിന്റെ കീഴിൽ നടത്തിവരുന്ന ആയുഷ്യം മെഡിക്കൽസ് കഴിഞ്ഞ സാമ്പത്തിക വർഷവും നല്ല രീതിയിലുള്ള പ്രവർത്തനമാനണ് കാഴ്ചവച്ചിട്ടുള്ളത്.

**എറണാകുളം കരയോഗം ചാരിറ്റബിൾ ട്രസ്റ്റ്**

എല്ലാ രണ്ടാം ശനിയാഴ്ചയും ട്രസ്റ്റ് യോഗങ്ങൾ കൂടിവരുന്നു. 2023-24 ൽ ട്രസ്റ്റിൻെറ 13 സാധാരണ യോഗങ്ങൾ നടന്നു. ട്രസ്റ്റിന്റെ കീഴിലുള്ള ശ്രീ രുദ്രവിലാസം എൽ.പി.സ്കൂളിൽ ഈ അദ്ധ്യയന വർഷം 93 വിദ്യാർത്ഥികളും , നേഴ്സറിവിഭാഗത്തിൽ 21 കുട്ടികളും ഉൾപ്പെടെ ആകെ 114 വിദ്യാർത്ഥികൾ ഉണ്ട്. 2 സ്ഥിര അദ്ധ്യാപകരും ദിവസ വേതന അടിസ്ഥാനത്തിൽ നിയമിച്ചിട്ടുള്ള 5 അദ്ധ്യാപകരും 1 നേഴ്സറി ടീച്ചറും ഉൾപ്പടെ ആകെ 8 അദ്ധ്യാപകരാണ് ഇപ്പോൾ സ്കൂളിൽ ഉള്ളത്. സ്കൂളിന്റെ പ്രവർത്തനം നന്നായി നടക്കുന്നുണ്ട് എന്ന് അറിയിക്കുവാൻ സന്തോഷമുണ്ട്.

സ്ക്കൂളിൽ ഇതരസംസ്ഥാന വിദ്യാർത്ഥികൾക്കായുള്ള സമ്മർ ക്യാമ്പ്, പ്രവേശനോത്സവം, പരിസ്ഥിതി ദിനം, വായനാദിനം, യോഗാദിനം, ബഷീർദിനം, കേരളപിറവി, ശിശുദിനം, ക്രിസ്തുമസ്സ്, ന്യൂ ഇയർ എന്നീ വിശേഷദിവസങ്ങൾ സമുചിതമായി ആഘോഷിച്ചു. ചില എൻ.ജി.ഓ കളുടെ സഹകരണത്തോടെ സ്പോക്കൺ ഇംഗ്ലീഷ് കോഴ്സുകൾ, രക്ഷകർത്താക്കൾക്ക് ബോധവത്കരണ ക്ലാസ്സുകൾ, ദന്ത ആരോഗ്യ സംരക്ഷണം എന്നിവയും നടത്തുകയുണ്ടായി.

ട്രസ്റ്റിന് 2024 മാർച്ച് 31ന് എഫ് ഡി ഇനത്തിൽ 12,23,960/- രൂപയും എസ്ബി അക്കൗണ്ടിൽ 36,502/- രൂപയും ഉണ്ട് എന്ന് അറിയിക്കുന്നു.

### സാമ്പത്തിക അവലോകനം

എറണാകുളം കരയോഗത്തിന്റെ ഈ വർഷത്തെ മൊത്തവരുമാനം 316.18 ലക്ഷം രൂപയാണ്. മുൻവർഷത്തെ അപേക്ഷിച്ച് 17.29 ലക്ഷം രൂപയുടെ അധിക വരുമാനം ഉണ്ടായിട്ടുണ്ട്. പലിശയും തേയ്മാന കുറവിനും മുൻപുള്ള മൊത്ത ചിലവ് 261.85 ലക്ഷം രൂപയാണ്. ഇത് കഴിഞ്ഞ സാമ്പത്തിക വർഷം 147.13 ലക്ഷം രൂപയായിരുന്നു. പലിശയിനത്തിൽ 109.64 ലക്ഷം രൂപയാണ് ചിലവായത്. ഇതിൽ 48.01 ലക്ഷം രൂപ അംഗങ്ങൾക്ക് പലിശ കൊടുത്തതാണ്. കൂടാതെ കഴിഞ്ഞ വർഷം കാലാവധി തികഞ്ഞ ബോണ്ടുകളുടെ പലിശയായി 29.21 ലക്ഷം കൊടുത്തു തീർത്തു. Bank loan ന്റെറ പലിശയായി കൊടുത്തത് 32.41 ലക്ഷം രൂപ ആണ്. കൂടാതെ മെമ്പേഴ്സ് ഡിപ്പോസിററ് ഇനത്തിൽ 81.22 ലക്ഷം രൂപ അധികമായി കിട്ടിയിട്ടുണ്ട്. തേയ്മാനചിലവിനു മുമ്പുള്ള ഈ വർഷത്തെ അധികചിലവ് 56.35 ലക്ഷം രൂപയാണ്.

എറണാകുളം കരയോഗം വിവിധ പദ്ധതികൾക്കായി അംഗങ്ങളുടെ കൈയ്യിൽ നിന്നും 757.62 ലക്ഷം രൂപ നാളിതുവരെ സ്വരൂപിച്ചിട്ടുണ്ട്. ഈ വർഷം ഡെപ്പോസിറ്റുകൾ തിരികെ ആവശ്യപ്പെട്ടവർക്കെല്ലാം കാലതാമസം വരുത്താതെ വ്യവസ്ഥകൾക്ക് വിധേയമായി തിരികെ നല്കുവാൻ കഴിഞ്ഞു എന്നത് പ്രത്യേകം പ്രസ്താവ്യമാണ്. കൂടാതെ 42 ഉം, 66 ഉം മാസത്തെ ബോണ്ട് സ്കീമിന്റെ 99.27 ലക്ഷം രൂപ (പലിശയുൾപ്പെടെ) തിരികെ നല്കുവാൻ കഴിഞ്ഞിട്ടുണ്ട്. ബോണ്ടും, വിവിധ ലോണുകളും ഉൾപ്പെടെ ആകെ 757.62 ലക്ഷം രൂപയാണ് അംഗങ്ങൾക്ക് തിരിച്ച് നല്കുവാനുള്ളത്. മുൻ പൊതുയോഗ തീരുമാനപ്രകാരം സോളാ ർ പാനൽ സ്ഥാപിക്കാനും, പമ്പഹാൾ നവീകരണത്തിനും വേണ്ടി ഫെഡറൽ ബാ ങ്കിൽ നിന്നും 290 ലക്ഷം രൂപ കടം എടുത്തു. കൂടാതെ 75.00 ലക്ഷം രൂപ ഓവർഡ്രാഫ്റ്റായും അനുവദിച്ചു കിട്ടി. എന്നാൽ ഈ വർഷം OD ഉപയോഗിച്ചത് 26.52 ലക്ഷം രൂപയാണ് . കഴിഞ്ഞ വർഷത്തെ ബാങ്ക് ലോൺ മുഴുവനായും തിരിച്ചടച്ചു.

എറണാകുളം കരയോഗത്തിന്റെ സാമ്പത്തിക നിർവ്വഹണം വളരെ കൃത്യമായി, സാമ്പത്തിക അച്ചടക്കം പാലിച്ചുകൊണ്ടും എന്നാൽ ദൈനംദിന പ്രവർത്തനങ്ങളും, മരാമത്തുപണികളും, പുതിയ പദ്ധതികളും കൃത്യമായി ആസൂത്രണം ചെയ്ത് ഭംഗിയായി നടത്തിവരുന്നു എന്നു പറയുന്നതിൽ ചാരിതാർത്ഥ്യമുണ്ട്.

ഈ വർഷം കരയോഗത്തിന്റെ മൊത്തം ചിലവ് (തേയ്മാനചിലവ് കൂടാതെ) 372.54 ലക്ഷം രൂപയാണ്. ആയതിൽ 60.60 ലക്ഷം ചിലവഴിച്ചത് വൈദ്യുതി, ജലം, സെക്യൂരിറ്റി, ക്ലീനിംഗ്, ടാക്സ് ആദിയായ അത്യാവശ്യ കാര്യങ്ങൾക്കാണ്. എന്നത് അംഗങ്ങളുടെ ശ്രദ്ധയിൽ പെടുത്തുന്നു.

ഇതിൽ 57.78 ലക്ഷം രൂപയുടെ renovation ചിലവ് കഴിഞ്ഞവർഷത്തെ ക്യാപിറ്റൽ ബഡ്ജറ്റിൽ ഉൾപ്പെടുത്തിയിരുന്നതാണ്. അതിന്റെ വർ ക്കിന്റെ സ്വഭാവം കണക്കാക്കിയാണ്. revenue expecnce ആയി കണക്കാക്കിയത്. കഴിഞ്ഞ അഞ്ച് വർഷം ചെയ്യാതിരുന്ന painting work ഈ വർഷം ചെയ്തു തീർക്കാൻ സാധിച്ചു. ആയതിലേയ്ക്ക് 19.59 ലക്ഷം രൂപ ചിലവായത് ഇതിൽപ്പെടുന്നു. അതു കൂടാതെ പലിശയിനത്തിൽ ചിലവായ 109.65 ലക്ഷം രൂപയും ശമ്പളയിനത്തിൽ ചിലവായ 43.32 ലക്ഷം രൂപയും. റിപ്പയർ ഇനത്തിൽ ചിലവായ (റിനവേഷൻ ഉൾപ്പെടെ) 112.94 ലക്ഷം രൂപയും മാറ്റി നിർത്തിയാൽ കരയോഗത്തിന്റെ ചിലവ് 106.63 ലക്ഷം രൂപയാണ്. ഇതിൽ 18.60 ചാരി റ്റി ഇനത്തിലുള്ള ചിലവാണ് എന്ന് പ്രത്യേകം കുറിക്കട്ടെ. ഇത് മാറ്റി നിർത്തിയാൽ കരയോഗത്തിന്റെ നടത്തിപ്പു ചിലവ് 88.03 ലക്ഷം രൂപ മാത്രമാണ് എന്ന് പ്രത്യേകം കുറിക്കട്ടെ.

**ഉപസംഹാരം**

പ്രിയ കരയോഗാംഗങ്ങളെ,

ഈ ഭരണസമിതി റിപ്പോർട്ടിൽ കരയോഗത്തിന്റെ പ്രവർത്തനം സംക്ഷിപ്തമായി അവതരിപ്പിച്ചിട്ടുണ്ട്. എന്നാൽ ചില പൊതുവായ കാര്യങ്ങൾ അംഗങ്ങളുടെ പ്രത്യേക ശ്രദ്ധയിൽ കൊണ്ടുവരുന്നതിനും പൊതുയോഗത്തിന്റെ നിർദ്ദേശങ്ങൾക്കും തീരുമാനങ്ങൾക്കും ആയി ഇവിടെ അംഗങ്ങളുടെ മുമ്പിൽ സമർപ്പിക്കുന്നു.

എറണാകുളം കരയോഗം അംഗങ്ങൾക്കും പൊതുജനങ്ങൾക്കുമായി വിവിധ കലാസാംസ്ക്കാരിക, ആദ്ധ്യാത്മിക പരിപാടികൾ ടിഡിഎം ഹാളിൽ മുടക്കം കൂടാതെ നടത്തിവരുന്നുണ്ട്. കഴിഞ്ഞ വർഷം 184 ൽ കൂടുതൽ ദിവസങ്ങളിൽ വിവിധ പരിപാടികൾ അവതരിപ്പിക്കുകയുണ്ടായി. തുടർ വർഷങ്ങളിലെങ്കിലും എറണാകുളം കരയോഗം നടത്തുന്ന പരിപാടികളിൽ അംഗങ്ങളുടെ സാന്നിധ്യം ഉറപ്പുവരുത്തണം. കരയോഗത്തിന്റെ വിവിധ ഹാളുകൾ, രാധേയം ഗസ്റ്റ് ഹൗസ്, ആയുഷ്യം മെഡിക്കൽസ്, ആയുഷ്യം പോളീക്ലിനിക് തുടങ്ങി എല്ലാ സേവന മേഖലകളും കരയോഗാംഗങ്ങൾ ഉപയോഗപ്പെടുത്തണം എന്ന് ഒരിക്കൽ കൂടി വിനീതമായി അഭ്യർത്ഥിക്കുന്നു.

2023 ലെ 98-ാമത് വാർഷിക പൊതുയോഗം അംഗീകരിച്ച ക്യാപ്പിറ്റൽ ബഡ്ജറ്റിൽ സൂചിപ്പിച്ചിട്ടുള്ള സൗരോർജ്ജ പദ്ധതിക്കുവേണ്ടി ടി.ഡി.എം ഹാളിലെ മേൽക്കൂരയിൽ പാനലുകൾ സ്ഥാപിക്കുന്നതിന് ആവശ്യമായ ബലപ്പെടുത്തൽ ജോലികൾ പൂർത്തിയാക്കി 2023 സെപ്തംബർ 25ന് ബഹു: നിയമ വ്യവസായം, കയർ മന്ത്രി പി.രാജീവ് സ്വിച്ച് ഓൺ കർമ്മം നിർവ്വഹിച്ചു. 160 kwp പുതിയ plant ഉം നിലവിലുള്ള 25 kwp പ്ലാന്റും ഉൾപ്പെടെ 185 kwp സൗരോർജ്ജ പദ്ധതിയാണ് പൂർത്തിയാക്കിയിട്ടുള്ളത്. ആയതിന് 77,87,480 രൂപ ചിലവ് വന്നിട്ടുണ്ട്. മേൽക്കൂര ബലപ്പെടുത്തിയതിന് 72,37,112 രൂപയും ചിലവ് വന്നിട്ടുണ്ട്. പദ്ധതിയിൽ നിന്ന് കഴിഞ്ഞ ആറ് മാസമായി ഏകദേശം ഒരു ലക്ഷം രൂപ പ്രതിമാസം വൈദ്യുതി ബില്ലിൽ കുറവുവന്നിട്ടുണ്ട് എന്ന് അറിയിച്ചുകൊള്ളുന്നു.

പ്രശാന്തി ഹോം ഫോർ ഏജ്ഡിൽ കിടപ്പുരോഗികളെ പ്രത്യേകം പരിപാലിക്കുന്നതിനുള്ള സൗകര്യം വർദ്ധിപ്പിക്കുന്നതിന് ആധുനിക രീതിയിൽ വേണ്ട സജ്ജീകരണങ്ങൾ ഒരുക്കി 3 റൂമുകൾ നവീകരിക്കുന്നതിന് ക്യാപിറ്റൽ ബഡ്ജറ്റിൽ 15 ലക്ഷം രൂപ വകയിരുത്തുന്നു.

ചെറായി തൃക്കടക്കാപ്പിള്ളി ചൈൽഡ് ഹോം (ഗേൾസ്) പദ്ധതിക്കുവേണ്ടി സി എസ് ആർ ഫണ്ട് / സംഭാവനകൾ ലഭിക്കുന്നതിനുള്ള ശ്രമങ്ങൾ തുടരുകയാണ്. കഴിയുന്നതും അടുത്ത സാമ്പത്തിക വർഷം ആരംഭിക്കുവാൻ കഴിയുമെന്നാണ് ഭരണസമിതി പ്രതീക്ഷിക്കുന്നത്. അതിലേയ്ക്കായി ക്യാപിറ്റൽ ബഡ്ജറ്റിൽ 5 കോടി രൂപ വകയിരുത്തുന്നു.

2001, 2007, 2012, എന്നീ വർഷങ്ങളിലാണ് ടിഡിഎം. ഹാൾ കെട്ടിടസമുച്ചയത്തിൽ ഗംഗാഹാൾ, കാവേരിഹാൾ, യമുനഹാൾ എന്നിവ നവീകരിച്ച് പ്രവർത്തന സജ്ജമാക്കിയത്. ഈ വർഷങ്ങളിൽ നമ്മുടെ അന്തരീക്ഷ ഊഷ്മാവ് 29-34 ഡിഗ്രി മാത്രമായിരുന്നു. 2024 ആയപ്പോഴേയ്ക്കും 38-40 ഡിഗ്രിവരെ ആയിരിക്കുന്നു ചൂട്. നിലവിലുള്ള ഈ ഹാളുകളിലെ ചൂട് കുറയ്ക്കുന്നതിന് ഏയർകണ്ടീഷൻ സംവിധാനം കൂട്ടേണ്ട സാഹചര്യമാണ് ഇപ്പോഴുള്ളത്. അതിലേയ്ക്കായി 20 ലക്ഷം രൂപ ക്യാപിറ്റൽ ബഡ്ജറ്റിൽ വകയിരുത്തുന്നു.

2001ൽ നവീകരിച്ച് ടി.ഡി.എം. ഗംഗാ ഏസി ഹാൾ പ്രവർത്തനം ആരംഭിച്ചിട്ട് 25 കൊല്ലം പൂർത്തിയാക്കുകയാണ്. നിലവിലുള്ള ഹാളിൻെറ രൂപഭംഗി കാലത്തിനനുസരിച്ച് മാറ്റം

വരുത്തണമെന്ന് ഹാളുപയോഗിക്കുന്ന പല ഉപഭോക്താക്കളും അഭിപ്രായപ്പെടുന്നുണ്ട്. അതിലുപരിയായി 25 കൊല്ലം കാലപ്പഴക്കമുള്ള ഹാളിലെ ജിപ്സം ബോർഡും വൈദ്യുതി അലങ്കാരങ്ങളും പുനക്രമീകരിക്കേണ്ടത് അത്യന്താപക്ഷിതമാണ്. അടുത്ത വർഷം എറണാകുളം കരയോഗത്തിന്റെ ശതാബ്ദി ആഘോഷത്തോടനുബന്ധിച്ച് ഗംഗാ ഹാൾ കൂടുതൽ ഭംഗിയുള്ളതും ആകർഷണമുള്ളതുമാക്കുകയാണെങ്കിൽ നന്നായിരിയിക്കുമെന്ന് ഭരണസമിതി ആഗ്രഹിക്കുന്നു. ആയതിലേയ്ക്ക് ക്യാപിറ്റൽ ബഡ്ജറ്റിൽ 50 ലക്ഷം രൂപ വക കൊള്ളിച്ചിട്ടുണ്ട്. ആയതിന് പൊതുയോഗം അംഗീകാരം നൽകണമെന്ന് അഭ്യർത്ഥിക്കുന്നു.

പമ്പ ഹാൾ നവീകരിച്ച് 2023 ആഗസ്റ്റ് മാസം 25-ാം തീയതി പൊതുജനങ്ങൾക്ക് ഉപയോഗപ്പെടുത്താനായി തുറന്നു കൊടുക്കുവാൻ സാധിച്ചു. 350 പേർക്ക് ഇരിക്കുവാനുള്ള സൗകര്യവും, അതോടൊപ്പം 80 പേർക്ക് ഭക്ഷണം കഴിക്കുവാനുള്ള സൗകര്യവും ഈ ഹാളിൽ ലഭ്യമാണ്. ആയതിന് 98,18,403 രൂപ ചിലവ് വന്നിട്ടുണ്ട്. കൂടാതെ 12 പേർക്ക് വരെ സഞ്ചരിക്കുവാൻ ഉള്ള ഒരു പുതിയ പാസഞ്ചർ ലിഫ്റ്റും ടിഡിഎം ഹാളിന്റെ പ്രവേശന കവാടത്തിൽ നിർമ്മിക്കുവാനും ഈ വർഷം സാധിച്ചു. ആയതിന് 26,10,284 രൂപ ചിലവ് വന്നിട്ടുണ്ട്. ഇതോടൊപ്പം ടി.ഡി.എം. ഹാളിന്റെ കാർ പാർക്കിംഗ് സൗകര്യം വർദ്ധിപ്പിക്കുകയും അതിനുവേണ്ടി അവിടെ ഉണ്ടായിരുന്ന ട്രാൻസ്ഫോർമർ, ജനറേറ്റർ എന്നിവ അയേൺസ്ട്രച്ചർ നിർമ്മിച്ച് ഉയർത്തിസ്ഥാപിക്കുകയുമുണ്ടായി. ആയതിന് 19,10,859 രൂപ ചിലവ് വന്നിട്ടുണ്ട്. ടി.ഡി.എം. ഹാളിന്റെ കെട്ടിട സമുച്ചയത്തിൽ താഴെ നിലയിലെ പെരിയാർ ഹാളിന്റെ പടിഞ്ഞാറുഭാഗത്ത് തെക്ക് -വടക്ക് ആയി 800sqft സൗകര്യപ്പെടുത്തി 50 പേർക്ക് ഇരിക്കുന്നതിനും കാപ്പികുടിക്കുന്നതിനും സൗകര്യം ഉള്ള 'സരയു' എന്ന ഏസി ഹാൾ കൂടി ലഭ്യമാക്കുവാൻ സാധിച്ചിട്ടുണ്ട് എന്ന വിവരം സന്തോഷപൂർവ്വം അറിയിച്ചുകൊള്ളുന്നു. എറണാകുളം കരയോഗത്തിന്റെ വിവിധ കലാ-സാഹിത്യ ഉപസമിതികളുടെ യോഗം നടത്തുവാൻ ഈ സൗകര്യം വളരെ പ്രയോജനകരമാണ്. ആയതിന് 7,75,663 രൂപയാണ് ചിലവ് വന്നിട്ടുള്ളത്. ഈ ഹാൾ ഉൾപ്പെടെ എറണാകുളം കരയോഗത്തിൽ നിലവിൽ 12 വിവിധ ഹാളുകൾ ഉണ്ട് എന്ന് കരയോഗം അംഗങ്ങളെ അറിയിച്ചുകൊള്ളുന്നു.

ശതാബ്ദിയുടെ സ്വപ്ന പദ്ധതികൾ ഉൾപ്പെടെ 135 കോടി 65 ലക്ഷം രൂപയുടെ ക്യാപ്പിറ്റൽ ബഡ്ജറ്റും 3 കോടി 70 ലക്ഷം രൂപയുടെ റവന്യൂ ബഡ്ജറ്റും അടക്കം ആകെ 2024-25 സാമ്പത്തിക വർഷത്തിലേക്ക് 139 കോടി 35 ലക്ഷം രൂപയുടെ ബഡ്ജറ്റ് ആണ് അംഗങ്ങളുടെ മുമ്പാകെ അവതരിപ്പിക്കുന്നത്. പൊതുയോഗം അത് നടപ്പിലാക്കുവാനുള്ള അംഗീകാരം നല്കണമെന്ന് വിനീതമായി അഭ്യർത്ഥിക്കുന്നു.

**എറണാകുളം കരയോഗം ശതാബ്ദി 2025**

1925 ൽ സ്ഥാപിതമായ എറണാകുളം കരയോഗം കഴിഞ്ഞ 99 വർഷമായി ജാതിമതകക്ഷിരാഷ്ട്രീയ ഭേദമില്ലാതെ സർവ്വരേയും ഉൾക്കൊണ്ടുകൊണ്ട് എല്ലാ സമുദായ സഹോദര സംഘടനകളോടും സ്നേഹത്തോടെ സഹകരിച്ച് , നമ്മുടെ തനതായ ശൈലിയിൽ പ്രവർത്തിച്ച് വരികയാണ്. നമ്മുടെ നിലനിൽപ്പിനും വളർച്ചയ്ക്കും മുൻതൂക്കം നൽകികൊണ്ട് സാമൂഹ്യ ജീവകാരുണ്യ പ്രവർത്തനങ്ങളിൽ സ്തുത്യർഹമായ സേവനങ്ങൾ നൽകി എറണാകുളം നഗരത്തിൽ വളർന്ന് പന്തലിച്ചു നിൽക്കുന്ന ഒരു വടവൃക്ഷമാണ് ഇന്ന് എറണാകുളം കരയോഗം.

2025 ശതാബ്ദി ആഘോഷവും അതിനോടനുബന്ധിച്ചുള്ള പദ്ധതികളേയും കുറിച്ച്

പ്രാഥമികമായിആലോചിക്കുന്നതിനു വേണ്ടി 31-3-2024 ന് കരയോഗം അംഗങ്ങളുടേയും 16-2-2024 ന് കരയോഗത്തിലെ വനിതാ അംഗങ്ങളുടേയും, 18-2-2024 ന് യുവജനങ്ങളുടെയും യോഗങ്ങൾ പ്രത്യേകം പ്രത്യേകം കൂടുകയുണ്ടായി. പല അഭിപ്രായങ്ങളും ചർച്ച ചെയ്യപ്പെട്ടിട്ടുണ്ട്. അവ കരയോഗം ഭരണസമിതിയുടെ പരിഗണനയിലാണ്. യുക്തവും പ്രായോഗികവുമായ നിർദ്ദേശങ്ങൾ സ്വാഗതം ചെയ്യുന്നു.

2024 മാർച്ച് 31-ാം തീയതി ശതാബ്ദിയുടെ ലോഗോ ബഹു. ഗോവ ഗവർണ്ണർ ശ്രീ. പി. എസ്. ശ്രീധരൻപിള്ള പ്രകാശനം ചെയ്തു. തുടക്കം എന്ന നിലയിൽ അന്നേ ദിവസം നഗരത്തിലെ സഹോദരസമുദായങ്ങളിലെ മുതിർന്ന അംഗങ്ങളായ, പ്രൊഫ. എം. കെ. സാനു, ശ്രീ. കെ.എൽ. മോഹനവർമ്മ, ശ്രീ. എ.കെ. പുതുശ്ശേരി, ശ്രീ. ആർ. രത്നാകര ഷേണായ്, ശ്രീ. കെ.എം.എ. മേത്തർ, ശ്രീ. കെ. കെ. വിജയകുമാർ, ഐ.എ.എസ് (റിട്ട), ബ്രഹ്മശ്രീ പുലിയന്നൂർ ശശി നമ്പൂതിരിപ്പാട്, ശ്രീ. ജെ. സുബ്രമണി, ശ്രീ. കെ.പി. നാരായണൻ, ശ്രീ. ടി.എസ്. ശ്രീധർ റാവു, ശ്രീ. വി. സുന്ദരം എന്നീ പതിനൊന്ന് മുതിർന്ന പൗരന്മാരെ ബഹു. ഗോവ ഗവർണ്ണർ കരയോഗത്തിനു വേണ്ടി പൊന്നാട അണിയിച്ച് ആദരിക്കുകയും ചെയ്തു. അങ്ങനെ എറണാകുളം കരയോഗത്തിന്റെ ശതാബ്ദിയുടെ തുടക്കം നല്ല രീതിയിൽ മംഗളമായി തന്നെ നടത്തുവാൻ സാധിച്ചുവെന്നത് അറിയിക്കുന്നതിൽ ചാരിതാർത്ഥ്യമുണ്ട്.

ഒരു നൂറ്റാണ്ടിന്റെ പ്രവർത്തനം കൊണ്ട് ചിലപ്പോൾ മറ്റു സമുദായസംഘടനകൾ അവരുടെതായ പ്രവർത്തന ശൈലിയിൽ വളരെ മുന്നോട്ട് പോയിട്ടുണ്ടാകാം എന്ന കാര്യം വിസ്മരിക്കുന്നില്ല. എങ്കിലും എറണാകുളം കരയോഗം ചെയ്തുകൊണ്ടിരിക്കുന്ന സേവനപ്രവർത്തനങ്ങൾ അതിലും വലുതാണ് എന്ന് പറയുന്നതിൽ സന്തോഷമുണ്ട്. 100 വർഷം പൂർത്തിയാക്കുന്ന എറണാകുളം കരയോഗത്തിന്റെ സ്മരണക്കായി സമൂഹത്തിന് മൊത്തത്തിൽ തന്നെ ഉപകാരപ്പെടുന്ന ഒരു സ്മാരകം ആവശ്യമാണ്. ആയത് എങ്ങിനെ, ഏത് രൂപത്തിൽ, എവിടെ എന്ന് ചിന്തിച്ച് പ്രവർത്തന പഥത്തിൽ എത്തിക്കേണ്ടതാണ്. അത് ഭാരിച്ച ചുമതലയും ആണ് എന്ന് പറയേണ്ടതില്ലല്ലോ. പൊതുയോഗത്തിൽ ചർച്ചയ്ക്ക് വരുന്ന എല്ല നല്ല നിർദ്ദേശങ്ങളും അംഗങ്ങൾ വിശദമായി പരിശോധിക്കണമെന്ന് അഭ്യർത്ഥിക്കുന്നു.

ഭരണസമിതിയുടെ ചില നിർദ്ദേശങ്ങൾ കൂടി ചർച്ചക്കായി പൊതുയോഗത്തിന്റെ മുൻപാകെ സമർപ്പിക്കുന്നു.

മൂന്ന് പദ്ധതികളാണ് ഭരണസമിതി പൊതുയോഗത്തിന്റെ മുൻപാകെ സമർപ്പിക്കുന്നത്. ഒന്ന് 2015 നവതിയുടെ കാലഘട്ടത്തിൽ ചർച്ച ചെയ്യപ്പെട്ട് 'വസുധൈവ കുടുംബകം' എന്ന സങ്കൽപത്തോടെ 200-500 ഏക്കർ സ്ഥലം കണ്ടെത്തി വാർദ്ധക്യകാലത്ത് ഒത്തൊരുമിച്ച് താമസിക്കുവാനും, ജാതിമത ചിന്തകൾക്ക് ഇടംകൊടുക്കാതെ സാഹോദര്യസ്നേഹത്തോടെയും പരസ്പര സഹകരണത്തോടെയും ഒരു കൂട്ടുകുടുംബം പോലെ ജീവിക്കുവാൻ ഉള്ള 'The world is a family' എന്നതാണ് സങ്കൽപ്പം. ആയതിന് 89.50 കോടി രൂപ ചിലവ് വരും. വസുധൈവ കുടുംബത്തിലെ അന്തേവാസികളിൽ നിന്ന് മുടക്ക് മുതൽ തിരികേ ലഭിക്കുകയും ചെയ്യും എന്ന് പറയേണ്ടതില്ലല്ലോ. അന്തേവാസികളിൽനിന്ന് ദൈനംദിന ചിലവുകൾക്കുള്ള തുക എല്ലാ മാസവും ഈടാക്കുകയും അതിനുള്ള സേവനങ്ങൾ അവർക്ക് നല്കുകയും ചെയ്യുക എന്നതാണ് ലക്ഷ്യം. ഇതാണ് ഒന്നാമത്തെ പദ്ധതിയായി പൊതുയോഗത്തിന്റെ മുന്നിൽ സമർപ്പിക്കുന്നത്.

രണ്ടാമതായി ചെറായി തൃക്കടക്കാപ്പിള്ളിയിലുള്ള കരയോഗം വക സ്ഥലത്ത് ഒരു Child Home (Girls) സ്ഥാപിക്കുക എന്നതാണ് മറ്റൊരു നിർദ്ദേശം. നിർദ്ധനരായ 36/18 പെൺകുട്ടികളെ സംരക്ഷിച്ച്, പഠിപ്പിച്ച്, ഉദ്യോഗം കണ്ടെത്തി സ്വയം ജീവിക്കുവാൻ പ്രാപ്തരാക്കി വിവാഹം കഴിപ്പിച്ച് കൊടുക്കുകയാണ് ലക്ഷ്യം. ഈ പദ്ധതിക്ക് ഏകദേശം 5 കോടി രൂപ ചിലവ് പ്രതീക്ഷിക്കുന്നു. പ്രതിദിനം അന്തേവാസികളുടെ നിത്യചിലവുകൾക്കും മറ്റു ഭരണപരമായ ചിലവുകൾക്കും വേണ്ടി കരയോഗം ജീവകാരുണ്യം എന്ന നിലയിൽ ധനം കണ്ടെത്തുകയാണ് വേണ്ടത്. ഇത് വലിയ ഒരു ജീവകാരുണ്യസൽപ്രവർത്തി ആയിരിക്കും എന്ന് പ്രത്യേകം പറയേണ്ട ആവശ്യം ഇല്ലല്ലോ. ഈ പദ്ധതിയും തീർച്ചയായും നടപ്പിലാക്കേണ്ടത് തന്നെയാണ്.

മൂന്നാമതായി പൊതുയോഗത്തിന്റെ മുൻപിൽ വെക്കുവാനുള്ള മറ്റൊരു മഹത്തായ മാതൃകപരമായ പദ്ധതി എന്നത് 'cashless hospital' എന്ന ആശയമാണ്.

ഇന്നത്തെ കാലഘട്ടത്തിൽ വിദ്യാഭ്യാസവും, ആരോഗ്യവും സാധാരണക്കാർക്ക് താങ്ങാവുന്നതിലും അധികം സാമ്പത്തിക ബാദ്ധ്യത വരുത്തുന്നു എന്നതാണ് വാസ്തവം. പ്രത്യേകിച്ച് ചികിത്സാച്ചിലവ് ഏറി നില്ക്കുന്നത്, അർബുദം, കിഡ്നി, ഹൃദയം, ഉദരസംബന്ധമായ രോഗങ്ങൾക്കുള്ള ചികിത്സയും സർജറിയും കഴിഞ്ഞുള്ള 'ഫോളോഅപ്പ്' എന്ന തുടർചികിത്സയ്ക്കാണ്. ഇത് വലിയൊരു ബാദ്ധ്യതയും ചിലവ് ഏറിയതുമാണ്. ഈ മേഖലയിൽ സാധുജനങ്ങൾക്ക് സൗജന്യചികിത്സ നല്കുന്ന ഒരു കേന്ദ്രം/ഹോസ്പിറ്റൽ തുടങ്ങണമെന്നതാണ് കരയോഗത്തിന്റെ മറ്റൊരു സ്വപ്ന പദ്ധതി. ഇതിനായി സ്ഥലം ഉൾപ്പെടെ ഏകദേശം 40 കോടി രൂപ ചിലവ് വരും. എന്നാൽ ചിലവ് കുറയ്ക്കുന്നതിനായി ഈ പദ്ധതിക്കുവേണ്ടി കരയോഗം അംഗങ്ങളോ മറ്റ് സഹോദരങ്ങളോ ജീവകാരുണ്യ പ്രവർത്തിന് സന്മനസ്സ് ഉള്ള മഹാമനസ്ക്കരായ വ്യക്തികളോ കുടുംബമോ 50 സെന്റ് സ്ഥലം നല്കുകയാണെങ്കിൽ, കെട്ടിടം, ഉപകരണങ്ങൾ എന്നിവക്ക് വേണ്ടി വരുന്ന ചിലവ് സംഭാവനയായി സ്വീകരിക്കുകയോ CSR Fund കണ്ടെത്തിയോ എത്രയും പെട്ടെന്ന് പദ്ധതി നടപ്പിലാക്കുവാൻ കഴിയും എന്ന് പ്രത്യാശിക്കുന്നു.

കേരളത്തിലെ തന്നെ പ്രഗൽഭരായ നിരവധി ഡോക്ടർമാർ ഒരു മാസത്തിൽ കുറച്ച് ദിവസങ്ങളിൽ സൗജന്യ സേവനം നല്ക്കുവാൻ തയ്യാറാണ് എന്ന് സൂചിപ്പിട്ടിട്ടുണ്ട്. ഈ പദ്ധതി സേവന രംഗത്ത് വലിയ കാരുണ്യം ഉള്ള സേവനമായി മാറും എന്നത് നിശ്ചയമാണ്.

മേൽ പറഞ്ഞ മൂന്ന് പദ്ധതികളും പൊതുയോഗത്തിന്റെ അംഗീകാരത്തിനായി സമർപ്പിച്ചുകൊള്ളുന്നു.

എറണാകുളം കരയോഗത്തിൽ ESI, PF ആനുകൂല്യങ്ങൾ, ഉള്ളവരും കൂടാതെ താല്കാലികാടിസ്ഥാനത്തിൽ ജോലി ചെയ്യുന്നവരും ഉൾപ്പെടെ ആകെ 42 ജീവനക്കാരാണ് സേവനമനുഷ്ഠിക്കുന്നത്. ഇതു കൂടാതെ കല്യാണത്തിന്റെയും മറ്റു പരിപാടികളുടെയും ആവശ്യത്തിനായി ദിവസവേതനാടിസ്ഥാനത്തിൽ കരയോഗം മാംഗല്യട്രസ്റ്റിന്റെ കരാറുകാരുടെ കീഴിൽ ദേഹണ്ണത്തിനും വിളമ്പിനുമായി 60ൽ പരം പേരും സേവനം അനുഷ്ഠിക്കുന്നു.

എറണാകുളം കരയോഗം പോലെയുള്ള ഒരു സാമൂഹിക സാംസ്കാരിക പാരമ്പര്യമുള്ള സംഘടന കൊച്ചി നഗരത്തിൽ പ്രവർത്തിക്കുന്നത് കക്ഷിരാഷ്ട്രീയജാതിമത

വേർതിരിവില്ലാതെയും എല്ലാവരുമായി സഹകരിക്കാവുന്ന മേഖലകളിൽ സഹകരിച്ചും എന്നാൽ നമ്മുടെ വ്യക്തിത്വം നഷ്ടപ്പെടുത്താതെയും ഹൈന്ദവ-സനാതനമൂല്യങ്ങൾ ഉയർത്തി പിടിച്ചുകൊണ്ടും വളരെ സൗഹാർദ്ദപരമായിട്ടാണ് എന്നു പറയുന്നതിൽ അതിയായ സന്തോഷമുണ്ട്.

കരയോഗം ശ്രീവിഘ്നേശ്വരന്റെയും, ശ്രീ എറണാകുളത്തപ്പന്റെയും അനുഗ്രഹത്താൽ നമ്മുടെ പ്രവർത്തനങ്ങൾ ഭംഗിയായി നടത്തിക്കൊണ്ടുപോകുവാൻ കഴിയുന്നു എന്നത് ഈശ്വരനാമത്താൽ ഇവിടെ പ്രസ്താവിക്കുന്നു.

2023-24 വർഷത്തെ പ്രവർത്തന റിപ്പോർട്ട് കടധനസ്റ്റേറ്റ്മെന്റ് 2024-25 ലേക്കുള്ള പുതിയ നിർദ്ദേശങ്ങൾ, റവന്യൂ ക്യാപിറ്റൽ ബഡ്ജറ്റ് എന്നിവയും ഭരണറിപ്പോർട്ടിലുള്ള ഉപദേശങ്ങളും നിർദ്ദേശങ്ങളും 99-ാമത് വാർഷിക പൊതുയോഗത്തിന്റെ അംഗീകാരത്തിനായി സമർപ്പിക്കുന്നു.

കരയോഗത്തിന്റെ ദൈനംദിന പ്രവർത്തനങ്ങൾക്ക് ഉപദേശങ്ങൾ നല്കി വരുന്ന കരയോഗാംഗങ്ങൾ, ഭരണസമിതി, ഉപസമിതി, കരയോഗം ജീവനക്കാർ, പത്ര-ദൃശ്യ, മാധ്യമ, സുഹൃത്തുക്കൾ, കേന്ദ്രസംസ്ഥാന സർക്കാരുകൾ, തദ്ദേശ സ്ഥാപനങ്ങൾ, വിവിധ സമുദായ സഹോദര സ്ഥാപനങ്ങൾ, തുടങ്ങി എറണാകുളം കരയോഗത്തിന്റെ പ്രവർത്തനവുമായി സഹകരിച്ച എല്ലാവരോടുമുള്ള നന്ദി പ്രത്യേകം രേഖപ്പെടുത്തുന്നു. എറണാകുളം കരയോഗത്തിന്റെ സ്ഥാപക പിതാമഹന്മാർ, മുൻകാലഭാരവാഹികൾ ഉൾപ്പെടെയുള്ള എല്ലാ മുൻഗാമികളെയും മനസ്സാ സ്മരിച്ചുകൊണ്ട് 99-ാമത് ഭരണസമിതി റിപ്പോർട്ട് ഈ പൊതുയോഗത്തിന്റെ മുമ്പാകെ സമർപ്പിച്ചു കൊള്ളുന്നു.

ശ്രീഗുരുവായൂരപ്പൻ എല്ലാവരെയും അനുഗ്രഹിക്കട്ടെ.

എന്ന് സ്നേഹത്തോടെ

കരയോഗം ഭരണസമിതിക്കുവേണ്ടി
ജനറൽ സെക്രട്ടറി
പി. രാമചന്ദ്രൻ (വേണു)

കൊച്ചി - 16
12-5-2024

## 2023 - 2024 ൽ തിരഞ്ഞെടുക്കപ്പെട്ട വിവിധ ഉപസമിതികൾ

**എറണാകുളം കരയോഗത്തിൻെറ വിവിധ ഉപസമിതികളിൽ പ്രസിഡണ്ട്, ജനറൽ സെക്രട്ടറി, ട്രഷറർ എന്നിവർ എക്സ് ഒഫീഷ്യോ അംഗങ്ങൾ ആണ്.**

**1) അപ്പീൽ കമ്മിറ്റി**
1) ജസ്റ്റിസ് (റിട്ട.)കെ.ടി.ശങ്കരൻ (കൺവീനർ)
2) ജി. ഉണ്ണികൃഷ്ണൻ
3) എം.പി. സുകുമാരൻ നായർ

**2) പരാതി പരിഹാരസെൽ**
1) അഡ്വ. പി. സുരേഷ് മേനോൻ (കൺവീനർ)
2) എ. രാജഗോപാൽ
3) എം. രാജേന്ദ്രകുമാർ

**3) നിയമ ഉപദേശക സമിതി**
1) അഡ്വ. ശ്യാം കുമാർ സി.ആർ (കൺവീനർ)
2) എസ്. കണ്ണൻ
3) എസ്.കെ. ഹരീഷ്
4) ശ്രീലത പി.

**4) ചൈത്രം**
1) ഭവാനി കെ (കൺവീനർ)
2) ഡോ. പാർവ്വതി

3) ബാബു രാജീവ്. സി., ഐ.എ.എസ്
4) ആർ. ജയലക്ഷ്മി
5) മാലിനി മേനോൻ

**5) പ്രോജക്ട് കമ്മിറ്റി**
1) ശ്രീകുമാരൻ ടി. പി. (കൺവീനർ)
2) വേണുഗോപാലൻ. എൻ
3) സതീഷ്. കെ
4) എം. രാധാകൃഷ്ണൻ നായർ (പ്രത്യേക ക്ഷണിതാവ്)

**6) പ്രശാന്തി ഹോസ്റ്റൽ&ഹോം ഫോർ ദ് ഏജ്ഡ്**
1) സുധ കൃഷ്ണകുമാർ (കൺവീനർ)
2) ഡോ. എ. പാർവ്വതി
3) ശോഭന. പി.
4) രാധ. പി.

**7) ജീവകാരുണ്യ/സാമൂഹ്യ പ്രവർത്തനങ്ങൾ**
1) കെ. ജനാർദ്ദനൻ (കൺവീനർ)
2) ടി. ജയചന്ദ്രൻ
3) രമേഷ് കുമാർ

**8) കരയോഗസൗഹൃദം കമ്മിറ്റി**
1) ശ്രീവല്ലഭൻ നായർ എം. (എഡിറ്റർ)
2) പത്മജാ മേനോൻ. എൻ
3) കെ. രാജൻ
4) ലീനാ എൻ. എസ്

**9) എറണാകുളം കരയോഗം കഥകളി ക്ലബ്**
1) ശരത്കുമാർ . എസ് (കൺവീനർ)
2) ശ്രീലത. പി .ജി.
3) സതീഷ് വർമ്മ
4) രാധാകൃഷ്ണൻ.
5) പ്രീതാ ജയപ്രകാശ്

**10) ഹെൽത്ത് കമ്മിറ്റി**
1) എം. ബാലചന്ദ്രൻ (കൺവീനർ)
2) കെ. ശാന്തകുമാരി
3) ഡോ. സുജിത് ഹർഷൻ
4) സുരേഷ് . എം
5) CMDR കെ. ബി. ജലേഷ്
6) ശാന്തി അശോക്

**11) സാംസ്ക്കാരിക കമ്മിറ്റി**
1) ശുഭ വിജയകുമാർ (കൺവീനർ)
2) വത്സല മേനോൻ. ടി.
3) ധന്യ രഘുനാഥ്
4) ശോഭ ഗോപകുമാർ
5.) പാർവ്വതി മേനോൻ

**12) എൽഡർ സിറ്റിസൺസ് ഫോറം**
1) എസ്. ശ്രീകുമാർ (കൺവീനർ)
2) നന്ദകുമാർ. ജി
3) ഡോ. സുകുമാര മോനോൻ. എൻ
4) പി.ജി. രാമചന്ദ്രൻ
5) വിശ്വനാഥൻ നായർ. കെ.പി.

**13) തൃക്കടക്കാപ്പിള്ളി ശ്രീദുർഗ്ഗാഭഗവതിക്ഷേത്രം**
1) പി. ഗിരിജാവല്ലഭൻ (കൺവീനർ)
2) സുധീർ മേനോൻ
3) ജയപ്രകാശ്. സി.
4) കൃഷ്ണകുമാർ

**14) നവരാത്രി കമ്മിറ്റി**
1) രാജഗോപാൽ. കെ. (കൺവീനർ)
2) ശോഭാകുമാരി. ഡി
3) ഗൗരി. പി
4) ശ്രീകുമാർ.കെ
5) സേതുലക്ഷ്മി
6) ചന്ദ്രിക. സി.

**15) സ്റ്റാഫ് വെൽഫെയർ & ഗ്രീവൻസ് കമ്മിറ്റി**
1) പി.രാമചന്ദ്രൻ (വേണു) (കൺവീനർ)
2) എ. മുരളിധരൻ
3) കെ.ടി. മോഹനൻ
4) എ. ബാലഗോപാലൻ

**16) സ്റ്റാഫ് ഗ്രീവിയൻസ് കമ്മിറ്റി**
1) എം. മുകുന്ദൻ (കൺവീനർ)
2) എം. ഹരിഹരൻ
3) ടി. ജി. ബാലകൃഷ്ണൻ നായർ
4) ഉഷാ പ്രവീൺ
5) പി. മോഹൻദാസ് (സ്റ്റാഫ് പ്രതിനിധി)
6) ഉമാദേവി എസ് (സ്റ്റാഫ് പ്രതിനിധി)

**17) കുടുംബക്ഷേമ കേന്ദ്രം**
1) മാലിനി ആർ. മേനോൻ (കൺവീനർ)
2) ഉമ രാംവർമ്മ
3) ലക്ഷ്മീദേവി

4) മിനു മനു
5) ഭവാനി. കെ

**18) സാമ്പത്തിക ഉപദേശക സമിതി**

1) സിഎ അനിൽ കെ.നായർ (കൺവീനർ)
2) സുരേഷ് കുമാർ. ആർ.
3) രാമനാഥൻ മേനോൻ
4) ശശിധരൻ. സി.പി.

**19) വിമൻസ് ഫോറം**

1) പ്രൊഫ. സി. സുമംഗലാ ദേവി (കൺവീനർ)
2) ലക്ഷ്മി മോഹൻ
3) കല്പകവല്ലി അമ്മ.എം.വി.
4) പ്രസന്ന കുറുപ്പ്
5) പി. ചന്ദ്രലേഖ
6) ശോഭാ നന്ദകുമാർ

**20) പരിസ്ഥിതി അവാർഡ് കമ്മിറ്റി**

1) എസ്. ജയതിലകൻ (കൺവീനർ)
2) കെ. വി. രാമചന്ദ്രൻ
3) ഡോ. ജി. മധു
4) ബാലനാരായണൻ
5) സി.കെ. കൃഷ്ണൻ
6) ഷേർളി സോമസുന്ദരം
7) കെ.എ. മുരളീധരൻ

**21) അംഗത്വ പരിശോധന കമ്മിറ്റി**

1) അഡ്വ. എ. ബാലഗോപാലൻ (കൺവീനർ)
2) ദയേഷ് ജി. കെ. മേനോൻ
3) അജിത് വിശ്വനാഥൻ

**22) അതിഥി മന്ദിരം (ഗസ്റ്റ് ഹൗസ്)**

1) മനോജ് ബി. നായർ (കൺവീനർ)
2) ഇ. ശ്രീകുമാർ
3) രാമചന്ദ്രൻ എം.

**23) ആദ്ധ്യാത്മിക കമ്മിറ്റി**

1) സരളകുമാരി. എൻ. ടി. (കൺവീനർ)
2) എൻ.ടി. കാർത്തികേയൻ
3) ഇന്ദിര ഭായി. ജെ
4) വത്സല. പി.
5) ഗൗരി. പി
6) ലീലാ വേലകടവ്

**24) കരയോഗം മാര്യേജ് കമ്മിറ്റി**

1) കെ. ടി. മോഹനൻ (കൺവീനർ)
2) സി എ സുരേഷ്കുമാർ. ആർ.
3) ഡി. കെ. നായർ
4) ടി.എൻ. ചന്ദ്രൻ

**25) പബ്ലിക് റിലേഷൻ**

1) സജീവ്കുമാർ പാലാഴി (കൺവീനർ)
2) വിനയകുമാർ. ടി.
3) ശശിധരൻ കർത്ത
4) ബാബു വിപിൻ ചന്ദ്രൻ. വി

**26) ഐ.ടി. സോഷ്യൽ മീഡിയ)**

1) മനോജ് ആലപ്പാട്ട് (കൺവീനർ)
2) കൃഷ്ണകുമാർ. പി.
3) പ്രജ്ഞ നായർ

**27) ഇന്റേണൽ കമ്മിറ്റി**

1) അഡ്വ.പാർവ്വതി സഞ്ജയ്
2) ബിറ്റി.കെ.ജോസഫ്
3) ഉമാദേവി. എസ്
4) മോഹൻദാസ്.

**28) ഹെറിറ്റേജ് കമ്മിറ്റി**

1) ഡോ.ബി.വേണുഗോപാൽ(കൺവീനർ)
2) ഡോ.യു.മിനി
3) സരിഗ ജീവൻ

**29) സാഹിതി കമ്മിറ്റി**

1) കെ.പി.അജിത്ത് കുമാർ(കൺവീനർ)
2) സി.രാമചന്ദ്രൻ
3) ടി.എൻ.ടി നായർ
4) ജയരാമൻ. പി.
5) ഹരിഹരനന്ദനൻ

**30) കരയോഗം മാംഗല്യ ട്രസ്റ്റ്**

1) മുരളീധരൻ ആലപ്പാട്ട് (മാനേജിങ്ങ് ട്രസ്റ്റി)
2.) പി. രാമചന്ദ്രൻ (വേണു) (സെക്രട്ടറി)
3) കെ.ടി. മോഹനൻ (ട്രഷറർ)
4) മനോജ് ബി. നായർ
5) ടി. എൻ. ചന്ദ്രൻ
6) എസ്. ശ്രീകുമാർ
7) കെ. രാജഗോപാൽ

8) കെ.പി. വിശ്വനാഥൻ
9.) എം. രാജലക്ഷ്മി

**31) എറണാകുളം കരയോഗം ചാരിറ്റബിൾ ട്രസ്റ്റ്**

1) പ്രൊഫ.സി. സുമംഗലാദേവി (മാനേജിങ്ങ് ട്രസ്റ്റി)
2) അഡ്വ.എ. ബാലഗോപാലൻ (സെക്രട്ടറി)
3) സിഎ അനിൽ കെ. നായർ (ട്രഷറർ)
4) മുരളീധരൻ ആലപ്പാട്ട്
5) പി. രാമചന്ദ്രൻ (വേണു)
6) കെ.ടി. മോഹനൻ
7) ശശികലാ ദേവീദാസ്
8) എൻ.ടി. സരളകുമാരി
9) ഡോ.വി.എച്ച്. അബ്ദുൾ സലാം
10 രാജഗോപാൽ. സി. ജി
11) ലീല കെ. ആർ (പ്രത്യേക ക്ഷണിതാവ്)
12) ആർ. സുരേഷ് കുമാർ (പ്രത്യേക ക്ഷണിതാവ്)
13) ശ്രീജ. വി. സാഗർ (പ്രത്യേക ക്ഷണിതാവ്)

**32) എറണാകുളം കരയോഗം ടെമ്പിൾ ട്രസ്റ്റ്**

1) പി. രാമചന്ദ്രൻ (വേണു) (മാനേജിങ്ങ് ട്രസ്റ്റി)
2) മുരളീധരൻ ആലപ്പാട്ട് (പ്രസിഡന്റ്)
3) കെ.ടി. മോഹനൻ (ട്രഷറർ)
4) കെ. ജനാർദ്ദനൻ
5) ഗിരിജാവല്ലഭൻ. പി
6) കെ.വി. മോഹനൻ
7) കെ.കെ. ഗീതമ്മ

# കരയോഗാംഗങ്ങളുടെ ശ്രദ്ധയ്ക്ക്

എറണാകുളം കരയോഗം വാർഷിക പൊതുയോഗത്തിൽ കരയോഗാംഗങ്ങൾക്ക് മാത്രമേ പ്രവേശനാനുവാദമുള്ളൂ. നിയമാവലി 7(iii), 8 (iii) , 11 (i) (എ), 17 (ഇ) (ii), 31 എന്നി വകുപ്പുകൾ പ്രകാരം കരയോഗത്തിലേയ്ക്ക് ഏതെങ്കിലും ഇനത്തിൽ കുടിശ്ശിക വരുത്തിയിട്ടുള്ളവർക്ക് പൊതുയോഗത്തിൽ പങ്കെടുക്കുവാൻ അർഹതയുണ്ടായിരിക്കുന്നതല്ല.

|---|---|
| ഭരണറിപ്പോർട്ട് | 3-22 |
| ബാലൻസ്ഷീറ്റ് | 23-39 |
| എഡിറ്റോറിയൽ | 40 |
| സെക്രട്ടറിയുടെ പംക്തി | 42 |
| ബാലലോകം | 44 |
| വാസ്തു. | 45 |
| ക്ഷേത്രങ്ങളിലൂടെ. | 46 |
| ആരാണ് അമ്മ | 48 |
| കേരളത്തിന്റെ ശാക്തേയ പാരമ്പര്യം | 50 |
| നമഃശിവായ | 53 |
| *ദൃക്ക്ദൃശ്യ വിവേകം*( *13* ) | 56 |
| ഔഷധ സസ്യ പരിചയം | 60 |
| ആഞ്ജനേയനെ തേടി | 62 |
| മൈക്രോവേവ് ഓവൻ | 67 |
| മാസഫലം | 69 |
| മാട്രിമോണിയൽ. | 70 |



## പത്രാധിപസമിതി

**ആലപ്പാട്ട് മുരളീധരൻ**
(മാനേജിംഗ് എഡിറ്റർ)

**എം. ശ്രീവല്ലഭൻ നായർ**
(എഡിറ്റർ)

**പി. രാമചന്ദ്രൻ (വേണു)**

**കെ.ടി. മോഹനൻ**

പിനാവശ്യമാണ്. സമൂഹത്തെയും രാജ്യത്തെയും മുമ്പോട്ട് നയിക്കേണ്ടവരാണവർ. നാടിന്റെ നാളത്തെ ഭാവി അവരിലാണ് നിക്ഷിപ്തമായിരിക്കുന്നത്. അതുകൊണ്ടുതന്നെ ഈ കൊടിയ വിപത്തിനെ ഉന്മൂലനം ചെയ്യുവാനുള്ള ശ്രമങ്ങൾക്ക് ആക്കം കൂട്ടുകയും ജാതി മത രാഷ്ട്രീയ വ്യത്യാസമില്ലാതെ എല്ലാവരും ഒന്നായി നിന്നുകൊണ്ട് നമ്മുടെ കുട്ടികളെ മയക്കുമരുന്നിന്റെ നീരാളി പിടുത്തത്തിൽ നിന്നും രക്ഷപെടുത്തി നാടിനും നാട്ടാർക്കും പ്രയോജനപ്രദമായ പൗരന്മാരാക്കി വളർത്തിയെടുക്കുവാൻ നമുക്ക് ഒന്നായി കൈകോർക്കാം ഇതിന്. ഒന്നാമതായി വേണ്ടത് ബോധവല്ക്കരണം തന്നെ. കുട്ടികൾക്കും രക്ഷിതാക്കൾക്കും ഇക്കാര്യത്തിൽ പ്രത്യേകം പ്രത്യേകം ബോധവല്ക്കരണ ക്ലാസ്സുകൾ നിർബന്ധമായും നടത്തണം. കുട്ടികൾ വളരുന്നതനുസരിച്ച് ബോധവല്ക്കരണ രീതിയും മാറ്റണം. ആരൊക്കെയാണ് ഈ ശ്രമത്തിൽ മുഖ്യപങ്കാളികളാകേണ്ടത്. ഒന്നാമതായി കുട്ടികളുടെ രക്ഷിതാക്കൾ തന്നെ. രണ്ടാമത് അദ്ധ്യാപകർ, ഈ രണ്ടു വിഭാഗവുമാണല്ലോ കുട്ടികളോടൊത്ത് കൂടുതൽ സമയം ചിലവഴിക്കുന്നതും അവർക്ക് വേണ്ട മാർഗ്ഗനിർദ്ദേശങ്ങൾ നല്കി അവരെ ഉത്തമ പൗരന്മാരായി വളർത്തിയെടുക്കേണ്ടതും. പഴയതുപോലെ രാവിലെ അമ്മ നല്കുന്ന ചോറുപൊതിയുമായി കിലോമീറ്ററുകൾ നടന്ന് സ്കൂളിലെത്തി, ഭയഭക്തി ബഹുമാനത്തോടെ അദ്ധ്യാപകരെ വണങ്ങി അവർ പഠിപ്പിക്കുന്ന ഭാഗങ്ങൾ ഭംഗിയായി ഹൃദിസ്ഥമാക്കി (പഠിച്ചില്ലെങ്കിൽ ചൂരൽ പ്രയോഗവും ഏറ്റുവാങ്ങി.) നാലുമണിക്ക് വീട്ടിലേയ്ക്ക് നടന്നിരുന്ന കാലമല്ല ഇന്ന്. ഇന്ന് 99 ശതമാനം കുട്ടികളും വിദ്യാലയങ്ങളിലേക്ക് പോകുന്നത് വാഹനങ്ങളിലാണ്. അതുകൊണ്ടു തന്നെ വീട്ടിലുള്ളവരും വിദ്യാലയത്തിലുള്ളവരുമായിട്ടല്ലാതെ മറ്റ് ആരുമായും അവർക്ക് ഇടപെടുവാനുള്ള അവസരം വളരെ കുറവാണ്. അതിനാൽ മുകളിൽ പറഞ്ഞ രണ്ടു വിഭാഗം അതായത് രക്ഷിതാക്കളും അദ്ധ്യാപകരും ആത്മാർത്ഥമായി ചിന്തിച്ച് പ്രവർത്തിക്കേണ്ട അവസരമാണിതെന്ന് പ്രത്യേകം പറഞ്ഞത്. മയക്കുമരുന്നു മാഫിയ എന്ന നീരാളിയുടെ കരാളഹസ്തങ്ങൾ ഏറെ ബലിഷ്ഠവും എവിടെ വരെയും ഏത്തത്തക്കവിധം നീളമുള്ളതുമാണ് ഈ കൈകളിൽ പെട്ടുപോയാൽ പിന്നെ അതിൽ നിന്ന് മോചിപ്പിക്കുക എന്നത് വളരെ ദുഷ്ക്കരമാണ്. അതുകൊണ്ടു തന്നെ ഓരോ കുട്ടിയുടെയും രക്ഷകർത്താക്കൾ വളരെ ജാഗ്രത പാലിക്കണം കുട്ടികളുടെ കാര്യത്തിൽ. അവരുടെ സ്വഭാവത്തിൽ എന്തെങ്കിലും മാറ്റം വന്നാൽ, കൂട്ടുകാരോടും ബന്ധുക്കളോടുമൊക്കെയുള്ള പെരുമാറ്റത്തിൽ മാറ്റം ഉണ്ടായാൽ ശ്രദ്ധിക്കുക. എന്താണ് കാരണം എന്ന് അന്വേഷിക്കുക. തന്നെക്കാൾ മുതിർന്ന കൂട്ടുകാരുമായി കൂട്ടുചേരുന്നുണ്ടെങ്കിൽ പ്രത്യേകം ശ്രദ്ധിക്കുക. ഏകനായി മുറിയിൽ ഒറ്റക്കിരിക്കുവാൻ താല്പര്യം കാണിക്കുക. പണം കൂടുതലായി ആവശ്യപ്പെടുക തുടങ്ങിയവ ലഹരി ഉപയോഗത്തിന്റെ പ്രഥമലക്ഷണങ്ങളാണ്. ഈ അവസ്ഥയിലെത്തുന്നതിനു മുമ്പു തന്നെ കുട്ടികൾ അറിയാതെ അവരുടെ ബാഗുകളും പോക്കറ്റുകളും അലമാരകളും ഒക്കെ ഇടയ്ക്കിടെ പരിശോധിക്കണം. മിഠായിയുടെ രൂപത്തിലും സ്റ്റാമ്പ് രൂപത്തിലും ഒക്കെ ഇതെത്തിക്കാറുണ്ടെന്നാണ് കേൾക്കുന്നത്. സംശയാസ്പദമായ എന്തെങ്കിലും കണ്ടാൽ കുട്ടിയോട് കോപിക്കാതെ അടിയന്തിരമായി കൗൺസിലിങ്ങിന് വിധേയനാക്കുക. അവസ്ഥ ഗുരുതമായിട്ടുണ്ടെങ്കിൽ വേണ്ട ചികിത്സ നല്കുക. മറ്റുള്ളവർ അറിയും അറിഞ്ഞാൽ നാണക്കേടാണ് എന്നു കരുതി വേണ്ട നടപടികൾ കൈക്കൊള്ളാതിരുന്നാൽ നമുക്ക് നഷ്ടപ്പെടുന്നത് ലാളിച്ചു മോഹിച്ചു വളർത്തിയ നമ്മുടെ കുട്ടിയേയാണ്. അതുകൊണ്ട് കുട്ടികളുടെ കാര്യത്തിൽ രക്ഷിതാക്കൾ വളരെ ജാഗ്രത പുലർത്തേണ്ട കാലമാണിത്. അധ്യാപകർക്കും ഇക്കാര്യത്തിൽ നല്ല പങ്കുവഹിക്കാനുണ്ട്. കുട്ടി വിദ്യാഭ്യാസനിലവാരത്തിൽ താഴോട്ടുപോയാൽ പാഠ്യേതര വിഷയങ്ങളിൽ താല്പര്യം കാണിച്ചിരുന്നവന് അതില്ലാതായാൽ, നിങ്ങൾ രക്ഷിതാക്കളുമായി ബന്ധപ്പെടണം. വേണ്ട നടപടികൾ കൈക്കൊള്ളണം.

നമ്മുടെ നാട്ടിലെമ്പാടും പ്രവർത്തിക്കുന്ന റസിഡൻസ് അസ്സോസിയേഷനുകൾ മറ്റ് സേവനസംഘടകൾ തുടങ്ങി എല്ലാവരും ഇക്കാര്യത്തിൽ ജാഗരൂകരാകണം. ഈ മാരക ലഹരിവസ്തുക്കളുടെ വിതരണക്കാരായി പലവേഷത്തിലും രൂപത്തിലുമുള്ള ആളുകൾ എല്ലായിടത്തും ചുറ്റിത്തിരിയുന്നുണ്ട്. സംശയാസ്പദമായി ആരെയെങ്കിലും കണ്ടാൽ, അപ്പോൾ തന്നെ പോലീസ് വകുപ്പിനെ അറിയിക്കുക. ലഹരിവിരുദ്ധ പ്രവർത്തനത്തിനായി നമ്മുടെ പോലീസ് ഡിപ്പാർട്ടുമെന്റ് 'യോദ്ധാവ്' എന്ന ഒരു ആപ്പ് തുടങ്ങിയിട്ടുണ്ട്. അതിലൂടെ അവരെ വിവരം അറിയിക്കുക. ജനങ്ങളുടെ പൂർണ്ണ സഹകരണം ഉണ്ടെങ്കിൽ മാത്രമേ പോലീസ് ഡിപ്പാർട്ടുമെന്റിന് ഒളിഞ്ഞും തെളിഞ്ഞും പ്രവർത്തിക്കുന്ന ഈ മാഫിയയെ ഒതുക്കാൻ കഴിയൂ. അതുകൊണ്ട്, നമ്മുടെ പോലീസ് വകുപ്പിനോട് തോളോട് തോൾ ചേർന്ന് പ്രവർത്തിക്കാം. നമ്മുടെ നാടിനെ ലഹരിമുക്തമാക്കാം. നമ്മുടെ കുട്ടികളുടെ ഭാവി ഭദ്രമാക്കാം.

ജയ്ഹിന്ദ്

*****



# ജനറൽ സെക്രട്ടറിയുടെ പംക്തി

പി. രാമചന്ദ്രൻ (വേണു)

പ്രിയ കരയോഗാംഗങ്ങളെ,

**എ**റണാകുളം കരയോഗത്തിന്റെ 99–ാമത് വാർഷികപൊതുയോഗം 2024 ജൂൺമാസം 23–ാം തീയതി രാവിലെ 10 മണിക്ക് ടി.ഡി.എം. ഹാളിൽ കൂടുകുയാണല്ലോ. 99–ാമത് വാർഷികപൊതുയോഗത്തിന് മുൻവർഷങ്ങളിലെ പൊതുയോഗങ്ങളെ അപേക്ഷിച്ച് വളരെയധികം പ്രാധാന്യം ഉണ്ട്. 2025 ൽ എറണാകുളം കരയോഗം എന്ന മഹാപ്രസ്ഥാനം ഈ ഭൂമി മലയാളത്തിൽ പ്രവർത്തിക്കാൻ തുടങ്ങിയിട്ട് 100 വർഷം പൂർത്തിയാകുകയാണ്. അങ്ങനെ സെന്റിനറിയിലേക്ക് കടക്കുന്ന നമ്മേ സംബന്ധിച്ച് വളരെയധികം ഉത്തരവാദിത്വങ്ങളും സമൂഹത്തിനോടും സമുദായത്തിനോടും വളരെയധികം കടപ്പാടും ഉണ്ട് എന്ന് പറയേണ്ടതില്ലല്ലോ. ആ ഉത്തരവാദിത്വങ്ങൾ ഏറ്റെടുത്തുകൊണ്ട് സെന്റിനറിയുടെ സ്മരണയ്ക്കായി പദ്ധതികൾ ആവിഷ്ക്കരിക്കുകയും അത് നടപ്പിലാക്കാനുള്ള പരിശ്രമവും തുടങ്ങേണ്ട സമയമാണിത്.

2024 ജൂൺ 23ന് കൂടുന്ന 99–ാമത് വാർഷികപൊതുയോഗം ടി വിഷയങ്ങൾ വളരെ കാര്യഗൗരവത്തോടുകൂടി ചർച്ച ചെയ്തു തീരുമാനം എടുക്കുകയും ചെയ്യേണ്ടതാണ്. ഈ ലക്കം സൗഹൃദത്തിനോടൊപ്പം കരയോഗം അംഗങ്ങൾക്ക് വേണ്ടി, നിയമാവലിക്ക് അനുശ്രതമായി, എറണാകുളം കരയോഗത്തിന്റെ പ്രവർത്തന റിപ്പോർട്ട്, വരവ് - ചിലവ് കണക്കുകൾ റവന്യൂ, ക്യാപ്പിറ്റൽ ബഡ്ജറ്റ്, ഓഡിറ്റ് റിപ്പോർട്ട് എന്നിവ പ്രസിദ്ധീകരിച്ചിട്ടുണ്ട്. മുൻപ് സൂചിപ്പിച്ചപോലെ ശതാബ്ദിയുടെ സ്മരണയ്ക്കായി വളരെ വിപുലമായ പല സ്വപ്ന പദ്ധതികളും ഉൾപ്പെടുത്തിയിട്ടുണ്ട്. ബഹുമാനപ്പെട്ട കരയോഗാംഗങ്ങൾ ഭരണറിപ്പോർട്ടും മറ്റും വിശദമായി പരിശോധിച്ച്, വിലയിരുത്തി നിങ്ങളുടെ അഭിപ്രായങ്ങൾ എറണാകുളം കരയോഗത്തിന്റെ നന്മ കൂടി കണക്കാക്കികൊണ്ട് പൊതുയോഗത്തിൽ അറിയിക്കണമെന്ന് വിനീതമായി അഭ്യർത്ഥിക്കുന്നു. നിങ്ങളുടെ വിലയേറിയ ഉപദേശനിർദ്ദേശങ്ങൾ എന്നും കരയോഗത്തിന് ഗുണം ചെയ്തിട്ടേയുള്ളൂ എന്നും തുടർന്നും അതാണ് ഞങ്ങൾ പ്രതീക്ഷിക്കുന്നത് എന്നും പറഞ്ഞുകൊള്ളട്ടെ.

കരയോഗത്തിന്റെ നിയമാവലി പ്രകാരം 2024–28 ലേക്ക് ഭരണസമിതിയിൽ ഒഴിവു വരുന്ന സ്ഥാനങ്ങളിലേയ്ക്ക് തിരഞ്ഞെടുപ്പ് ആവശ്യമായി വരുന്ന പക്ഷം ആയത് നടത്തുന്നതിനായി റിട്ടേണിങ്ങ് ഓഫീസറായി അഡ്വ. (ഡോ.) എം. രാജേന്ദ്രകുമാർ, മൃദംഗശൈലം, നോർത്ത് റെയിൽവേ സ്റ്റേഷൻ റോഡ് കൊച്ചി – 682018 ഫോൺ : 9847311044 എന്ന അംഗത്തെ ആണ് നിശ്ചയിച്ചിട്ടുള്ളത്.

അദ്ദേഹത്തിന്റെ മേൽനോട്ടത്തിലും നിയന്ത്രണത്തിലും ആയിരിക്കും തിരഞ്ഞെടുപ്പ് പ്രക്രിയകൾ നടക്കുന്നത്. യഥാസമയം അദ്ദേഹം തിരഞ്ഞെടുപ്പ് സംബന്ധിച്ച് കരയോഗം നോട്ടീസ് ബോർഡിൽ അംഗങ്ങൾക്കുള്ള അറിയിപ്പ് പ്രസിദ്ധപ്പെടുത്തുന്നതായിരിക്കും. വാർഷികപൊതുയോഗത്തിലും തിരഞ്ഞെടുപ്പ് ആവശ്യമായി വരുന്ന പക്ഷം തിരഞ്ഞെടുപ്പിൽ നിങ്ങളുടെ ഓരോരുത്തരുടേയും സഹകരണമുണ്ടാവണമെന്നും നല്ല ഭരണാധികാരികളെ തിരഞ്ഞെടുക്കുവാനായി നിങ്ങളുടെ വോട്ടവകാശം ഉപയോഗിച്ചുകൊണ്ട് എറണാകുളം കരയോഗത്തിന്റെ നന്മയ്ക്കായി എല്ലാവരും പ്രവർത്തിക്കണമെന്നും അപേക്ഷിച്ചു കൊള്ളുന്നു.

മുൻവർഷങ്ങളിലെ പോലെ ഈ വർഷവും വേനൽ അവധിക്കാലത്ത് 5 മുതൽ 12 വയസ്സുവരെയുള്ള കുട്ടികൾക്ക് കല, സാഹിത്യം, നാടക കളരി തുടങ്ങി വിവിധ വിഷയങ്ങൾ ഉൾപ്പെടുത്തികൊണ്ട് 5 ദിവസത്തെ അവധിക്കാല ക്യാമ്പ് നടത്തുകയുണ്ടായി. 44 കുട്ടികൾ പങ്കെടുത്ത ഈ ക്യാമ്പ് വളരെ ഭംഗിയായി നടത്തുവാൻ കഴിഞ്ഞു.

ഹെറിറ്റേജ് കമ്മിറ്റിയുടെ പ്രതിമാസ ചർച്ച, ഇന്ത്യൻ യോഗ അസോസിയേഷന്റെ സ്റ്റേറ്റ് ജനറൽ സെക്രട്ടറിയായ ശ്രീ രാജ് ഗോപാൽകൃഷ്ണൻ, യുണെസ്ക്കോ പൈതൃക പട്ടികയിൽ ഇടം പിടിച്ച യോഗയെക്കുറിച്ചു സംസാരിക്കുന്നു-എറണാകുളം ടിഡിഎം ഹാളിൽ 2024 ജൂൺ 15-ാം തീയതി വൈകീട്ട് 5 മണിക്ക്.

എറണാകുളം കരയോഗം സാംസ്കാരിക വേദിയുടെ ആഭിമുഖ്യത്തിൽ അകായിലെ സംഗീതം 16-06-2024 വൈകിട്ട് 4 മണിക്ക് ടി.ഡി.എം. ഹാളിൽ ദക്ഷിണാമൂർത്തി സ്മരണ. സ്വാമിയുടെ സംഗീതവിസ്മയത്താൽ ഇന്നും നിലനിൽക്കുന്ന ഗാനങ്ങൾ. ഏവർക്കും സ്വാഗതം.

എറണാകുളം കരയോഗത്തിന്റെ സഹകരണത്തോടെ നടത്തുന്ന ബീമിന്റെ പ്രതിമാസ പരിപാടിയിൽ മേജർ സെറ്റ് കഥകളി. കഥ - രുഗ്മാംഗദചരിതം. 25 - 06 - 2024 ചൊവ്വാഴ്ച വൈകുന്നേരം 6.30ന് ടി.ഡി.എം. ഹാളിൽ ഏവർക്കും സ്വാഗതം.

എറണാകുളം കരയോഗം സാഹിതിയോഗത്തിന്റെ 2024 ജൂൺ മാസത്തെ പരിപാടി 30-ാം തീയതി ഞായറാഴ്ച വൈകിട്ട് 3.30 ന് ടി.ഡി.എം. ഹാളിൽ. സി. രാധാകൃഷ്ണന്റെ കൃതികൾ. അവതരിപ്പിക്കുന്നത് ശ്രീ. ഹരിഹരനന്ദനൻ.

കരയോഗത്തിന്റെ എല്ലാ പ്രവർത്തനങ്ങളിലും നിങ്ങളുടെ വിലയേറിയ നിർദ്ദേശങ്ങളും ഉപദേശങ്ങളും സഹകരണവും ഉണ്ടാവണമെന്ന് അഭ്യർത്ഥിച്ചുകൊണ്ട്,

ജനറൽ സെക്രട്ടറി

*****

# നോട്ടീസ്

## കരയോഗം അംഗങ്ങളുടെ ശ്രദ്ധയ്ക്ക്

എറണാകുളം കരയോഗം 99-ാം വാർഷിക പൊതുയോഗവും 2024-28 വർഷത്തേയ്ക്കുള്ള കരയോഗം ഭാരവാഹികളുടെ തിരഞ്ഞെടുപ്പും 2024 ജൂൺ മാസം 23-ാം തീയതി ഞായറാഴ്ച ടി.ഡി.എം ഹാളിൽ വെച്ച് നടത്തപ്പെടുന്നു.

ഈ വർഷത്തെ പ്രവർത്തന റിപ്പോർട്ട്, വരവ് ചിലവ് കണക്കുകൾ എന്നിവ ഈ മാസത്തെ കരയോഗസൗഹൃദത്തിൽ പ്രസിദ്ധികരിച്ചിട്ടുണ്ട്.

കരയോഗം ഭരണസമിതിയിലേയ്ക്ക് ജനറൽസെക്രട്ടറി, ഒരു വൈസ് പ്രസിഡന്റ്, ഒരു അസി.സെക്രട്ടറി, ട്രഷറർ, നാല് ഭരണസമിതി അംഗങ്ങൾ, രണ്ട് വനിതാ സംവരണ അംഗങ്ങൾ ഉൾപ്പെടെയുള്ള 10 സ്ഥാനങ്ങളിലേയ്ക്ക് 2024 - 28 പ്രവർത്തന കാലാവധിയിലേക്കുള്ള തിരഞ്ഞെടുപ്പാണ് നടത്തുന്നത്.

തിരഞ്ഞെടുപ്പു സംബന്ധിച്ച് എല്ലാ വിവരങ്ങളും റിട്ടേണിംഗ് ഓഫീസർ യഥാസമയം നോട്ടീസ് ബോർഡിൽ പ്രസിദ്ധീകരിക്കുന്നതാണ് എന്ന് ഇതിനാൽ അറിയിച്ചു കൊള്ളുന്നു.

തിരഞ്ഞെടുപ്പ് ആവശ്യമായി വരുന്നപക്ഷം ജൂൺ മാസം 23-ാം തീയതി ഞായറാഴ്ച ഉച്ചയ്ക്ക് 2 മണി മുതൽ 6 മണി വരെ തിരഞ്ഞെടുപ്പ് നടത്തുന്നതിനുള്ള ക്രമീകരണങ്ങൾ ടി.ഡി.എം ഹാളിൽ ഏർപ്പെടുത്തുന്നതാണ് എന്ന് അംഗങ്ങളെ അറിയിച്ചുകൊള്ളുന്നു.

കരയോഗം ഭരണസമിതിയ്ക്ക് വേണ്ടി
പി.രാമചന്ദ്രൻ (വേണു)



# ബാലലോകം

പറവൂർ രാജഗോപാൽ (ഫോൺ: 9847291483)

## തത്ത്വജ്ഞാനം

*പ്രിയപ്പെട്ട കൊച്ചുമക്കളേ,*

ഒഴിവുകാലമായിരുന്നില്ലേ?കൂട്ടാരൊത്തുകൂടി പലതും തൊട്ടറിയാനും ആസ്വദിക്കാനും കളിചിരിവർത്തമാനങ്ങളിൽ ഏർപ്പെടാനുമൊക്കെയുള്ള കാലമാണത്. കൂട്ടുകാർ ശരിക്കും ആസ്വദിച്ചിരിക്കുമല്ലോ ഒഴിവുദിനങ്ങൾ. പലപ്പോഴും പറഞ്ഞിട്ടുള്ളതുപോലെ, ജീവിതത്തിന്റെ ഏറ്റവും സുന്ദരമായൊരു കാലഘട്ടത്തിലൂടെയാണ് നിങ്ങൾ കടന്നുപൊയ്ക്കൊണ്ടിരിക്കുന്നത്. ഒരിക്കലും ഇനി ജീവിതത്തിൽ തിരിച്ചുകിട്ടാത്ത കാലം. ഉണർവ്വോടെ, ഉത്സാഹത്തോടെ ബാല്യകൗമാരകാലങ്ങൾ അനുഭവിക്കണം. എക്കാലത്തേയും നല്ല ഓർമ്മക്കാലമാവണം നിങ്ങൾ ഓരോരുത്തരുടെയും ബാല്യകാലം; ഒഴിവുകാലങ്ങൾ ഓരോന്നും.

ഓരോ ദിവസവും സ്നേഹത്തോടെയാകട്ടെ ആരംഭം. ദിനം മുഴുവൻ സ്നേഹം നിറയട്ടെ. ദിവസം സ്നേഹത്തിൽ ചെലവാക്കൂ; ദിനാന്ത്യം സ്നേഹം കൊണ്ട് പൂരിപ്പിക്കുക. ഇതത്രേ ഈശ്വരമാർഗ്ഗം. സ്നേഹം സത്യത്തിൽ നിന്നാണ് ഉരുത്തിരിഞ്ഞെത്തുന്നത്. സത്യമാണെങ്കിലോ, സംശയിക്കേണ്ടാ, സ്നേഹത്തിൽ നിന്നുതന്നെയാണ് പിറവിയെടുക്കുന്നത്. സത്യം ഉള്ളിലുള്ള സ്രോതസ്സാണ്. സ്നേഹം പുറമേയുള്ളതും. ഏകത്വത്തിന്റെ പ്രകടഭാവമാണ് നാരായണതത്ത്വം. ആന്തരികമായ ഒഴുക്ക് അനുസ്യൂതമാകുന്നു. സരസ്വതി ഇതിന്റെ പ്രതീകമാണ്. വാണീതത്ത്വമാണ് സരസ്വതി അദൃശ്യയായ അന്തർവാഹിനി. വാക്കിന്റെ ദേവതാസ്ഥാനം. വാക്ക് ഒരിക്കലും ദുരുപയോഗം ചെയ്യരുത് മക്കൾ. വാക്കിനെ നിന്ദകൊണ്ട് അധിക്ഷേപിക്കുകയും അരുത്. വിധേയത്വത്തിന്റെ രീതിയിൽ എന്തും പറയാനും സംസാരിക്കാനും നിങ്ങൾക്ക് കഴിയണം. വാക്കിനെ നിയന്ത്രിക്കേണ്ടത് പരമപ്രധാനമാണ്. കാൽവഴുതി നമ്മളൊന്നു വീണുപോയാൽ വലിയ അപകടമൊന്നും പറ്റിക്കൊള്ളണമെന്നില്ല. വാക്കുപിഴച്ചാൽ സംഗതി അല്പം ഗുരുതരമാണ്. നാവിനു വീഴ്ച പറ്റിയാൽ നഷ്ടം പറ്റും. മനുഷ്യന്റെ സിദ്ധികളിൽ ഭാഷ പരമപ്രാധാന്യമർഹിക്കുന്നു.

മക്കൾ ഒരിക്കലും അസത്യം പറയുന്നവരാകരുത് വാക്ക്കൊണ്ട് ആരെയും വേദനിപ്പിക്കരുത്. നാവിലൂടെ നല്ലതുമാത്രം പറയുക. ശബ്ദം നാവിൽ നിന്നാണ്. മധുരമായി സംസരിച്ചു ശീലിക്കുക.

ഓരോ വ്യക്തിയും സ്വയം നന്നാവുമെങ്കിൽ ലോകം നന്നായി ഇല്ലേ? ശരിയല്ലേ? നല്ലതുപറയുക, നല്ലതുമാത്രം ചെയ്യുക. ജീവിതം പവിത്രമാക്കുക. നമുക്കു ചുറ്റും നാം നന്മ വിതയ്ക്കുക, പ്രേമത്തോടെ കാര്യങ്ങൾ പറയുക.

ജീവിതമെന്നത് ഒരു പ്രതിഫലനമാണ്. ഹൃദയം യാഥാർത്ഥ്യവുമാണ്. യാഥാർത്ഥ്യമില്ലെങ്കിൽ എന്തുപ്രതിഫലനം? അതുകൊണ്ട് ഹൃദയം സ്നേഹപൂർണ്ണമാക്കുക.

മനസ്സിൽ സദാ ഭഗവാന്റെ നാമങ്ങൾ ഉരുക്കഴിക്കണം. മനസ്സും ഭഗവല്സ്മരണയും ചേരുമ്പോൾ യഥാർത്ഥ ആരാധനയായി.

ഹൃദയം പൂട്ടും മനസ്സു താക്കോലുമാണ്. അടയ്ക്കലും തുറക്കലും ശ്രദ്ധയോടെ വേണം.

നമ്മുടെയൊക്കെ മനസ്സ് നിരന്തരം ലോകത്തോടു ബന്ധപ്പെട്ടിരിക്കുന്നു. ലോകം തീർച്ചയായും ഉള്ളതുതന്നെ പക്ഷെ അത് അസ്ഥിരമെന്ന് അറിയണം. നശ്വരമാണെന്ന ബോധം വേണം. ഉള്ളതായുള്ള ഏകതത്ത്വം ആത്മതത്ത്വം മാത്രമാണ്.

നാം പഠിക്കുന്നു. വിദ്യകൾ സമ്പാദിക്കുന്നു. യോഗ്യതകൾ നേടുന്നു. പലതിലുമായി മുഴുകുന്നു. ധനം സമ്പാദിക്കുന്നു. സുഖസൗകര്യങ്ങളോടെ കഴിയുന്നു. പണം വരും പോകും സദ്‌വൃത്തിയാകട്ടെ വളരുന്നു. സദ് ധർമ്മങ്ങൾ സംഭരിക്കണം പുതുതലമുറ. സദ്ഗുണങ്ങൾ ഇല്ലെങ്കിൽ ധനവും അധികാരവും സൗഹൃദങ്ങളും എല്ലാം വ്യർത്ഥം. സദ്ഗുണങ്ങളേ സ്ഥിരമായി കൂടെ നിൽക്കൂ. സദ്ഗുണ സമ്പന്നനേ യഥാർത്ഥമനുഷ്യനാവൂ. ഗുണങ്ങളില്ലെങ്കിൽ മനുഷ്യൻ മൃഗസമാനൻ. എങ്ങനെ അവന് മെച്ചപ്പെട്ടവനാകാൻ കഴിയും?

കാര്യങ്ങളെ കൂടുതൽ വിശാലമായ കാഴ്ചപ്പാടിൽ കണ്ടറിയാനുള്ള കഴിവുനേടുന്നവരാകണം കൂട്ടുകാർ. ബോധോദയമാണ് പണംകൊണ്ടു സാദ്ധ്യമാക്കേണ്ട പ്രധാനകാര്യം. ഉത്തമമായ ബോധം ഉള്ളിലുദിക്കുമ്പോൾ ബോദ്ധ്യമായതു ചെയ്യാൻ നമുക്കാവുന്നു. ബോദ്ധ്യമായത് എന്നാൽ നല്ല ഉറപ്പുള്ളത്, ശരിയായത്, ന്യായമായത്, സത്യമായത് എന്നൊക്കെ അർത്ഥം. ബോദ്ധ്യമായതു പ്രവർത്തിക്കുമ്പോൾ അത് തെറ്റുകുറ്റങ്ങളില്ലാത്ത പ്രവൃത്തിയാകുന്നു. സൽപ്രവൃത്തിതന്നെയാകുന്നു. മക്കൾ സൽപ്രവൃത്തി ചെയ്യുന്നവരായിട്ട്, സദ്ഗുണസമ്പന്നരായിട്ട് മനസ്സുകൊണ്ട് ഉയർന്ന നിലയിൽ വിരാജിക്കുന്നവരാകണം.

ഒരിക്കൽ ശ്രീരാമൻ ഹനുമാൻസ്വാമിയോടു ചോദിച്ചു

'ഹനുമാൻ നീയെന്നെ ഏതുവിധം കാണുന്നു?'

ഹനുമാൻ സ്വാമി പറഞ്ഞു.

'ഹേ, രാമാ, എനിക്ക് ഞാനെന്ന ബോധമുള്ളപ്പോൾ അങ്ങ് പൂർണ്ണനും ഞാൻ അംശവും. അങ്ങ് പ്രഭു. ഞാൻ ദാസൻ എന്നു ഞാൻ അറിയുന്നു. തത്ത്വജ്ഞാനം വരുമ്പോൾ അങ്ങു തന്നെ ഞാൻ. ഞാൻ തന്നെ അങ്ങ് എന്നും കാണുന്നു.'

മഴക്കാലമായി. മഴയത്തു മഴ കൊണ്ടും കണ്ടും രസിക്കാം.

നല്ലതുമാത്രം നിങ്ങൾക്കായി സംഭവിക്കട്ടെ എന്നും! നല്ലൊരു മഴക്കാലാശംസയോടെ നിറുത്തട്ടെ.

*****



# വാസ്തുശാസ്ത്രം

ശ്രീ. പ്രഭാകരമേനോൻ പര്യാടത്ത്, റിട്ടയേർഡ്
എഞ്ചിനീയർ, വാസ്തു വിദ്ഗദ്ധൻ
(ഫോൺ: 9447032434)

## ചില സംശയങ്ങൾ

**ക**ഴിഞ്ഞ ഒരു മാസത്തിനിടെ പോയ ഓരോ വീടുകളിലെ പ്രശ്നങ്ങളും സംശയങ്ങളും താഴെ പറയുന്നവയാണ്. 1. ഒരു വീട്ടിൽ സ്ഥിരമായി ഒരേ അസുഖം പലപ്പോഴും ഉണ്ടാകുന്നു. മൂന്നാമത്തെ Generation ആണ് ക്യാൻസർ ബാധിച്ചിട്ടുള്ളത്. അവരുടെ വീടിന്റെ കന്നിമൂലയിലാണ് toilet ഉള്ളത്. അതു കൊണ്ടാണ് ഇങ്ങനെ ഉണ്ടാകുന്നത് എന്ന് ആരോ പറഞ്ഞു. ചില വീടുകളിൽ സ്ഥിരമായി ചില അസുഖങ്ങൾ ഉണ്ടാകുന്നതിന് വാസ്തു ശാസ്ത്രമായി യാതൊരു ബന്ധവുമില്ല. ചില വീടുകളിലെ life style കാരണം പല പ്രശ്നങ്ങളും ഉണ്ടാകുന്നുണ്ട്. ഭക്ഷണരീതി, ഭക്ഷണ സമയം ഉറക്കം ഇതെല്ലാം കാരണം പാരമ്പര്യമായി അസുഖം ഉണ്ടാകാം. കന്നിമൂലയിൽ toilet കുഴപ്പമില്ലെന്ന് പലപ്പോഴും പറഞ്ഞിട്ടുണ്ട്. (2.) വടക്കോട്ട് മുഖമുള്ള ഒരു വീട്ടിൽ പൂജാമുറി വടക്കുവശത്ത് വരാന്തയുടെ പടിഞ്ഞാറുഭാഗത്ത് കിഴക്കോട്ടു തിരിഞ്ഞാണ്. പൂജാമുറിയുടെ ചുമരും കുളിമുറിയുടെ ചുമരും ഒന്നാണ്.ഇവിടെ പൂജാമുറിയിലേക്ക് പൂജാമുറിയുടെ കിഴക്കുള്ള വാതിൽ വഴി ധാരാളം ഉദയം വരുന്നു. പൂജാമുറിയുടെ ചുറ്റും ഏതു മുറിയായാലും കുഴപ്പമില്ല. ഇവിടെ പൂജാമുറി ഒരു കുഴപ്പവുമില്ല. 3. മൂന്നു സെന്റിൽ താഴെയുള്ള സ്ഥലത്ത് വീട് പണി തുടങ്ങുവാൻ ഇരിക്കുന്ന സമയത്ത് രണ്ടു പ്രാവശ്യം തടസങ്ങൾ വന്നു. വാസ്തു നോക്കാതെയാണ് പ്ലാൻ ഉണ്ടാക്കിയത്. അതുകൊണ്ടാണോ തടസം എന്നാണ് അവരുടെ സംശയം. പ്ലാൻ പരിശോധിച്ചപ്പോൾ വലിയ പ്രശ്നം കണ്ടില്ല.

കിടപ്പുമുറിയിൽക്കൂടി തെക്കുപടിഞ്ഞാറൻ കാറ്റ് കടന്നു പോകാൻ പാകത്തിനാണ് പ്ലാൻ ഉണ്ടാക്കിയിരിക്കുന്നത്. അടുക്കള കിഴക്ക് തെക്കാണ്. ഇവിടെത്തെ പ്രശ്നം വലിയൊരു വീടിന്റെ പടിഞ്ഞാറുവശത്ത് മൂന്നു സെന്റിൽ താഴെ സ്ഥലമാണുള്ളത്. ഒരേ പോലെ തെക്കോട്ടും, പടിഞ്ഞാറോട്ടും ചരിവുള്ള ഭൂമിയാണ്. സ്ഥലത്തിന്റെ തെക്കും, പടിഞ്ഞാറും മണ്ണിട്ടുപൊക്കി വടക്കോട്ട് ചെറിയ ചരിവുള്ള ഭൂമി ആക്കിയശേഷം, സ്ഥലത്തിന്റെ തെക്കും, പടിഞ്ഞാറും അതിർത്തിയിൽ 24CM ഉയരത്തിൽ മതിൽ കെട്ടിയശേഷം പണി തുടങ്ങിയാൽ വീടു പണിവേഗം നടക്കുന്നതായിരിക്കും. 4) മറ്റൊരു സ്ഥലത്ത് വീടിന്റെ തെക്കുവശത്താണ് റോഡ്. പ്രധാനവാതിൽ തെക്ക് മദ്ധ്യത്തിലുള്ള വരാന്തയിൽ നിന്നാണ്. ഗേറ്റ് നിൽക്കുന്നത് പറമ്പിന്റെ തെക്ക് കിഴക്കെ ഭാഗത്താണ്. ഈ വീട്ടിൽ യാതൊരു വിധ പ്രശനങ്ങളുമില്ല. വീട്ടിൽ വരുന്നവരും, പോകുന്നവരും തെക്കോട്ട് ഉറങ്ങുന്നതു മാറ്റി കിഴക്കോട്ട് ഇറങ്ങണമെന്ന് പറഞ്ഞ് വീട്ടുകാരെ മാനസികമായി വിഷമിപ്പിക്കുന്നു.

ഇൻഡ്യയിൽ പലസ്ഥലങ്ങളിലും, വിദേശങ്ങളിലും തെക്കോട്ടുമുഖമുള്ള വീട് ഐശ്വര്യമുള്ളതായി കണക്കാക്കുന്നു. ലോകപ്രസിദ്ധമായ ബിൽഗേറ്റ്ന്റെ വീട് തെക്കോട്ടാണ് മുഖം. White Houseന്റെ മുഖവും തെക്കോട്ടാണ്. പല വീടുകളിലും വരുന്നവരും, പോകുന്നവരും പല അഭിപ്രായങ്ങളും പറയും അതു ശ്രദ്ധിക്കാതിരിക്കുന്നതാണ് നല്ലത്.

*****

ക്ഷേത്രങ്ങളിലൂടെ

# കണ്ടിയൂർ ശ്രീമഹാദേവക്ഷേത്രം



ഇന്ദിരാഭായി ഫോൺ : 8078552892

ഭഗവാൻ ശ്രീപരമേശ്വരൻ ശ്രീകണ്ഠനായി വിരാജിക്കുന്ന ഒരു ക്ഷേത്രമാണ് കണ്ടിയൂർ മഹാദേവക്ഷേത്രം. പരശുരാമപ്രതിഷ്ഠിതമായ 108 ശിവാലയങ്ങളിൽ ഒന്നാണ് കണ്ടിയൂർ മഹാദേവക്ഷേത്രം. കേരളത്തിൽ ഏറ്റവും കൂടുതൽ ഉപദേവതാപ്രതിഷ്ഠകളുള്ള രണ്ടാമത്തെ ക്ഷേത്രമാണിത്. 'കണ്ടതിൽ വച്ചേറ്റവും നല്ല ഊര്' എന്നു ഖ്യാതിനേടിയ സ്ഥലം കണ്ടിയൂർ എന്നറിയപ്പെടുന്നു. ആലപ്പുഴജില്ലയിൽ അച്ചൻകോവിലാറിന്റെ തീരത്ത് സ്ഥിതി ചെയ്യുന്ന ഒരു പുണ്യപുരാതന ക്ഷേത്രമാണ് കണ്ടിയൂർ മഹാദേവക്ഷേത്രം. ഭക്തികൊണ്ട് നേടാൻ പറ്റാത്തതായി ഒന്നുമില്ല എന്നു വിശ്വസിപ്പിക്കുന്ന ക്ഷേത്രം. ഉത്രം നക്ഷത്രത്തിൽ ജനിച്ചവർ ഉറപ്പായും ദർശിക്കേണ്ട ക്ഷേത്രം. അചഞ്ചലമായ ഭക്തികൊണ്ട് ഭഗവാനെതപസ്സ് ചെയ്ത് പുത്രലാഭം നേടിയ കൗശികമുനി എന്ന മൃഗണ്ഡുമുനിയുടെ കഥയുമായിബന്ധമുള്ള ഒരു ക്ഷേത്രമാണ് കണ്ടിയൂർ ശിവക്ഷേത്രം. കൊടും വനത്തിൽ തപസ്സുചെയ്തിരുന്നപ്പോൾ മൃഗങ്ങൾ ഉപദ്രവിച്ചിട്ടുപോലും തപസ്സിൽ നിന്നും വ്യതിചലിക്കാതെയിരുന്ന മഹർഷിയെ അനുഗ്രഹിച്ച ഭഗവാനാണ് കണ്ടിയൂരപ്പൻ. മൃഗങ്ങളാൽ വ്രണപ്പെട്ട അദ്ദേഹത്തെ 'മൃഗണ്ഡു' എന്ന നാമം നൽകി ഭഗവാൻ അനുഗ്രഹിച്ചു. മഹർഷി തപസ്സു ചെയ്തു പൂജിച്ചിരുന്ന വിഗ്രഹമാണ് കണ്ടിയൂർ ക്ഷേത്രത്തിലെ ശിവലിംഗം. പരശുരാമനാണ് ലിംഗപ്രതിഷ്ഠനടത്തിയത് എന്നും വിശ്വസിക്കുന്നു. കൗശികമുനിയെ മൃഗണ്ഡുവാക്കിയ ഭഗവാൻ, മൃഗണ്ഡുമുനിക്ക് മാർക്കണ്ഡേയനെന്ന പുത്രനെ നൽകി അനുഗ്രഹിച്ച ഭഗവാൻ ദക്ഷിണകാശി എന്നും അറിയപ്പെടുന്ന ഈ പുണ്യസ്ഥലത്ത് വിരാജിക്കുന്നു. ഭഗവാന് കിരാതമൂർത്തി സങ്കല്പമാണ് കല്പിച്ചിരിക്കുന്നത്. ഭഗവാനെ പഞ്ചമുഖനായും, ആരാധിക്കുന്നു. സൃഷ്ടിയുടെയും, സ്ഥിതിയുടേയും, സംഹാരത്തിന്റേയും മൂർത്തിമത് ഭാവമായി ഭഗവാൻ ശ്രീപരമേശ്വരൻ കണ്ടിയൂരിന്റെ ഐശ്വര്യദായകനായി കുടികൊള്ളുന്നു. തൃക്കണ്ടിയൂരപ്പന്റെ തിരുനടയിലൊരു തീർത്ഥയാത്ര നടത്തിതിരുമുൽ കാഴ്ചകൾ കണ്ടു വണങ്ങുവാൻ ഭാഗ്യം ലഭിക്കുക അത്ര എളുപ്പമല്ല. കിരാതമൂർത്തിയായും ആശ്രിതവത്സല്യനായും ശ്രീപാർവ്വതീശനായും പരിലസിക്കുന്ന ശ്രീമഹാദേവന്റെ ദർശനം ഒരു ജന്മപുണ്യം തന്നെ. ഈശ്വരസാക്ഷാത്ക്കാരമാണ് ജീവിതത്തിന്റെ പ്രധാനലക്ഷ്യം എന്നു വിശ്വസിക്കുന്നവർ ഭഗവാനെ അറിഞ്ഞു സേവിക്കുന്നു. ഓടനാടുനാട്ടുരാജാവിന്റെ അധീനത്തിലായിരുന്നു ഈ ക്ഷേത്രം. അക്കാലത്ത് ക്ഷേത്രം വളരെയധികം പ്രശസ്തിപ്രാപിച്ചിരുന്നു. ഓടനാടുനാട്ടുരാജാക്കന്മാരുടെ തലസ്ഥാനം കണ്ടിയൂരായിരുന്നു. ഓടനാടുരാജാവിനും മാടത്തുംകൂർ രാജാവിനും തുല്യഅധികാരമായിരുന്നു ഇവിടെ. ഇടക്കാലത്ത് ബുദ്ധമതത്തിനു പ്രചാരം ലഭിച്ചപ്പോൾ, ബുദ്ധക്ഷേത്രമായും അറിയപ്പെട്ടിരുന്നു. ഓടനാടുനാട്ടുരാജ്യം കായംകുളം വീര ഉദയവർമ്മൻ രാജാവു പിടിച്ചടക്കി. പിന്നീട് അനിഴം തിരുനാൾ മഹാരാജാവ് തിരുവിതാംകൂറിനോടും യോജിപ്പിച്ചു. അന്ന് കായംകുളം രാജാവ് തന്റെ ഉടവാൾ കണ്ടിയൂർ മഹാദേവ

നു മുന്നിൽ സമർപ്പിച്ച് പടിഞ്ഞാറെ നടവഴിപുറത്തേക്കോടി. പിന്നീടിന്നുവരെയും പടിഞ്ഞാറെ നാലമ്പലനട തുറന്നിട്ടില്ല.

കേരളചരിത്രത്തിനു മുതൽകൂട്ടായ അനേകം ശിലാലിഖിതങ്ങൾ ഈ ക്ഷേത്രത്തിലുണ്ട്. ദേവദാസികളായിരുന്നു ഈ ക്ഷേത്രത്തിന്റെ അവകാശികൾ അവരുടെ സ്വാധീനം വെളിപ്പെടുത്തുന്ന പല രേഖകളും കാണാം. ക്ഷേത്രത്തിലെ ദേവദാസിയായ ചെറുകര കൂട്ടത്തിയെ അന്നത്തെ കണ്ടിയൂർ മറ്റം രാജാവ് വിവാഹം കഴിച്ചതായും ചെറുകര ഉണ്ണിയാടി, മുത്തൂറ്റ് ഇളയച്ചി, ഉണ്ണിചക്കി, കരിങ്ങാട്ടെ ഉണ്ണൂലി എന്നിവരായിരുന്നു ക്ഷേത്രാവകാശികൾ എന്നും രേഖകളിൽ കാണുന്നു. ക്ഷേത്രത്തിലെ പ്രദക്ഷിണ വഴികളിൽ സ്ഥാപിച്ചിരുന്ന ശിലാഫലകങ്ങൾ അക്ഷരങ്ങൾ മാഞ്ഞു പോകാതിരിക്കുവാൻ ക്ഷേത്രച്ചുമരിനോടു ചേർത്തു വച്ചിട്ടുള്ളതുകാണാം. ചേരസാമ്രാജ്യചക്രവർത്തിയായിരുന്ന രാജശേഖരവർമ്മൻ ഈ ക്ഷേത്രത്തിന്റെ പുനരുദ്ധാരണം നടത്തിയെന്നു ചരിത്ര രേഖകളുണ്ട്.

രണ്ടു നിലകളായി കാണപ്പെടുന്ന പ്രധാന ശ്രീകോവിലിന്റെ താഴത്തെ നിലവർത്തുളാകൃതിയിലും മുകളിലത്തേത് ചതുരാകൃതിയിലും കാണപ്പെടുന്നു. മൃഗണ്ഡുമഹർഷി തപസ്സനുഷ്ഠിച്ചിരുന്ന സ്ഥാനത്താണ് ഈ ക്ഷേത്രം സ്ഥിതിചെയ്യുന്നത് എന്നും വിശ്വസിക്കുന്നു. ശ്രീകോവിൽ ചുമരുകൾ കരിങ്കല്ലും മണ്ണും ചേർത്തു നിർമ്മിച്ചിരിക്കുന്നു. ക്ഷേത്രത്തിൽ പലയിടത്തായും ശ്രീകോവിലിന്റെ അടിത്തറയിലും വട്ടെഴുത്തിലുള്ള ധാരാളം ശിലാശാസനങ്ങൾ കാണാം. നാലമ്പലത്തിനു ചുറ്റിലുമായി പതിനൊന്ന് ഉപദേവതാസ്ഥാനങ്ങളുമുണ്ട്. ഇവയൊക്കെ പല കാലങ്ങളായി സ്ഥാപിച്ചവയാണ്. 5 ഉപദേവതകളെ മറ്റു ക്ഷേത്രങ്ങളിൽ നിന്നും മാറ്റിസ്ഥാപിച്ചതാണ്. 1103 ലാണ് ഇവിടെ സ്വർണ്ണക്കൊടിമരം സ്ഥാപിച്ചത്. പ്രദക്ഷിണ വഴിയിലെ തെക്കുപടിഞ്ഞാറുകോണിൽ നിന്നുകൊണ്ട് ഭഗവാന്റെ അഞ്ചുതാഴികക്കുടങ്ങൾ കണ്ട് ഭഗവാനെ പഞ്ചമുഖനായി സങ്കല്പിച്ചു പ്രാർത്ഥിക്കുന്നു. ഈ അഞ്ചു ശ്രീകോവിലുകളിലും ഭഗവാന്റെ അഞ്ച് അംശഭാവങ്ങളാണ് കുടികൊള്ളുന്നത്. സൂര്യാസ്തമയസമയത്ത് മഹാദേവനെ വൈക്കത്തപ്പനായും ആരാധിക്കുന്നു. ഏഴര ഏക്കർ വിസ്തൃതിയിൽ കാണപ്പെടുന്ന ഈ ക്ഷേത്രാങ്കണത്തിൽ അഞ്ച് ശിവാംശഭാവങ്ങൾ, മഹാവിഷ്ണു, മൃത്യുഞ്ജയൻ, പാർവ്വതീശൻ ശങ്കരൻ, ഗണപതി, ശ്രീകണ്ഠൻ, വടക്കുംനാഥൻ സുബ്രമ്മണ്യൻ, മൂലഗണപതി, അന്നപൂർണ്ണേശ്വരി, ശാസ്താവ്, നാഗരാജാവ്, നാഗയക്ഷി, ഗോശാലകൃഷ്ണൻ എന്നീ ഉപദേവന്മാരും കുടികൊള്ളുന്നു. ധനുമാസതിരുവാതിര ആറാട്ടായി വരത്തക്കവിധം പത്തുദിവസമാണ് കണ്ടിയൂരപ്പന്റെ ക്ഷേത്രോത്സവം കൊണ്ടാടുന്നത്. മത്സരവിജയത്തിനായി കളവുപറഞ്ഞ ബ്രഹ്മാവിന്റെ കണ്ഠം നുള്ളിയെടുത്ത മഹാദേവൻ ശ്രീകണ്ഠനായി, ഭക്തവത്സലനായി കണ്ടിയൂരിൽ വാണരുളുന്നു. മൃഗണ്ഡുമഹർഷി തപസ്സനുഷ്ഠിച്ചിരുന്നതും കൊടുംവനവുമായിരുന്ന ഈ സ്ഥലത്ത് ഇന്നും അപൂർവ്വങ്ങളായ ചെറുതും വലുതുമായ ധാരാളം വൃക്ഷങ്ങൾ കാണാം. ക്ഷേത്രശ്രീകോവിൽ നല്ല ഉയരത്തിലാണ് കാണപ്പെടുന്നത്. പടികൾ കയറിവേണം ഭഗവാനെ ദർശിക്കേണ്ടത്. അതിവിസ്തൃതമായ ഈ ക്ഷേത്രാങ്കണത്തിലെത്തി ഭഗവാനെ തൊഴുത്, പ്രദക്ഷിണം വച്ച് എത്തുമ്പോൾ ഭക്തികൊണ്ട് പുത്രലാഭം നേടിയമൃഗണ്ഡുമഹർഷിയേയും ആയുസ്സ് നേടിയ മാർക്കണ്ഡേയ മഹർഷിയേയും മനസ്സാ സ്മരിച്ചുപോകും. ഭക്തവത്സലനായ, ശ്രീകണ്ഠനായ കണ്ടിയൂരപ്പനോട് ദീർഘായുസ്സിനും, ആയുരാരോഗ്യസൗഖ്യത്തിനും, സന്താനസൗഖ്യത്തിനും, വേണ്ടി നമുക്കു പ്രാർത്ഥിക്കാം.

** * **

# ആരാണ് അമ്മ

ഡോ. രാജേശ്വരി കുഞ്ഞമ്മ - 9388382009

*തുടർച്ച*

ഒരു മനുഷ്യന്റെ സ്വഭാവത്തിന്റെ അടിസ്ഥാനമെന്നു പറയുന്നത് ആ കുട്ടി ചെറുപ്പം മുതൽ എങ്ങനെ വളർന്നുവെന്നതാണ്. ഇവിടെ ശാരീരികമായ വളർച്ച മാത്രമല്ല, കുട്ടിക്ക് കാര്യങ്ങൾ മനസിലാക്കാനും തിരിച്ചറിയുവാനും ഉള്ള കഴിവ് മാനസികവും സാമൂഹ്യപരവുമായ കാഴ്ചപാടു തുടങ്ങിയവയുടെ പ്രാധാന്യം കൂടിയാണ്. കുട്ടിയുടെ മനോഭാവം അഭിരുചി ഇവയെല്ലാം തന്നെ ഒരു പരിധിവരെ പരിശീലിപ്പിക്കാവുന്നതാണ്. ഓരോ വ്യക്തിയും മറ്റൊരാളിൽ നിന്ന് വ്യത്യസ്തനാണല്ലോ. അവർ ബന്ധപ്പെടുന്ന സാഹചര്യം വ്യത്യസ്തം. അവയെ മനസിലാക്കുന്നതും പ്രതികരിക്കുന്നതും വ്യത്യസ്തമായ രീതിയിൽ. വളർച്ചയുടെ ഘട്ടങ്ങളിൽ ഉണ്ടാകുന്ന തടസ്സങ്ങളും പ്രശ്നങ്ങളും ആ കുട്ടിയുടെ മുൻപോട്ടുള്ള പോക്കിൽ ഉണ്ടാക്കുന്ന പ്രതികരണങ്ങളും വ്യത്യസ്തമാണ്. ഉദാഹരണത്തിന് മദ്യപാനിയുടെ മകൻ, മദ്യത്തിനെതിരായി പ്രവർത്തിക്കാനും, മദ്യപാനിയായി മാറാനും സാധ്യതയുണ്ട്. പല മനശാസ്ത്രജ്ഞന്മാരും കുട്ടികളുടെ പെരുമാറ്റം വിശേഷങ്ങളേക്കുറിച്ചു പല പഠനങ്ങളും അഭിപ്രായങ്ങളും രേഖപ്പെടുത്തിയിട്ടുണ്ട്. അതൊന്നും ഇവിടെ വിവരിക്കേണ്ട ആവശ്യമില്ല. പാരമ്പര്യവും സാഹചര്യങ്ങളും കൂടെ ഗുണിച്ചു കിട്ടുന്ന ആകെ തുകയാണ് വ്യക്തിത്ത്വം. ഈ വ്യക്തിത്ത്വത്തെ വികസിതവ്യക്തിത്ത്വമാക്കുമ്പോഴാണ് വ്യക്തിത്വവികസനം സാധ്യമാകുന്നത്. കുട്ടി കേൾക്കുന്ന വാക്കുകൾ, കാണുന്ന കാഴ്ചകൾ ഭാഷ, അച്ഛനുമ്മയും വഴക്കടിക്കുമ്പോൾ ഉണ്ടാകുന്ന മാനസികസംഘട്ടനം ഇവയൊക്കെ സ്വാധീനം ചെലുത്തിയ ധാരാളം കാഴ്ചകൾ കാണേണ്ടി വന്നിട്ടുണ്ട്. കുട്ടികൾ 3 വയസ്സേ ഉള്ളൂ. എന്തു മനസിലാകാനാണ് എന്നൊക്കെ പറഞ്ഞു പലരും തള്ളും. ഒന്നു മനസിലാക്കണം. ആ സമയം അവരുടെ മുഖത്തു കാണുന്ന ഭാവവ്യത്യാസം എത്രയോ വലുതാണ്. ഗ്രഹിക്കാൻ കഴിവുണ്ട് പ്രതികരിക്കാൻ പറ്റുന്നില്ലായെന്നു മാത്രം. അവർക്ക് പ്രോത്സാഹനം കിട്ടാതിരിക്കുക തരം താഴ്ത്തിയുള്ള സംസാരം, കുട്ടികൾ തമ്മിലുള്ള താരതമ്യം ഇവയെല്ലാം വ്യക്തിത്വവികസനത്തിന് തടസ്സമാണ്. അവർക്ക് പലതരത്തിലുള്ള അപകർഷതാബോധവും ഭയവുമുണ്ടാക്കുന്നു. കുട്ടികൾക്ക് നമ്മൾ വണ്ടിയും മറ്റും കളിക്കാൻ കൊടുക്കാറില്ലേ. അതവർ ഊരി വീണ്ടും ഉറപ്പിക്കും. ചിലപ്പോൾ ശരിയാകില്ല. നീ ചെയ്താൽ ശരിയാകില്ല. അമ്മ ചെയ്തു തരാം എന്നൊക്കെ പറയുമ്പോൾ ചില കുട്ടികൾക്ക് പ്രതികരണം അവർക്ക് എല്ലാം അമ്മ ചെയ്തു കൊടുക്കുമെന്നോ, അവരെക്കൊണ്ട് കഴിയില്ലായെന്നതോ ഒക്കെ ആകാം. നമ്മുടെ നിസാരവാക്കുകളുണ്ടാക്കുന്ന പ്രത്യാഘാതം വലുതാണ്. പരാജയം മാത്രമേ ഉള്ളൂവെന്നു പറഞ്ഞു വരുന്നവരിൽ ചിലർക്ക് ആത്മവിശ്വാസക്കുറവു കാണുന്നുണ്ട്. സമപ്രായക്കാരോടുള്ള കളി അവർ ആസ്വദിക്കുന്നതിന്റെ കാരണം തന്നെ അവർക്ക് കിട്ടുന്ന അംഗീകാരം, ചെറുതല്ല. അധികാര രീതിയിലുള്ള പെരുമാറ്റം വിപരീതഫലവും ഉണ്ടാക്കിയേക്കാം. അവരുടെ ഉത്തരവാദിത്തങ്ങൾ ചെയ്യാനും ചെറിയ ചെറിയ സഹായങ്ങൾ അവരെക്കൊ

ണ്ടു ചെയ്യിക്കാനും മറ്റുള്ളവർക്ക് ഷെയറിംഗ് (പകുത്തുകൊടുക്കാനും) പഠിപ്പിക്കണം. ഒരിക്കൽ ഒരച്ഛൻ മൂത്ത കുട്ടിയുടെ കയ്യിൽ രണ്ടു ചെക്ലേറ്റു കൊടുത്തിട്ടു ഒരെണ്ണം അനിയത്തിക്ക് കൂടെ കൊടുക്കണമെന്നു പറഞ്ഞേൽപ്പിച്ചു. മുട്ടായിയുടെ കടലാസ് കളഞ്ഞപ്പോൾ മുട്ടായിയും കൂടെ താഴെ ചെളിയിൽ വീണു. അപ്പോൾ മൂത്തകുട്ടി പറഞ്ഞു അനിയത്തികുട്ടിയുടെ മുട്ടായി പോയിയെന്നു. ഇവിടെ രണ്ടു കാര്യങ്ങൾ (1) ചെയ്തകുറ്റം ഏല്ക്കാതിരിക്കുക. (2) ഷെയറിംഗ് ഇല്ല. ഇതാ കരുത് പഠിക്കേണ്ടത്.

ടോയ്‌ലറ്റ് പെരുമാറ്റങ്ങൾ, തനിയെ ആഹാരം കഴിക്കുക, ശുചീകരണം ഇവയൊക്കെ രണ്ടുവയസ്സു മുതൽ പഠിപ്പിക്കണം. ഇതിന്റെ മേൽനോട്ടം മുതിർന്നവർ നടത്തണം. കുട്ടിയുടെ ആവശ്യം എന്താണെന്നവർ പറയാതെ മനസ്സിലാക്കാനുള്ള കഴിവു അമ്മക്കുണ്ടാകണം. ഡ്രസിന്റെ കാര്യം മുതൽ അവർക്ക് സ്വാതന്ത്ര്യം കൊടുക്കണം. നമുക്കിഷ്ടപെട്ടില്ലെങ്കിൽ സാവധാനം മനസിലാക്കികക്കണം. അല്ലാതെ ഞാൻ പറയുന്നതങ്ങുകേട്ടാൽ മതിയെന്നുള്ള സംസാരം കഴിവതും ഒഴിവാക്കുക. നിയന്ത്രണം വേണ്ട എന്നല്ല. പക്ഷേ മനസ്സിലാകുന്ന രീതിയിൽ വേണം. വേണ്ട സമയത്ത് വേണ്ടതുപോലെ പറയാനും താഴ്മയായി പ്രതികരിക്കുവാനും പഠിച്ചേ മതിയാകൂ. കാലഘട്ടത്തിനനുസരിച്ചുള്ള ആത്മാഭിമാനവും പ്രായോഗിക ബുദ്ധിയും വളർത്തിയെടുക്കണം. മറ്റുള്ളവരുടെ മുൻപിൽ വച്ചുള്ള ശിക്ഷാനടപടി ഒഴിവാക്കണം. കഴിഞ്ഞ ദിവസം ഞാൻ പാർക്കിൽ നടക്കാൻ പോയപ്പോൾ ഒരു 5 വയസ്സുള്ള കുട്ടി ഊഞ്ഞാലിൽ ഇരുന്ന രീതി ശരിയല്ലെന്നു പറഞ്ഞു അച്ഛൻ രണ്ടടിയും ഒരു നുള്ളും കൊടുത്തു. ആ കുട്ടി കരഞ്ഞു കൊണ്ടു നാലുപാടും നോക്കി. ചിലർ ചിരിച്ചു. കുട്ടിയുടെ മുഖഭാവവും നോട്ടവും കാണേണ്ടതായിരുന്നു. ശിക്ഷിക്കേണ്ടയെന്നല്ല മറിച്ചു മാറ്റി നിർത്തി പറയണമെന്നേയുള്ളൂ. ഇത്തരം ചില കുട്ടികൾ ക്രൂരമായ പ്രവർത്തിയിലോ പ്രതികാരത്തിലോ ആകാനുള്ള ചാൻസ് ഉണ്ട്. അവർ പഠിക്കേണ്ടത് സമൂഹത്തിൽ പെരുമാറാനും മററുള്ളവരുടെ വേദന കുറച്ചെങ്കിലും മനസ്സിലാക്കി ഞങ്ങളുടെ പ്രായത്തിനും സ്ഥാനത്തിനുമനുസരിച്ചു പ്രവർത്തിക്കാനല്ലേ.

പേരന്റൽ ഏലിയനേഷൻ എന്നൊരുവാക്കുണ്ട്. രക്ഷകർത്താവിൽ നിന്നും മാറ്റി നിർത്തുക. അമ്മയുമച്ഛനും പിണങ്ങുമ്പോൾ കുട്ടി ആഴ്ചയിലോ മാസത്തിലോ ഒരിക്കൽ ഒരാളെ കാണുന്നു. അതുവരെ കേൾക്കുന്നത് മറ്റേയാളുടെ കുറ്റം. കുട്ടിക്കു വെറുപ്പു അച്ഛനെ കാണേണ്ട ദിവസമാകുമ്പോൾ കുഞ്ഞിനസ്വസ്ഥത വയറിളക്കം, ശർദ്ദി. സ്ക്കൂളിൽ ടീച്ചർ വഴക്കു പറയുന്ന, ഇങ്ങനെ ആകെ മുഖത്തു നോക്കാത്ത അവസ്ഥ. 5 വയസ്സുള്ള നുണ പറയുന്ന കുട്ടിയുമായി വന്ന വിദ്യാസമ്പന്നനായ അച്ഛനോടും കുട്ടിയോടും സംസാരിച്ചപ്പോൾ മനസ്സിലായത് അമ്മവീട്ടിൽ ചെല്ലുമ്പോൾ ധാരാളം ഐസ്ക്രീം. അവിടെ അച്ഛൻ വീട്ടിലെ കുറ്റം പറയും. അച്ഛൻ വീട്ടിൽ വരുമ്പോൾ സോഫ്റ്റ്ഡ്രിങ്ക്സ്, അവിടെ അമ്മവീട്ടിലെ കുറ്റം. അങ്ങനെ 5 വയസ്സുള്ള കുട്ടി നുണയനായി മാറി. നമ്മൾ വിചാരിക്കേണ്ടത് ഒരു പാത്രമുണ്ടാകുമ്പോൾ അല്ലെങ്കിൽ വീടു വയ്ക്കുമ്പോൾ എത്ര പ്രാവശ്യം ചിന്തിക്കും പ്ലാൻ മാറ്റിമാറ്റി വരക്കും. അതിനേക്കാൾ മഹത്തരമായ കർമ്മമല്ലേ കുട്ടിയെ വളർത്തൽ, കുട്ടിയെ സമൂഹത്തിന്റെ മുതൽകൂട്ടാക്കാൻ വേദനകളും പരിഭവങ്ങളും അവരുടെ അബോധമനസ്സിലേക്ക് തള്ളി വിടാതെ ഭാവി വ്യക്തിത്ത്വത്തെ രൂപപ്പെടുത്തുക. ആതായിരിക്കണം നമ്മുടെ പ്രതിജ്ഞ.

*(തുടരും)*

*****

# കേരളത്തിന്റെ ശാക്തേയ പാരമ്പര്യം

എം.ആർ.എസ് മേനോൻ - 9037126220

*തുടർച്ച*

ശിവശ്ശക്ത്യാ യുക്തോ യദി ഭവതി ശക്ത: പ്രഭവിതും
ന ചേദേവം ദേവോ ന ഖലു കുശല: സ്പന്ദിതുമപി
അതസ്ത്വാമാരാധ്യാം ഹരിഹരവിരിഞ്ചാദിഭരപി
പ്രണന്തും സ്തോതും വാ കഥമകൃത പുണ്യ: പ്രഭവതി
(ശ്രീശങ്കരവിരചമായ സൗന്ദര്യ ലഹരി ശ്ലോകം 1 )

ശിവൻ ശക്തിയോട് ചേർന്ന് ഇരിക്കുമ്പോഴേ കർമ്മ നിർവ്വഹണത്തിന് ശക്തനാകുന്നുള്ളു. അല്ലെങ്കിൽ ശിവൻ ഇളകുന്നതിന് പോലും സമർത്ഥനായി ഭവിക്കുന്നില്ല. അതുകൊണ്ട് ബ്രഹ്മാവിഷ്ണു മഹേശ്വരാദികൾക്കും ആരാധ്യയായ ദേവിയെ നമസ്കരിക്കുന്നതിന് ജന്മാന്തരത്തിൽ പുണ്യം ചെയ്യാത്ത ഒരുവൻ എങ്ങിനെ സമർത്ഥനായി ഭവിക്കുന്നു.

വിവിധ നാമരൂപങ്ങളിൽ ആരാധിക്കുന്ന ഏകയായ ശക്തിയുടെ തത്ത്വം എന്തെന്ന് നമുക്ക് മനനം ചെയ്യാം. ഭാരതീയ വേദാന്ത ചിന്തയുടെ അടിസ്ഥാനത്തിൽ എല്ലാത്തിനും ആധാരമായി വർത്തിക്കുന്ന ശുദ്ധ ബോധമാണ് ബ്രഹ്മം. 'വാക്കുകൾ കൊണ്ട് വെളിപ്പെടുത്താൻ സാധിക്കാത്തതും എന്നാൽ യാതൊന്ന് കൊണ്ടാണോ വാക്കുകൾ പ്രകാശിക്കുന്നതും മനസ്സ് കൊണ്ട് സങ്കൽപ്പിക്കാനോ നിശ്ചയിക്കാനോ സാധിക്കാത്തതും' എന്ന് കേനോപനിഷത്തും 'ജ്ഞാനേന്ദ്രിയങ്ങളെ കൊണ്ട് ഗ്രഹിക്കാൻ വയ്യാത്തതും കർമ്മേന്ദ്രിയങ്ങൾക്ക് വിഷയമല്ലാത്തതും ദ്രവ്യധർമ്മങ്ങളില്ലാത്തതും അതി സൂക്ഷ്മവും യാതൊരുവിധ ക്ഷയവും സംഭവിക്കാത്തതും സർവ്വ ഭൂതങ്ങളുടെയും കാരണവും 'എന്ന് മുണ്ഡകോപനിഷത്തും നിർവ്വചിക്കുന്ന ഈ നിർഗ്ഗുണമായ ബ്രഹ്മചൈതന്യം സഗുണമായി നാനാ നാമരൂപങ്ങളിൽ ആരാധിക്കപ്പെടുന്നു. എല്ലാം ഏകമായ ബ്രഹ്മത്തിന്റെ പ്രകടിത ഭാവങ്ങൾ തന്നെയാണ്. ബ്രഹ്മവും ദേവിയും അഭിന്നമാണ് എന്നാണ് ശ്രീരാമകൃഷ്ണ ദേവൻ അഭിപ്രായപ്പെട്ടിരിക്കുന്നത്. പരമചൈതന്യത്തെ നിഷ്ക്രിയമായി സൃഷ്ടിസ്ഥിതിലീലാരഹിതമായി വിചാരിക്കുമ്പോൾ അതിനെ നാം ബ്രഹ്മം എന്നും നിരാകാരേശ്വരൻ എന്നും സ്ത്രീയമായി സൃഷ്ടി സ്ഥിതി സംഹാരക്രിയകളോട് കൂടിയതായി ഭവിക്കുമ്പോൾ അതിനെ ശക്തി, മായ അഥവാ സാകാരേശ്വരൻ എന്ന് വിളിക്കും. വാസ്തവത്തിൽ ബ്രഹ്മത്തിനും ശക്തിക്കും മാറ്റമില്ല 'പാലും അതിന്റെ വെളുപ്പും പോലെ അവ ഒന്നാണ് ' എന്നാണ് ശ്രീരാമകൃഷ്ണ ദേവൻ വ്യക്തമാക്കിയിരിക്കുന്നത്.

കേനോപനിഷത്തിൽ ഒരു കഥയുണ്ട്. യുദ്ധത്തിൽ ബ്രഹ്മം ദേവന്മാർക്ക് വേണ്ടി അസുരന്മാരെ തോൽപ്പിച്ചു. ദേവന്മാർ തങ്ങളുടെ വിജയത്തിൽ അഹങ്കരിച്ചു. തത്സമയം ദേവന്മാരുടെ മുന്നിൽ ഒരു മഹാഭൂതം പ്രത്യക്ഷപ്പെട്ടു. ഭയന്ന് വിറച്ച് ദേവന്മാർ അഗ്നിയെ സമീപിച്ച് ഈ ഭൂതം ആരെന്നറിയാൻ പറഞ്ഞ് വിട്ടു. അഗ്നി ഭൂതത്തെ സമീപിച്ചു. അഗ്നി ഭൂതത്തെ സമീപിച്ച് 'നീയാര് നിനക്ക് എന്ത് വീര്യമുണ്ട്' എന്ന് ചോദിച്ചു. 'ഞാൻ ജാതവേദസായ അഗ്നിയാണ്. എനിക്ക് ഭൂമിയിലുള്ള സകലതും ദഹിപ്പിക്കാൻ കഴിയും' എന്ന് മറുപടി പറഞ്ഞു. ആ സമയത്ത് ഭൂതം അഗ്നിയുടെ മുന്നിൽ ഒരു പുൽക്കൊടി ഇട്ട് കൊടുത്തു. അഗ്നി അത് ദഹിപ്പിക്കാൻ കഴിയാതെ പരാജയപ്പെട്ടു. ദേവന്മാരുടെ ഇംഗിതമനുസരിച്ച് പിന്നീട് വായു ഭൂതത്തെ സമീപിച്ചു. 'നീയാര് ' ഭൂതം ചോദിച്ചു. 'ഞാൻ വായുവാണ് ഭൂമിയിലുള്ളതിനെയൊക്കെവഹിക്കാൻ എനിക്ക് കഴിയും' എന്ന് വായു മറുപടി പറഞ്ഞു. പക്ഷേ ഭൂതം ഇട്ട് കൊടുത്ത പുൽക്കൊടിയെ ഇളക്കാൻ പോലും

ജനമേജയൻ വ്യാസഭഗവാനോട് 'പ്രപഞ്ചത്തിന്റെ സൃഷ്ടിസ്ഥിതി സംഹാരങ്ങൾക്ക് കാരണമായിട്ടുള്ള ബ്രഹ്മാവിഷ്ണു മഹേശ്വരന്മാരെപ്പറ്റി കേട്ടിട്ടുണ്ട്. ഈ ബ്രഹ്മാണ്ഡത്തിന്റെ ഉദ്ഭവം എവിടുന്നാണ് ' എന്ന് ചോദിക്കുന്നു വ്യാസൻ ഈ ചോദ്യം തന്റെ മനസ്സിലും തോന്നിയെന്നും താനിത് നാരദനോട് ചോദിച്ചുവെന്നും ഈ സംശയത്തിന് ഉത്തരം നാരദന് പിതാവായ ബ്രഹ്മാവ് പറഞ്ഞ് കൊടുത്ത മറുപടി ജനമേജയനോട് പറയുന്നു. ഇവിടെ നാരദൻ ബ്രഹ്മാവിനോട് ഇതേ ചോദ്യം ചോദിച്ചപ്പോൾ ബ്രഹ്മാവ് പറയുന്നു 'പണ്ട് മഹാപ്രളയകാലത്ത് സർവ്വപ്രപഞ്ചവും നാമാവശേഷമായിത്തീർന്നു. പിന്നെ വളരെക്കാലം കഴിഞ്ഞാണ് പഞ്ചഭൂതങ്ങളും ഞാനും ഉണ്ടായത്. ഞാൻ ഒരു താമരപ്പൂവിൽ ഏകാകിയായിരുന്നു ചിന്തിക്കാൻ തുടങ്ങി. ചുറ്റും വെള്ളമല്ലാതെ ഒന്നും കാണാനില്ല. ഞാൻ താമരപ്പൂവിന്റെ നാളത്തിലൂടെ അടിയിലേക്ക് ഇറങ്ങിച്ചെന്നു. പക്ഷേ അതിന്റെ അടിത്തട്ട് കാണാൻ കഴിയാതെ ഞാൻ വിഷമിച്ച് നിൽക്കുമ്പോൾ തപസ്സ് ചെയ്യുക എന്ന ഒരശരീരി കേട്ടു. ഞാൻ താമരപ്പൂവിൽ ഇരുന്ന് തപസ് ചെയ്ത് തുടങ്ങി. ആയിരം വർഷം കഴിഞ്ഞപ്പോൾ മറ്റൊരശരീരി കേട്ടു 'സൃഷ്ടിക്കുക' അപ്പോൾ മധുകൈടഭന്മാർ വന്ന് ഉപദ്രവിക്കാൻ തുടങ്ങി. താമരത്തണ്ട് പിടിച്ച് കൊണ്ട് ഞാൻ താഴേക്ക് മുങ്ങി. അവസാനം ഞാൻ താമരത്തണ്ടിന്റെ ഉദ്ഭവത്തിൽ എത്തി. അവിടെ ഞാൻ നിദ്രക്കധീനനായ വിഷ്ണുവിനെ കണ്ടു. നിദ്രാദേവിയെ സ്തുതിച്ചപ്പോൾ നിദ്രാദേവി വിട്ട് നിന്നു. ഉണർന്ന വിഷ്ണു മധുകൈടഭന്മാരെ നിഗ്രഹിച്ചു.

തത്സമയം പരമശിവനും അവിടെ വന്നു ചേർന്നു. അവിടെ തത്സമയം മനോഹരിയായ മഹാദേവിയും വന്നു ചേർന്നു. ഞങ്ങളോട് ദേവി പറഞ്ഞു 'മധുകൈടഭന്മാരിതാ വധിക്കപ്പെട്ടു കഴിഞ്ഞു. നിങ്ങൾ മൂന്ന് പേരും ഓരോ പ്രത്യേക സ്ഥലങ്ങളിൽ

വായുവിന് കഴിഞ്ഞില്ല. പിന്നീട് ദേവന്മാരുടെ ആവശ്യാനുസരണം ഇന്ദ്രൻ ഭൂതത്തെ സമീപിച്ചപ്പോൾ അത് മറഞ്ഞ് പോയി. ആ സ്ഥാനത്ത് പാർവ്വതി ദേവി പ്രത്യക്ഷപ്പെട്ടു. ഭൂതത്തിന്റെ രൂപത്തിൽ പ്രത്യക്ഷപ്പെട്ടത് ബ്രഹ്മമാണെന്നും ബ്രഹ്മത്തിന്റെ സഹായത്താലാണ് ദേവന്മാർ യുദ്ധത്തിൽ വിജയിച്ചതെന്നും പാർവ്വതി ദേവി മറുപടി പറഞ്ഞു. ബ്രഹ്മജ്ഞാനം നേടാൻ ഇന്ദ്രാദികൾക്ക് പോലും ദേവിയുടെ സഹായം വേണ്ടി വന്നുവെന്നാണ് ഈ കഥയുടെ സൂചന

ഭഗവാൻ മഹാവിഷ്ണു ശിശുവായി ആലിലയിൽ കിടക്കുന്ന കാലത്ത്

'ഞാൻ ആരാണ് ഞാൻ എവിടന്ന് വന്നു. ഞാൻ എന്താണ് പ്രവർത്തിക്കേണ്ടത് ' എന്ന് ചിന്തിക്കാൻ തുടങ്ങി. ആ സമയത്ത് ആകാശത്ത് നിന്ന് ഒരു അശരീരി കേട്ടു 'സർവ്വം ഖല്വിദമേവാഹം നാന്യദസ്തി സനാതനം'.(ഇതെല്ലാം ഞാൻ തന്നെയാണ്. ഞാൻ ഒഴികെ സനാതനമായി യാതൊന്നും തന്നെ ഇല്ല ) മഹാവിഷ്ണു ഇതാരുടെ അരുളപ്പാടാണ് എന്നറിയാതെ അത്ഭുതപ്പെട്ടു. അദ്ദേഹം അതിനെത്തന്നെ ധ്യാനിച്ച് കൊണ്ട് കിടന്നു. അപ്പോൾ സാക്ഷാൽ മഹാദേവി നാലു തൃക്കൈകളോടും ശംഖചക്രഗദാപത്മങ്ങളോടും തോഴിമാരോടും ദിവ്യ വസ്ത്രാഭരണങ്ങളോടും കൂടി വിഷ്ണുവിന്റെ മുന്നിൽ പ്രത്യക്ഷപ്പെട്ടു. അത്ഭുതപരതന്ത്രനായ വിഷ്ണുവിനോട് മഹാദേവി ഇപ്രകാരം പറഞ്ഞു 'ജഗത്തിന് സൃഷ്ടിസ്ഥിതി ലയങ്ങൾ ഉണ്ടാകുന്ന കാലങ്ങളിലെല്ലാം മഹാശക്തിയുടെ മഹാത്മ്യം നിമിത്തം അങ്ങയും ഉണ്ടായിട്ടുണ്ട്. ബ്രഹ്മാവിഷ്ണു മഹേശ്വരന്മാർ സത്വരജതമോഗുണങ്ങളോട് കൂടിയതായി രിക്കുമ്പോൾ പരാശക്തി ഗുണാതീതയാണ്. സൃഷ്ടിസ്ഥിതി സംഹാരങ്ങൾക്കായി തൃമൂർത്തികളെ ആശ്രയിച്ച് നിൽക്കുന്ന ശക്തി തന്നെയാണ് ഞാൻ. (ദേവീ ഭാഗവതം പ്രഥമ സ്കന്ദം ).

പോയിരുന്ന് സൃഷ്ടിസ്ഥിതി സംഹാരങ്ങളിൽ ഏർപ്പെട്ട് കൊള്ളൂ 'എങ്ങിനെയാണ് സൃഷ്ടി നടത്തേണ്ടത് എന്ന് ഞങ്ങൾ സംശയം ചോദിച്ചു. അപ്പോൾ അവിടെ ഒരു വിമാനം വന്നു ഞങ്ങളോട് വിമാനത്തിൽ കയറിയിരുന്നോളാൻ ദേവി പറഞ്ഞു. ആകാശ മാർഗ്ഗത്തിലൂടെ വിമാനത്തിൽ പുറപെട്ടപ്പോൾ നിരവധി ലോകങ്ങളും മറ്റ് ബ്രഹ്മാവിഷ്ണുമഹേശ്വരന്മാരേയും കണ്ടു. ഞങ്ങളെ കൂടാതെ വേറെയും ബ്രഹ്മാവിഷ്ണു മഹേശ്വരന്മാരോ എന്ന് ഞങ്ങൾ അത്ഭുതപ്പെട്ടു. അവസാനം മണിദ്വീപിൽ ശ്രീചക്രത്തിൽ മഴവില്ലിന് സമാനമായ നിറത്തോട് കൂടിയ തൃപുരസുന്ദരിയായ ദേവിയുടെ സന്നിധിയിലെത്തി. ദേവിയെ മൂന്ന് പേരും സ്തുതിച്ചു.പിന്നീട് പ്രപഞ്ച സൃഷ്ടി രഹസ്യം ദേവിയോട് ചോദിക്കുമ്പോൾ ദേവി ഇപ്രകാരം മറുപടി പറയുന്നു 'പ്രപഞ്ചത്തിനാധാരമായ സത്ത ഏകമാണ്. രണ്ടന്ന് തോന്നുന്നത് മനസ്സിന്റെ ഭ്രാന്തി കൊണ്ടാണ്. ഏകമായ ബ്രഹ്മം മാത്രം സത്യം. മറ്റെല്ലാം മിഥ്യ തന്നെ. ബ്രഹ്മം തന്നെ സൃഷ്ടിക്ക് വേണ്ടി രണ്ടായി പിരിയുകയാണ്. ഞാൻ ആണല്ല ,പെണ്ണല്ല, ആണും പെണ്ണും അല്ലാത്തതും അല്ല. ഉള്ളതെല്ലാം ഞാൻ തന്നെയാണ്. എന്നോട് ചേരാത്തതായി ഒന്നും ലോകത്തിൽ ഇല്ല. സൂര്യനിൽ രശ്മിയായും ചന്ദ്രനിൽ കിരണമായും ജലത്തിൽ ശീതമായും അഗ്നിയിൽ ഉഷ്ണമായും ഇരിക്കുന്നത് ഞാൻ തന്നെയാണ്. ഞാൻ ചേരാത്ത ഒന്നിനും ഇളകാൻ സാധ്യമല്ല. ബ്രഹ്മാവിഷ്ണു മഹേശ്വരന്മാർക്ക് പോലും സൃഷ്ടി സ്ഥിതി സംഹാരങ്ങൾക്ക് ശക്തി നൽകുന്നത് ഞാനാണ്'. പിന്നീട് മഹാദേവി തന്റെ ഒരംശത്തെ വാണീശക്തിയായി ബ്രഹ്മാവിനും ലക്ഷ്മിയായി വിഷ്ണുവിനും ഉമയായി മഹേശ്വരനും നൽകുന്നു. സഗുണയും നിർഗുണയായും ഇരിക്കുന്നത് താൻ തന്നെയാണെന്ന് ദേവി വ്യക്തമാക്കുന്നു. (ദേവീഭാഗവതം തൃതിയ സ്കന്ദം).ബ്രഹ്മവും ദേവിയും ഒന്ന് തന്നെയാണെന്ന് ശ്രീരാമകൃഷ്ണ ദേവൻ പറഞ്ഞത് ഇവിടെ സ്മരണീയമാണ്. വിവിധ നാമരൂപങ്ങളിലൂടെ നാം അറിയുന്ന ഈ ദൃശ്യ പ്രപഞ്ചത്തിന് ആധാരമായി വർത്തിക്കുന്നത് ഏകമായ സത്തയാണന്നും നാമരൂപങ്ങൾ ആ പ്രപഞ്ച സത്തയെ അറിയാനുള്ള ഉപാധികൾ മാത്രമാണെന്നും ഇതിൽ നിന്ന് നമുക്ക് മനസ്സിലാക്കാം.

തൃമൂർത്തികൾക്ക് സരസ്വതി ലക്ഷ്മി ഉമ എന്ന് മൂന്ന് ശക്തിഭാവങ്ങൾ ലഭിച്ചതോടെ അവർ തങ്ങളുടെ പ്രവർത്തി മേഖലകളിൽ ഭംഗിയായി വ്യവഹരിക്കാൻ തുടങ്ങി. തൃലോകങ്ങളെ കീഴടക്കിയ ഹാലാഹലന്മാരെ കഠിനമായ യുദ്ധത്തിൽ പരാജയപ്പെടുത്തിയ ശേഷം മടങ്ങിവന്ന ഹരിയും ഹരനും പ്രിയതമമാരുടെ മുന്നിൽ വച്ച് തങ്ങളുടെ പരാക്രമത്തെപ്പറ്റി വീരവാദങ്ങൾ മുഴക്കാൻ തുടങ്ങി. തങ്ങളുടെ ശക്തിയാണ് വിജയത്തിന് ഹേതുവെന്നറിയാവുന്ന ലക്ഷ്മിയും ഉമയും ഇത് കേട്ട് ചിരിച്ചപ്പോൾ ഹരിഹരന്മാർ കോപിച്ചു. തത്സമയം ദേവിമാർ അവിടം വിട്ടിറങ്ങിപ്പോയി. അതോടെ വിഷ്ണുവും ശിവനും ശക്തിഹീനന്മാരായി സ്വന്തം കാര്യങ്ങൾ പോലും നിർവ്വഹിക്കാൻ വയ്യാതായി. തങ്ങൾ ശക്തിഹീനന്മാരായപ്പോഴാണ് പരാശക്തിയുടെ കോപത്താലാണ് ഇത് സംഭവിച്ചതെന്ന് ഹരിഹരന്മാർക്ക് മനസ്സിലായത്. സനകാദികൾ തപസ്സ് ചെയ്തു ദേവിയുടെ അനുഗ്രഹം ലഭിച്ച ശേഷമാണ് വീണ്ടും വൈഷ്ണവശൈവചൈതന്യങ്ങളോട് ചേർന്ന് ദേവി അവരെ കർമ്മോന്മുഖരാക്കിയത്. (ദേവിഭാഗവതം സപ്തമ സ്കന്ദം )

കാളിയായും ദുർഗ്ഗയായും ഉമയായും ലക്ഷ്മിയായും സരസ്വതിയായും വിവിധ നാമരൂപങ്ങളിൽ ആരാധിക്കുന്ന പരാശക്തിയുടെ തത്ത്വം നമുക്കീ കഥകളിൽ നിന്ന് വ്യക്തമാകുന്നു..

*(തുടരും)*

# നമ:ശിവായ

ഡോ. കെ. ഹരിഹരൻ – 9847313322

*തുടർച്ച*

***നന്ദീശ്വര പ്രഥമനാഥ മഹേശ്വരായ***

മൂന്നു നദികളേയും അവരുടെ ഈശ്വരനേയും കണ്ടു. ഇനി പ്രഥമനാഥനെ കുറിച്ച് ചർച്ചയാകാം. ഭഗവാൻ ശങ്കരനെ പ്രമഥനാഥൻ, പ്രമഥാധിപൻ എന്നൊക്കെ വിളിച്ചു പോരുന്നു. പ്രമഥനന്തീതി പ്രഥാ ആരാണോ വിശിഷ്ടമായ, പ്രകൃഷ്ടമായ മന്ഥനം ചെയ്യുന്നത് അദ്ദേഹത്തെ പ്രമഥൻ എന്നു വിളിക്കുന്നു. പാലാഴി മന്ഥനം പുരാണത്തിൽ പ്രതിപാദിച്ചിട്ടുണ്ട്. മർദ്ദനം എന്ന അർത്ഥത്തിലും സംസ്കൃതത്തിൽ മന്ഥന പ്രയോഗമുണ്ട്. മഥകുന്ഥേ കുന്ഥ ഹിംസാ സംശ്ലേഷണയോ മന്ഥനത്താൽ സാരമാണെടുക്കുന്നത് അപ്പോൾ കുന്ഥന രൂപത്തിലുള്ള മന്ഥനം വധാത്മകമാണ് പ്രമഥൻ രണ്ടുപ്രകാരത്തിലുണ്ട്. മുപ്പത്താറായിരം പ്രമഥന്മാർ സത്തമകോടിയിലുണ്ട്. അതിമഹാത്മാരാണ്. അവയിൽ പതിനാറായിരം പ്രമഥന്മാർ ഒരു ഭാഗത്ത് സ്ഥിതിചെയ്യുന്നു. മറുഭാഗത്ത് ഇരുപതിനായിരം പ്രമഥന്മാർ. ഇതിൽ ആദ്യത്തെ പതിനാറായിരം നാനാരൂപധാരികളും ജടയും ചന്ദ്രക്കലയും ധരിച്ചവരുമാണ്. ശേഷിക്കുന്നവർ ജടാധാരികളും ചന്ദ്രക്കലാധാരികളുമായ നാനാരൂപികളല്ല. ആഗമശാസ്ത്രത്തിൽ മുപ്പത്താറ് തത്ത്വങ്ങൾ പ്രസിദ്ധമാണ്. അവയിൽ 'ഷോഡാശകസ്തു വികാര' ബാക്കിയുള്ളത് പ്രകൃതി വികൃതി അല്ലെങ്കിൽ പ്രകൃതിയാണ്. പഞ്ചഭൂതങ്ങളും അവയാൽ സനിർമ്മിതമായ സകലബ്രഹ്മാണ്ഡവും പതിനൊന്ന് ഇന്ദ്രിയങ്ങളും കേവലം വികാരരൂപങ്ങളാണ്. ഇന്ദ്രിയങ്ങളിൽ ചിലത് ശബ്ദഗ്രാഹികളാണ്. ചിലത് സ്പർശഗ്രാഹികളും. ഇത്യാദി രീതിയിൽ നാനാവിധമുണ്ട്. പർവ്വത സാഗരാദികളാകട്ടെ നാനാരുപം തന്നെയാണ്. ഇവയെല്ലാം മന്ഥനം ചെയ്താൽ അവസാനമൊരു തത്ത്വം ശേഷിക്കും. കുടം ആദിയായവയിൽ മണ്ണുണ്ട്. അത് പൊട്ടിപോയാലും മണ്ണ് അവശേഷിക്കും. അപ്പോൾ 'മൃത്തികേത്യേവ സത്യ' ശ്രുതിവാക്യം ചാരിതാർത്ഥ്യമാകും. സത്ത ആഭികളും അന്ത്യത്തിലും സ്ഥിതമാണ്. അതുതന്നെയാണ് പരമസത്യം. ഇരുപത് പ്രകൃതികളുണ്ട്. അവയുടെ സാക്ഷാത്ക്കാരം യോഗികൾക്കു മാത്രമെ സാദ്ധ്യമാകൂ. അവർ കാര്യങ്ങളെ കാരണക്രമത്തിൽ മനസ്സിലാക്കിയിട്ട് മന്ഥനം ചെയ്ത് അവസാനം ഒരു തത്ത്വത്തിലെത്തിച്ചേരുന്നു. രഹസ്യ രൂപേണ മനസ്സിലാക്കുന്നു.

നന്ദികളുടെ ഈശ്വരനും, പ്രമഥരുടെ നാഥനു മായ മഹേശ്വരൻ 'മ' എന്നാൽ മഹേശ്വരൻ അതിലെ സാമാനാധികരണേനയുള്ള വിശേഷണമാണ് നന്ദീശ്വരനും, പ്രമഥനാഥനും. കനകനന്ദി, ഗിരികനന്ദി, സോമ നന്ദി ഇവരുടെ ഈശ്വരനാണ് ഭഗവാൻ ശങ്കരൻ. കനകനന്ദിക്ക് എന്ത് വിശേഷഗുണമുണ്ടോ അതും ഗിരികനന്ദിക്ക് എന്തെല്ലാം വിശേഷഗുണമുണ്ടോ അവ സോമനന്ദിയുടെ ദിവ്യഗുണങ്ങളും മഹേശ്വരനിൽ നിന്നും പ്രാപ്തമായതാണ്. യഥാക്രമം ശരീരം, വാക്ക്, മനസ്സ് എന്നിവയുടെ വിശേഷതകളാണ് ശങ്കരഭഗവാൻ ശരീരത പ്രജ്വലന്നിവ പ്രകാശിച്ചുകൊണ്ടിരിക്കുന്നു. കനകനന്ദിയും അങ്ങനെ തന്നെ. ശങ്കരൻ മധു സ്ഫീത (മധുര) വാണിയുടെ നിർമ്മാതാവായതിനാൽ അദ്ദേഹത്തിന്റെ വാക്ക് മാധുര്യാദിയുക്തമാണ്. ഗിരികനന്ദിയുടെ വാണിയും മാധുര്യമുള്ളതു തന്നെയാണ്. ശങ്കരഭഗവാൻ ബ്രഹ്മവിദ്യാദി സർവ്വവിദ്യാസമ്പന്നനാണു അഥവ സോമനന്ദിയും ബ്രഹ്മവിത്ത് തന്നെയാണ്. അതുപോലെ പ്രമഥന്മാരുടെയും നാഥനാണ്. യതി പ്രമഥൻ, വാനപ്രസ്ഥതപസ്വി പ്രമഥൻ, സതനീയപ്രമഥൻ, ബ്രഹ്മചാരി പ്രമഥൻ ഇവരെക്കുറിച്ചെല്ലാം പറഞ്ഞു. ഇവരുടെ നാഥനാണ ശങ്കരൻ. ഈ ഗുണങ്ങളെല്ലാം ഭഗവാനിൽ ഉള്ളതിനാൽ അദ്ദേഹം പൂർണ്ണസ്വരൂപനാണ്

എല്ലാവർക്കും ആദർശരൂപനും നാഥനുമാണ്. ചില യതികൾ ജടാധാരികളാണ്. ചിലർ മുണ്ഡിതകേശന്മാരുമാണ്. രണ്ടുപേരുടേയും വിശേഷം ശങ്കരനിലുണ്ട്.

ചില ആചാര്യന്മാർ ഉപാധിഭേദത്താൽ വിരുദ്ധ ധർമ്മങ്ങളുടെ സമാവേശമെന്നും മാനിക്കുന്നു. മറ്റു ചില ആചാര്യന്മാർ ഭഗവാനെ വിരുദ്ധധർമ്മാശ്രയൻ എന്നു മാനിക്കുന്നു. ഗൗരീശിഖരത്തിലെ വനത്തിലാണ് ശങ്കരൻ തപസ്സ് ചെയ്തത്. അതുകൊണ്ട് വാനപ്രസ്തരുടെയും ആചാര്യനാണ് ശങ്കരൻ. ഉമാസഹിതനും അർദ്ധനാരീശ്വരനുമാകയാൽ ഗൃഹസ്ഥരുടേയും ആചാര്യനാണ് ശിവൻ. സർവ്വവിദ്യാസമ്പന്നനാകയാൽ ബ്രഹ്മചാരികളുടേയും ആചാര്യൻ ഭഗവാൻ തന്നെയാണ്. അതിനാൽ ഭഗവാൻ പ്രമഥനാഥനാണ്.

മഹേശ്വരന്റെ വിശേഷണം നേരത്തെ പറഞ്ഞു കഴിഞ്ഞു. 'ഭസ്മാംഗരാഗായ മഹേശ്വരായ' എന്ന് ആദ്യത്തേ ശ്ലോകത്തിൽ മഹാൻ ഈശ്വര-മഹേശ്വര എന്ന കർമ്മധാരയമാണ്. ഇവിടെ ഷഷ്ഠി സമാസമാണ്. എന്തെന്നാൽ ആദ്യത്തെ രണ്ടു വിശേഷണങ്ങളും നന്ദികളുടെ ഈശ്വരനും പ്രമഥന്മാരുടെ ഈശ്വരനും, ഷഷ്ഠിസമാസത്തിലാണ്. അതുകൊണ്ട് മഹേശ്വരനും ഷഷ്ഠിസമാസത്തിലാണ്. പൂജ്യരിൽ പൂജ്യനാണ് മഹേശ്വരൻ, പരമപൂജ്യൻ. പൂജ്യരായിരിക്കുന്നവരെല്ലാം ഉന്നതരാണ്. മാതാവ് പൂജ്യയാണ്. പിതാവ് പൂജ്യനാണ്. ആചാര്യൻ പൂജ്യനാണ് എന്നാൽ പരമപൂജ്യൻ സംസാരോദ്ധാരകനായ വിദ്യാപ്രദാവ് തന്നെയാണ്. അതായത് വിദ്യാപ്രദാവായ ഗുരു തന്നെ പരമപൂജ്യൻ. പരമപിതാവിന്റെ രൂപത്തിൽ ഭഗവാൻ പൂജ്യനാണ് എന്നാൽ പരമപിതാവായ പരമാത്മാവിനെ കാണിച്ചു കൊടുക്കുന്നവർ അതിലുമധികം പൂജ്യനാണ്.

ഹരി എപ്പോഴും തന്റെ രൂപം ഒളിപ്പിക്കുന്നു. ആരും എന്നെ കണ്ട് സംസാരസാഗരം തരണം ചെയ്യേണ്ട, എന്റെ സൃഷ്ടികൾക്ക് ഭംഗവും വരേണ്ട എന്നതാണ് ഹരിയുടെ ഭാവം. ഇതിന് നേരെ വിപരീതമാണ് ഗുരു. അദ്ദേഹം അലക്ഷ്യമായായാണെങ്കിലും ഹരിയുടെ രൂപം പ്രകടമാക്കിതരുന്നവനാണ്. ഹരിയാണ് സംസാരം നിർമ്മിച്ചതെങ്കിൽ അതിന്റെ ഉപയോഗത്തെ ചിന്തിക്കും. പ്രാണികളെ അതിലിട്ടു തന്റെ പ്രയത്നം സഫലമാക്കിത്തീർക്കും. ഇതിനു വിപരീതമാണ് ഗുരു. അദ്ദേഹം ഭവസാഗരത്തിൽ മുങ്ങിയവരെ രക്ഷിച്ച് അക്കരെ കടത്തിവിടും. ഈശ്വരൻ കോപിച്ചാൽ അതിൽ നിന്നും രക്ഷപെടാനുള്ള ഉപായം ഗുരു പറഞ്ഞുതരും. ആഗമ ശാസ്ത്രപ്രകാരവും പൂജാവിധിവിധായകശാസ്ത്രപ്രകാരവും രാവിലെ എഴുന്നേറ്റ് ആദ്യം മൂന്നുപേരെ നമസ്കരിക്കണമെന്ന് പറയുന്നു. അതിൽ ആദ്യം ഗുരുവിനെ പ്രണമിക്കാനുള്ള ഉപദേശമാണ്.

'ഗും ഗുരുഭ്യോനമ' 'ഗം ഗണപതയെ നമ:' 'മൂലം ഇഷ്ടദേവതാഭ്യോ നമ: ഗുരുവിൽ നിന്നു ഭഗവത്സരൂപം അധിഗമിക്കാം എന്നതുകൊണ്ട് ആദ്യം ഗുരുവിനെ പ്രണമിക്കണം. ഇടയ്ക്ക് വിഘ്നം വരാതിരിക്കുവാനായി ഗണേശനെ പ്രണമിക്കണം. അതിനുശേഷം ഇഷ്ടദേവതയെ നമസ്ക്കരിക്കണം. ഈശ്വരൻ അല്ലെങ്കിൽ ബ്രഹ്മം ഇന്ദ്രീയഗമ്യമല്ല, കേവലം ശാസ്ത്രഗമ്യമാണ്. ഇതാണ് സിദ്ധാന്തം.

ശിവൻ ഒരേ സമയം സ്വയം ഈശ്വരനും ഗുരുവുമാണ്. സമസ്തവിദ്യകളുടേയും ഉപദേഷ്ടാവും ഭഗവാൻ ശങ്കരനാണ്. അതുകൊണ്ട് അദ്ദേഹം എല്ലാവർക്കും പ്രഥമവരുതീയനാണ്. യോഗികൾ അദ്ദേഹത്തെ ആദിനാഥൻ എന്ന് മാനിക്കുന്നു. കൂടാതെ ഭഗവാൻ ശങ്കരൻ ദക്ഷിണാമൂർത്തിയുടെ രൂപത്തിൽ വേദാന്തവിദ്യയും പകർന്നു നൽകിയിട്ടുണ്ട്. കണ്ണുകളിൽ ബാഹ്യവസ്തുവിന്റെ ഛായ പതിയുന്നു. ആ ഛായ അന്തകരണത്തിലെത്തുമ്പോൾ നാം വസ്തുവിനെ കാണുന്നു. അങ്ങനെയെങ്കിൽ നാം വസ്തുവിനെ ശരിക്കും എവിടെയാണ് കാണുന്നത്. അകത്തെ ഛായയെതന്നെയാണ് കാണുന്നത്. പക്ഷെ വെളിയിൽ കാണുന്നു എന്നാണ് മനസ്സിലാക്കുന്നത്. പുറത്തുള്ള വസ്തു പുറത്താണ്. അതിന്റെ പ്രതിബിംബമാണ് ഉള്ളിൽ കാണുന്നത്. ഇതാണ് വിശേഷത.

*(തുടരും)*

*****

മിനിക്കഥ

# ഹാ! കഷ്ടം

ഉണ്ണി വാരിയത്ത് 9867179480

നന്മതിന്മകൾ തിരിച്ചറിഞ്ഞ്, നന്മകളെ നെഞ്ചോട് ചേർത്തുനിർത്തി, തിന്മകളെ തീണ്ടാപ്പാടകലത്തു നിർത്തി, ജീവിക്കുന്ന അയാളെ കണ്ടില്ലെന്നു പറയുന്ന കാലത്തിന് തിമിരമാണോ?

ഒരിക്കലുമല്ല. കണ്ടില്ലെന്നു ഭാവിക്കുകയാണ് കാലം. തിമിരമാണെങ്കിൽ ചികിത്സിച്ചു മാറ്റാം. ഭാവമാകട്ടെ അഹത്തോട് ഇഴുകിച്ചേർന്നിരിക്കയാൽ പ്രതീക്ഷയ്ക്കു വകയില്ല.

കാലമേ, ഹാ! കഷ്ടം!

## എറണാകുളം കരയോഗം – ചാരിറ്റി പ്രവർത്തനങ്ങൾക്ക് 2024 മെയ് മാസം സംഭാവന നൽകിയവർ

| | | |
|---|---|---|
| 1. | വേണുഗോപാൽ എൻ., മാധവം | 5,000/- |

**ഉത്തമൻമാരെ വേണം**
**സേവിച്ചുകൊള്ളുവാനും**
**മദ്ധ്യമന്മാരെക്കാര്യകാലേ സേവിക്ക വേണ്ടൂ.**
**സേവിച്ചീടരുതധമന്മാരെയൊരിക്കലും**
**ഭാവിച്ചീടരുതവരോടഭിമുഖ്യം പോലും.**

*-എഴുത്തച്ഛൻ*

**2024 മാർച്ച് മാസം അന്തരിച്ച കരയോഗാംഗത്തിന് ആദരാഞ്ജലി**



**രാധാകൃഷ്ണൻ എസ്. പിള്ള**
L /1660 57/1383, C6, Flat No. 7,
2nd Floor, Galaxy Midwinter, AV John Alunkal Rd,
Kadavanthra - 20

**2024 മെയ് മാസം അന്തരിച്ച കരയോഗാംഗങ്ങൾക്ക് ആദരാഞ്ജലികൾ**



**ജാനകികുമാരിയമ്മ**
L/2907 തയ്യിൽ ഹൗസ്
കല്ലറ റോഡ്
എരൂർ, തൃപ്പൂണിത്തുറ



**പി.ഇ. കുമാരമേനോൻ**
L/1861 ഗോകുലം
ശാന്തി ലെയിൻ,
രവിപുരം റോഡ്
കൊച്ചി – 682016



**ലളിത എസ്. പണിക്കർ**
L/2454 ഗൗരീശങ്കരം
ഷേണായി റോഡ്
എറണാകുളം – 17



**ലക്ഷ്മി. കെ.എം.**
L/3144 വിനായക നിത്യ ഗാർഡൻ
കല്ലറ റോഡ്
എരൂർ – 682306

# *ദൃക്ക്ദൃശ്യ വിവേകം*( *13* )

സി. നാരായണൻ– 9819456012

സാക്ഷിണഃ പുരതോ ഭാതം
ലിംഗം ദേഹേന സംയുതം
ചിതിച്ഛായാസമാവേശാത്
ജീവഃ സ്യാദ് വ്യാവഹാരികഃ ( 16 )

ചിതിച്ഛായാസമാവേശാത് = ചിത് പ്രതിബിംബത്തോടു യോജിച്ചിരിക്കുന്നതിനാൽ
സാക്ഷിണഃ = സാക്ഷി ചൈതന്യത്തിന്റെ
പുരതഃ = തൊട്ടു മുന്നിൽ
ഭാതം = പ്രകാശിച്ചു നിൽക്കുന്ന.
ലിംഗം = ലിംഗശരീരം
ദേഹേന സംയുതം = ദേഹത്തോട് ചേർന്ന്
ജീവഃ സ്യാദ് = ജീവനായിത്തീരുന്നു.
(സഃ )വ്യാവഹാരിക = അത് സംസാരത്തിലെ വ്യവഹാരങ്ങൾ ചെയ്യുന്നു

ചിത് പ്രതിബിംബമായ ചിദാഭാസനോടു കൂടിയ ലിംഗശരീരം, സാക്ഷിചൈതന്യത്തിന്റെ സാന്നിദ്ധ്യത്തിൽ, സ്ഥൂലശരീരവുമായി ചേർന്ന് ജീവൻ എന്നു വിളിക്കപ്പെടുന്ന വ്യക്തിയായി രൂപം കൊള്ളുന്നു. ഈ ജീവനാണ് വ്യവഹാരക്രിയകളിൽ വ്യാപൃതനാകുന്നത് പഞ്ചപ്രാണന്മാർ, പഞ്ചജ്ഞാനേന്ദ്രിയങ്ങൾ, പഞ്ചകർമ്മേന്ദ്രിയങ്ങൾ, മനസ്സ്, ബുദ്ധി എന്നിങ്ങനെ പതിനേഴു അംഗങ്ങൾ ചേർന്നതാണ് ഈ ശ്ലോകത്തിൽ ലിംഗം എന്നു പ്രതിപാദിക്കപ്പെടുന്ന ലിംഗശരീരം. ഓർമ്മശേഷിയുടെ ഇരിപ്പിടമായ ചിത്തത്തെ മനസ്സിലും, അഹങ്കാരത്തെ ബുദ്ധിയിലും ഉൾക്കൊള്ളിക്കയാണ് പതിവ്. ലിംഗമെന്നാൽ സൂചനാത്മകമാണ്. അത് എന്തിനെയോ ചൂണ്ടിക്കാണിക്കുന്നു എന്നതു കൊണ്ടാണ് ലിംഗമെന്ന പേരു വന്നത്. (ലിംഗ്യതേ അനേന ഇതി) ഇവിടെ, ഈ ലിംഗശരീരം, പ്രത്യക് ചൈതന്യത്തെ ചൂണ്ടിക്കാണിക്കുന്നു.

ലിംഗശരീരത്തിൽ മനസ്സുൾക്കോള്ളുമെന്നു പറഞ്ഞല്ലോ. മനസ്സെന്നാൽ വൃത്തികളാണ്. 'ഞാൻ' എന്നും 'ഇത്' എന്നും മനോവൃത്തികൾ രണ്ടു തരത്തിലാണ്. അങ്ങനെ രണ്ടില്ലാതെ ഭോഗം സാദ്ധ്യമല്ലല്ലോ.

ഈ രണ്ടു തരം വൃത്തികളേയും നിസ്സംഗമായി പ്രകാശിപ്പിക്കുന്ന ചൈതന്യത്തെ സാക്ഷി എന്നു പറയുന്നു. അതാണ് ശരിയായ ഞാൻ. ഇതു കൂടസ്ഥൻ എന്ന പേരിലും ഉപനിഷത്തുകളിൽ പ്രതിപാദിക്കപ്പെടുന്നു. ഈ സാക്ഷിയും ബ്രഹ്മവും തമ്മിൽ ഘടാകാശവും മഹാകാശവും പോലെ വെറും സാങ്കേതികമായ വ്യത്യാസമേയുള്ളൂ

കഴിഞ്ഞ ഏതാനും ശ്ലോകങ്ങളായി പറഞ്ഞു വരുന്ന ആശയം ഇതിൽ പരിസമാപ്തി പ്രാപിക്കയാണ്. അതായത്, ജീവൻ എന്നു വിളിക്കപ്പെടുന്ന നാമോരോരുത്തരും എങ്ങനെയാണ് രൂപപ്പെടുന്നത് എന്ന് ഈ ശ്ലോകത്തിൽ പറഞ്ഞു തീർക്കുന്നു. ലിംഗശരീരം എന്നും പറയപ്പെടുന്ന സൂക്ഷ്മശരീരത്തിൽ, ചിത് പ്രതിബിംബമുണ്ടെന്നു മുൻപു പല തവണ സൂചിപ്പിച്ചിട്ടുണ്ട്. സൂക്ഷ്മശരീരം ജഡമാണെങ്കിലും സാക്ഷിയായ ചിദാത്മാവിന്റെ പ്രതിഫലനമുണ്ടാവുമ്പോൾ അതു സചേതനമായിത്തീരുന്നു. അതിലെ അഹങ്കാരം സചേതനമാവുമ്പോൾ അതിന് 'ഞാൻ കർത്താവ്' എന്ന അഭിമാനം വന്നു ചേരുന്നു. മനസ്സിന്റെ മറ്റേ ഭാഗത്തിന് രാഗദ്വേഷങ്ങളനുസരിച്ച് സന്തോഷിക്കാനും ദുഃഖിക്കാനുമുള്ള കഴിവു സിദ്ധിക്കുന്നു. ബുദ്ധിയിൽ പുത്തൻ ആശയങ്ങൾ ജനിച്ചു കൊണ്ടേയിരിക്കുന്നു. ചുരുക്കത്തിൽ നിസ്സംഗനായ സാക്ഷിയെ കൂടാതെ , പ്രമാതാവ് , കർത്താവ് , ഭോക്താവ് എന്നൊക്കെ വിളിക്കാവുന്ന ഒരു വ്യക്തി പിറവിയെടുക്കുന്നു.

കർത്തൃത്വവും ഭോകൃത്വവും സഫലമാ

കാൻ സ്ഥൂലശരീരം വേണമല്ലോ. അപ്പോൾ ഈ ലിംഗശരീരം സ്ഥൂലദേഹവുമായി സംയോജിക്കുന്നു.

ദേഹമായ താദാത്മ്യം പ്രാരബ്ധകർമ്മം കൊണ്ടാണെന്നു ഈ ഗ്രന്ഥത്തിന്റെ എട്ടാമത്തെ ശ്ലോകത്തിൽ പറഞ്ഞിട്ടുണ്ട്

ജീവന്റെ വളരെ ശാസ്ത്രീയമായ ഒരു നിർവചനം ശ്രീവിദ്യാരണ്യമുനി 'പഞ്ചദശി'യിൽ ചെയ്തിട്ടുള്ളത് ഇങ്ങനെയാണ്

'ചൈതന്യം യദധിഷ്ഠാനം
ലിംഗദേഹശ്ച യഃ പുനഃ
ചിച്ഛായാ ലിംഗദേഹസ്ഥാ
തൽസംഘോ ജീവ ഉച്യതേ'

(ലിംഗദേഹകല്പനക്കധിഷ്ഠാനമായ സാക്ഷിചൈതന്യവും, പിന്നെ ലിംഗദേഹവും, ലിംഗദേഹത്തിൽ പ്രതിബിംബിച്ചിരിക്കുന്ന ചിദാഭാസന്റേയും സംഘാതത്തെയാണ് ജീവൻ എന്നു വിളിക്കുന്നത് )

ഈ മൂന്നും ചേർന്നതാണ് ജീവൻ എന്നു പറയുമ്പോൾ, അതു സത്യത്തിൽ സാക്ഷി ചൈതന്യം തന്നെയാണെന്നു വ്യക്തമാണല്ലോ. ആ ചൈതന്യം വെറും കല്പനാമാത്രമായ ലിംഗദേഹത്തോടും അതിലെ തന്റെ തന്നെ പ്രതിബിംബമായ ചിദാഭാസനോടും കൂടിച്ചേരുന്നുണ്ടെന്ന പ്രതീതിയാണ് ജീവൻ.

ശ്രീശങ്കരഭഗവത്പാദരുടെ അഭിപ്രായത്തിൽബുദ്ധിക്ക് അത്യന്ത നൈർമല്യമുള്ളതിനാൽ, അത് നിർമ്മലമായ ആത്മാവിന്റെ ആഭാസമായി ഭവിക്കുന്നു

(ബുദ്ധേ ച ആത്മസമനൈർമല്യാദ്യുപപത്തേഃ. ആത്മചൈതന്യാകാരാഭാസതോപത്തി — ബുദ്ധിക്ക് ആത്മസമാനമായ നൈർമല്യാദികളുള്ളതിനാൽ, ആത്മചൈതന്യം തനിമയിൽ ആഭാസരൂപേണ പ്രകടമായിത്തീരുന്നു) പിന്നീട് ബുദ്ധിയുടെ ആഭാസമായി മനസ്സും മനസ്സിന്റെ ആഭാസമായി ഇന്ദ്രിയങ്ങളും, ഇന്ദ്രിയങ്ങളുടെ ആഭാസമായി ശരീരവും കാണപ്പെടുന്നു. ആയതിനാൽ, ശരീരമാണ് ആത്മാവ് എന്നു വാദിക്കുന്നവരേയും , ഇന്ദ്രിയങ്ങൾക്കും മനസ്സിനും ബുദ്ധിക്കുമെല്ലാം ആത്മത്വം കൊടുക്കുന്നവരേയും ലോകത്തിൽ കാണാം.

ഈ ഗ്രന്ഥത്തിന്റെ ആദ്യത്തെ ശ്ലോകത്തിൽ ചൂണ്ടിക്കാണിച്ച, ദൃക്ക് ആയ സാക്ഷിയാണ് യഥാർത്ഥത്തിലുള്ള ഞാനെന്നു ചൂണ്ടിക്കാണിക്കയാണ്

കഴിഞ്ഞ പതിനഞ്ചു ശ്ലോകങ്ങളിൽ ആചാര്യർ ചെയ്തത്. സ്വയം പ്രകാശമായ സാക്ഷി എന്ന ആത്മാവിനെ നാം അറിയാതിരിക്കാൻ കാരണം , ജീവൻ എന്ന മിഥ്യയായ ആത്മാവ് അതിനു മുന്നിൽ വന്നു അതിനെ മറയ്ക്കുന്നതാണ്. മാലയുടെ മനോജ്ഞമായ കൊത്തുപണിയുടെ പ്രഭാവത്തിൽ , സ്വർണ്ണം പതിനാലു ക്യാരട്ടോ. ഇരുപത്തിരണ്ടു ക്യാരട്ടോ, തനിസ്വർണ്ണം തന്നെയോ എന്നൊക്കെ നോക്കാൻ നാം മറക്കുന്നു.

ഒരു സിനിമയുടേയും നടന്റേയും ദൃഷ്ടാന്തമെടുത്താൽ ഇതു വേഗം മനസ്സിലാവും. നാടോടിക്കാറ്റ് എന്ന സിനിമയിൽ മോഹൻലാൽ എന്ന നടൻ, രാമദാസൻ എന്ന കഥാപാത്രമായി വരുമ്പോൾ, ആ കഥാപാത്രം നടനെ മറയ്ക്കുന്നതു കാണാം. മോഹൻലാലിനേയും രാമദാസനേയും ഒരേ സമയം നമുക്കു കാണാനാവില്ല. കാരണം മോഹൻലാലിനെത്തന്നെയാണ് നാം രാമദാസനായി കാണുന്നത്. സിനിമ കണ്ടുകൊണ്ടിരിക്കുമ്പോൾ രണ്ടു തവണ അഭിനയത്തിനു ദേശീയ പുരസ്ക്കാരം നേടിയ, രാജ്യം ലഫറ്റനന്റ് കേണൽ പദം നൽകി ബഹുമാനിച്ച മോഹൻ ലാൽ എന്നയാൾ നമ്മെ സംബന്ധിച്ച് ഇല്ലാത്തതു പോലെയാണ്. സിനിമയുടെ സാങ്കേതിക വശമറിയാത്ത ഒരു ഗ്രാമീണബാലനെ മോഹൻലാൽ എന്ന നടനാണ് രാമദാസായി ചമഞ്ഞ് ഇതൊക്കെ ചെയ്യുന്നതെന്നു പറഞ്ഞു മനസ്സിലാക്കുക പോലും ക്ലേശകരമായിരിക്കും. ഈ ശ്ലോകത്തിൽ പറയുന്നുത് വ്യവഹാരം സാക്ഷിക്കില്ല, ജീവനു മാത്രമേയുള്ളൂവെന്നാണ്. സിനിമയുടെ കാര്യത്തിലുമങ്ങനെയാണല്ലോ. കടലു നീന്തി

ദുബായ് എന്നു കരുതി മദിരാശിയിലേക്ക് പോകുന്നത് രാമദാസാണ്, മോഹൻലാലല്ല. മോഹൻലാലും രാമദാസനും വ്യക്തികളാണ്. അവരിൽ ഒരാളെ മാത്രമേ ഒരു സമയത്ത് കാണാനാവൂ. അതു നമ്മുടെ ദൃഷ്ടികോണനുസരിച്ചിരിക്കും. ദൃഷ്ടാന്തം , ദ്രാഷ്ടാന്തത്തോടു യോജിപ്പിക്കുമ്പോൾ, സാക്ഷി എന്ന സത്യത്തിലുള്ള ഞാനിനെ, ജീവനെന്ന മിത്ഥ്യയായ ഞാൻ മറച്ചു നിൽക്കയാണ്. ദൃക്കാണ് ശരിയായ ഞാൻ എന്നും, എനിക്കു ദൃശ്യങ്ങളായവയൊന്നും ഞാനല്ലാത്തതാണെന്നുമുള്ള അടിസ്ഥാനത്തിലാണല്ലോ ശ്രീഭാരതീതിർത്ഥസ്വാമികൾ ഈ ഗ്രന്ഥം രചിച്ചിട്ടുള്ളത്. അതു പ്രകാരം , ജീവന്റെ എല്ലാ ഘടകങ്ങളും ദൃശ്യങ്ങളും അതിനാൽ മിത്ഥ്യയുമാണ്. ജീവന്റെ നട്ടെല്ലായ അഹംബുദ്ധി പോലും ചിലപ്പോളുള്ളതും ചിലപ്പോളില്ലാത്തതുമായതിനാൽ മിത്ഥ്യയാണ്. മാത്രമല്ല, അതിനെ വിഷയീകരിക്കാനാവും. എന്നാൽ സാക്ഷി ചൈതന്യത്തെ വിഷയീകരിക്കാനാവില്ല. അതു വിഷയിയായ ഞാൻ തന്നെയാണ്. ഇങ്ങനെ വേർതിരിച്ചറിയാൻ നമ്മെ സഹായിക്കലാണ് ആചാര്യൻ കഴിഞ്ഞ പതിനഞ്ചു ശ്ലോകത്തിൽ ചെയ്തത്.

തത്ത്വമസി മഹാവാക്യത്തിലെ ത്വം പദത്തിന്റെ വാച്യാർത്ഥമെന്ന നിലയിൽ ജീവനെ വേദത്തിൽ വളരെയധികം നിരൂപണം ചെയ്തിട്ടുണ്ട്. കാരണം , ജീവനെന്ന തത്ത്വമാണ് ആത്മാവിന്റെ വ്യാവഹാരിക രൂപം. നാം കാണുന്നതും സംസാരിക്കുന്നതുമെല്ലാം ജീവനോടാണ് , ആത്മാവിനോടല്ല.

പഞ്ചഭൂതാത്മകമായ ഈ ജഗത്ത് സൃഷ്ടിക്കപ്പെട്ടിട്ടുള്ളത് ജീവനു വേണ്ടിയാണ് ഉപനിഷത്തും ഗുരുവും മഹാവാക്യങ്ങളുമെല്ലാം ജീവന്റെ പുരുഷാർത്ഥങ്ങൾ സാദ്ധ്യമാക്കാനാണ്.

ജീവന്റെ മറ്റു പ്രസിദ്ധമായ പേരുകളാണ് ക്ഷേത്രജ്ഞൻ എന്നും പുരുഷൻ എന്നും. ക്ഷേത്രത്തെ അറിയുന്നവൻ ആരോ അവനാണ് ക്ഷേത്രജ്ഞൻ എന്നാണ് ഗീതയിൽ ഭഗവാന്റെ നിർവചനം. സത്യത്തിൽ ക്ഷേത്രജ്ഞൻ ക്ഷേത്രത്തെ അറിയുക മാത്രമല്ല , തന്റെ ഭാഗമായി കണക്കാക്കുന്നുമുണ്ട്. അതാണ് ക്ഷേത്രജ്ഞന്റെ സംസാരിത്വം. കഴിഞ്ഞ പതിനഞ്ച് ശ്ലോകങ്ങളിൽ ഗ്രന്ഥകർത്താവ് ചെയ്തത്, ദൃശ്യമായ ക്ഷേത്രത്തെ , ദൃക്കായ ക്ഷേത്രജ്ഞനിൽ നിന്ന് വേർ തിരിച്ചു കാണാൻ നമ്മെ സഹായിക്കലാണ്.

പുരുഷൻ എന്ന പദം വേദാന്തം സാംഖ്യ ശാസ്ത്രത്തിൽ നിന്ന് കടമെടുത്തതാണ്.

പുരിയിൽ ശയിക്കുന്നവൻ എന്നാണ് ആ പദത്തിന്റെ നിഷ്പത്തി ( പുരൗ ഉഷതി ഇതി പുരുഷഃ ) പുരി എന്നാൽ ശരീരം. ശരീരത്തിൽ അതിന്റെ നാഥനായി സ്ഥിതി ചെയ്യുന്നവനാണ് പുരുഷൻ

ഭഗവാൻ ഗീതയിൽ ദൃശ്യമായ പ്രകൃതിയേയും ദൃക്കായ പുരുഷനേയും എങ്ങനെയാണ് അവതരിപ്പിക്കുന്നതെന്നു നോക്കാം

'പ്രകൃതിം പുരുഷം ചൈവ
വിദ്ധ്യനാദീ ഉഭാദപി
വികാരാംശ്ച
ഗുണാംശ്ചൈവ
വിദ്ധി പ്രകൃതിസംഭവാൻ (ഗീത 13 – 19 )

അർത്ഥം :

പ്രകൃതിയും പുരുഷനും വ്യത്യസ്ത സ്വഭാവമുള്ള രണ്ടു തത്ത്വങ്ങളാകുന്നു. ദേഹേന്ദ്രിയാദി വികാരങ്ങളും , സുഖദുഃഖാദി മോഹങ്ങളും പ്രകൃതിയിൽ നിന്നുണ്ടായവയാണെന്നറിഞ്ഞാലും.

'കാര്യകരണകർത്തൃത്വേ
ഹേതുഃ പ്രകൃതിരുച്യതേ
പുരുഷഃ സുഖദുഖാനാം
ഭോക്തൃത്വേ ഹേതുരുച്യതേ
(ഗീത 13 — 20 )

അർത്ഥം :

കാര്യം= ശരീരം

കരണങ്ങൾ = ശരീരത്തിൽ സ്ഥിതി ചെയ്യുന്ന പതിമൂന്നു കൂട്ടം, അതായത് ജ്ഞാനേന്ദ്രിയങ്ങൾ അഞ്ച്, കർമ്മേന്ദ്രിയങ്ങൾ അഞ്ച് മനസ്സ് , ബുദ്ധി അഹങ്കാരം എന്നിവ. കാര്യത്തിൽ ശരീരത്തിലെ മൂലകങ്ങളായ അഞ്ചു ഭൂതങ്ങളും, അഞ്ചു വിഷയങ്ങളും പെടും. സുഖം, ദുഖം, മോഹം എന്നിവ ഇന്ദ്രിയങ്ങളെ ആശ്രയിച്ചു നിൽക്കുന്നു. ഇങ്ങനെ ദേഹേന്ദ്രിയങ്ങളെ ഉല്പാദിപ്പിക്കുക നിമിത്തം പ്രകൃതി സംസാരത്തിനു കാരണമായി ഭവിക്കുന്നു.

പുരുഷൻ സംസാരത്തിനെങ്ങനെ കാരണമാകുന്നെന്നു വെച്ചാൽ, സുഖദുഃഖാദി ഭോഗ്യവിഷയങ്ങളെ അനുഭവിക്കുന്നതു ഹേതു പുരുഷനാണ്. അതായത്, പ്രകൃതി, ശരീരേന്ദ്രിയങ്ങൾ മനസ്സ് സുഖദുഃഖങ്ങൾ എന്നിവയുടെ രൂപത്തിലും, പുരുഷൻ അവയെ അനുഭവിച്ചും സംസാരത്തിനു കാരണമായിത്തീരുന്നു. സുഖദുഖങ്ങൾ തന്നെയാണ് സംസാരം. അവയെ അനുഭവിക്കുന്നതിനാൽ പുരുഷൻ സംസാരിയും

'പുരുഷഃ പ്രകൃതിസ്ഥോ ഹി
ഭുംക്തേ പ്രകൃതിജാൻ ഗുണാൻ
കാരണം ഗുണസംഗോസ്യ
സദസദ്യോനിജന്മസു' ( 13 ബബ 21 )

പ്രകൃതികാര്യമായ സൂക്ഷ്മസ്ഥൂല ശരീരങ്ങളിൽ താദാത്മ്യത്തോടെ, അതായത്, അവ തന്റെ ഭാഗം തന്നെയാണെന്നു പുരുഷൻ വിശ്വസിക്കുന്നതിനാലാണ് പുരുഷന് സംസാരമുണ്ടാവുന്നത്. പുരുഷൻ, പ്രകൃതിയിൽ നിന്നുണ്ടാവുന്ന സുഖദുഃഖങ്ങളെ ആത്മഭാവേന അനുഭവിക്കലാണ് സംസാരം. അപ്പോൾ, ഞാൻ മനുഷ്യൻ, ഞാൻസുഖി, ഞാൻ ദുഃഖി, ഞാൻ പണ്ഡിതൻ എന്നിങ്ങനെ മിഥ്യാ വ്യക്തികളായി ജീവൻ അനുഭവപ്പെടുന്നു. . ആ ബോധത്തോടെ കർമ്മം ചെയ്യുമ്പോൾ, കർമ്മഫലങ്ങൾക്ക് അധികാരത്വമുണ്ടാവുകയും , നല്ലതും ചീത്തയുമായ വിവിധ യോനികളിൽ ജന്മമെടുക്കേണ്ടി വരികയും ചെയ്യുന്നു

*(തുടരും)*

*****

# എറണാകുളം കരയോഗം

## ടി.ഡി.എം ഹാളിൽ നടത്തുന്ന പ്രതിമാസ കലാ-സാഹിത്യ-സാംസ്കാരിക പരിപാടികൾ

## ജൂൺ 2024 – ജൂലൈ 2024

| | | | | |
|---|---|---|---|---|
| 1. | 13-06-2024<br>20-06-2024<br>27-06-2024<br>04-07-2024 | വ്യാഴം | എറണാകുളം കരയോഗം<br>എൽഡർ സിറ്റിസൺസ് ഫോറം | 4.00 p.m. - 6.00 p.m. |
| 2. | 15-06-2024 | ശനി | ഹെറിറേറജ് – ഇന്ത്യൻ യോഗ അസോസിയേഷന്റെ സ്റ്റേറ്റ് ജനറൽ സെക്രട്ടറിയായ ശ്രീ. രാജ്ഗോപാൽ കൃഷ്ണൻ, യുണെസ്ക്കോ പൈതൃക പട്ടികയിൽ ഇടം പിടിച്ച യോഗയെക്കുറിച്ചു, സംസാരിക്കുന്നു. | 5.00 p.m |
| 3. | 16-06-2024 | ഞായർ | അകായിലെ സംഗീതം – സാംസ്ക്കാരിക വിഭാഗം – ദക്ഷിണാമൂർത്തി സ്മരണ. സ്വാമിയുടെ സംഗീതവിസ്മയത്താൽ ഇന്നും നിലനിൽക്കുന്ന ഗാനങ്ങൾ. | 4.00 p.m |
| 4. | 25-06-2024 | ചൊവ്വ | ബീം – മേജർസെറ്റ് കഥകളി<br>കഥ– രുഗ്മാംഗദചരിതം | 6.30 p.m. |
| 5. | 30-06-2024 | ഞായർ | സാഹിതിയോഗം – സി.രാധാകൃഷ്ണന്റെ കൃതികൾ. അവതരിപ്പിയക്കുന്നത് ശ്രീ. ഹരിഹരനന്ദനൻ. | 3.30 p.m |
| 6. | 12-06-2024<br>19-06-2024<br>26-06-2024<br>03-07-2024 | ബുധൻ | ദേവിഭാഗവത ക്ലാസ്സ് – വത്സല.പി.പി | 3.00 p.m - 4.30 p.m. |

# ഔഷധ സസ്യ പരിചയം

ഡോ. ദേവീദാസ് വെള്ളോടി – 9747480903

## തുളസി

**അ**രളിപ്പൂവിന്റെ വിഷാംശത്തെ കുറിച്ച് വ്യാപകമായി ചർച്ച ചെയ്തു വരികയാണല്ലോ. അരളികായ്ക്കും ഇലക്കും വിഷാംശമുള്ളതായി പണ്ടേ എല്ലാവർക്കും അറിയാം. പൂവിനെ കുറിച്ച് പരാമർശം ഉണ്ടായി രുന്നില്ല. എന്നാലും മിക്ക അമ്പലങ്ങളിലും അരളിപ്പൂവ് അധികം ഉപയോഗിക്കാറില്ല എന്നത് തന്നെയാണ് വാസ്തവം. എന്തായാ ലും വിഷാംശം സംശയിക്കുന്ന ഒരു പുഷ്പവും ഇലകളും വസ്തുക്കളും അമ്പലത്തിൽ നിവേദിക്കുവാനും പ്രസാദത്തിനും പാടില്ല.

**'തുളസി' എന്ന ഔഷധ സസ്യത്തിന്റെ ഗുണങ്ങളെക്കുറിച്ചു ചർച്ച ചെയ്യാം.**

തുളസി ചെടി ഒരു സാധാരണ സുഗന്ധമുള്ള സസ്യമാണ്. ഇതിന്റെ ജന്മദേശം ഇന്ത്യയും വടക്കൻ, കിഴക്കൻ ആഫ്രിക്കയുമാണ്.

**തുളസിയുടെ തരങ്ങൾ:**

തുളസിയുടെ നാല് ഇനങ്ങൾ സാധാരണയായി കാണപ്പെടുന്നു:

1. ശുക്ല തുളസി, (വെളുത്ത വൈവിധ്യം
2. കൃഷ്ണ തുളസി (കൃഷ്ണ ഭരണമുള്ള തുളസി)
3. വനതുളസി (കാട്ടുതുളസി)
4. കർപ്പൂരതുളസി (കനത്ത പൂക്കളുള്ള കർപ്പൂരത്തിന്റെ മണമുള്ളത്

കൃഷ്ണതുളസിക്കും രാമതുളസിക്കും ആണ് പ്രാധാന്യം കൂടുതൽ. ഔഷധ മൂല്യങ്ങൾക്കു പുറമെ നല്ലൊരു കീടനാശിനി കൂടിയായി അറിയപ്പെടുന്നു. സുഗന്ധപൂരിതമായ ഇലകളോടും അടുക്കുകളായി കാണുന്ന പുഷ്പമഞ്ചരിയോടും കൂടിയ കുറ്റിചെടിയായ തുളസി അല്പം വെയിൽ ലഭിച്ചാൽ കേരളത്തിൻെറ കാലാവസ്ഥയിൽ ഏതു തരത്തിലുള്ള മണ്ണിലും വളരും. വിശ്വാസപരമായി വീടിൻെറ മുൻവശത്താണ് തുളസിയുടെ സ്ഥാനമെങ്കിലും സ്ഥല ലഭ്യതക്ക് അനുസരിച്ച് മലിനജലം ഇല്ലാത്തിടങ്ങളിൽ എല്ലാം തുളസി വളർത്താം. അത് പോലെ തന്നെ മൺചട്ടികളിലും മണ്ണ് നിറച്ച ചാക്കുകളിലും വളർത്തിയെടുക്കാവുന്നതാണ്. വിത്തുകൾ ചെറുതാണ്. മൂപ്പെത്തിയ വിത്തുകൾ നിലത്തു വീണ് ജലലഭ്യതക്ക് അനുസരിച്ച് മുളച്ച് വരും. ഇവ പറിച്ചെടുത്ത് സൗകര്യത്തിനു അനുസരിച്ച് നടാം. ഇവ വളർന്നു വരുന്നതിന് അനുസരിച്ച് ഇലകൾ എറുത്തെടുക്കാം. തുളസിക്ക് അണുനാശന സ്വഭാവവും കീടനാശിനി സ്വഭാവവും ഉള്ളതിനാൽ ഉദ്യാനങ്ങളിലും വീട്ടുപരിസരങ്ങളിലും കൃഷിയിടങ്ങളിലും നട്ട് വളർത്തുന്നത് ഉത്തമം ആണ്. ഔഷധ കൂട്ടുകളിൽ ഉപയോഗിക്കുന്നതിന് പുറമേ ഒട്ടുമിക്ക ജൈവ കീടനാശിനികളിലും തുളസി ചേരുന്നുണ്ട്.

**തുളസിയുടെ ഔഷധ ഗുണങ്ങൾ:**

പരമ്പരാഗതമായി നൂറ്റാണ്ടുകളായി ആയുർവേദത്തിൽ ആരോഗ്യം വർദ്ധിപ്പിക്കുന്നതിനായി ഇത് ഉപയോഗിക്കുന്നു. പനി, ചുമ, ജലദോഷലക്ഷണങ്ങൾ എന്നിവ കുറയ്ക്കുന്നതിനു ഇത് പ്രാഥമികമായി ഉപയോഗിക്കുന്നു. തുളസിയുടെ ഇല മാത്രമോ വേരോടുകൂടിയോ ഉപയോഗിക്കാം.

തുളസിനീരും ഇഞ്ചിനീരും തേനും സമം ചേർത്ത് കൊടുത്താൽ കുട്ടികളുടെ വയറു വേദന മാറും.

ചിക്കൻപോക്സ് വന്നാൽ തുളസിയില നീര് 10 മില്ലിയും അത്രയും തേൻ ചേർത്ത് ദിവസവും 3 നേരം ഉപയോഗിച്ചാൽ പനിയും ചുമയും ശമിക്കും.

വിഷപ്രാണികൾ കടിച്ചാൽ തുളസിയില, തുളസിപൂവ്, മഞ്ഞൾ, തഴുതാമ ഇവ സമം എടുത്തു അരച്ച് പുരട്ടുകയും അത്ര തന്നെ അരച്ച് 5 ഗ്രാം വീതം ദിവസം 3 നേരം കഴിക്കുകയും ചെയ്യുക. തുളസിയില തനിയെ അരച്ച് പുരട്ടുന്നതും നല്ലതാണ്.

തുളസിക്കതിരും കുരുമുളകും ചേർത്ത് വെളിച്ചെണ്ണയിൽ മുറുക്കി തേച്ചാൽ നീരി

റക്കം, തലവേദന എന്നിവ മാറും. കണ്ണ് ചൊറിച്ചിൽ, കണ്ണ് ചുവക്കൽ എന്നീ രോഗങ്ങളിൽ തുളസിനീരു കണ്ണിൽ ഒഴിക്കു ക. ചെങ്കണ്ണിനും തുളസിനീര് ഫലപ്രദമാണ്.

കഫം ചുമച്ചു തുപ്പി പോകാൻ തേൻ, ഇഞ്ചിനീര്, ഉള്ളിനീര്, തുളസിയിലനീര് ഇവ സമം ചേർത്ത് കഴിച്ചാൽ മതി.

തുളസിയില തണലിൽ ഇട്ട് ഉണക്കി പൊടിച്ചു നാസികാചൂർണ്ണം ആയി ഉപയോഗിച്ചാൽ മൂക്കൊലിപ്പ്, മൂക്കടപ്പ് എന്നിവ ശമിക്കും.



തുളസി നീരിൽ മഞ്ഞൾ ചേർത്ത് അരച്ച് സേവിക്കുകയും പുരട്ടുകയും ചെയ്താൽ ചിലന്തി വിഷത്തിന് നല്ലതാണ്.

ഒരു ഗ്ലാസ് വെള്ളത്തിൽ അൽപം തുളസിയിലകൾ ഇട്ടുവച്ച് രാവിലെ വെറും വയറ്റിൽ കുടിക്കാം. ആ തുളസിയിലകൾ കടിച്ചു തിന്നുകയുമാകാം. ശരീരത്തിന് നല്ല പ്രതിരോധശേഷി നൽകുന്ന മാർഗമാണിത്. രണ്ടു മൂന്നു തുളസിയില നിത്യവും ചവച്ചു തിന്നുന്നതും പ്രതിരോധശേഷി വർധിപ്പിക്കുന്നു.

തുളസി രക്തം ശുദ്ധീകരിക്കും. അതുകൊണ്ടു തന്നെ ചർമ്മത്തിന് തിളക്കം നൽകാനും രക്തജന്യ രോഗങ്ങൾ ഒഴിവാക്കാനും സഹായിക്കും. തുളസിയില ഇട്ടു വച്ച വെള്ളം കൊണ്ട് മുഖം കഴുകിയാൽ കാന്തി വർദ്ധിക്കുന്നു.

തുളസി നല്ലൊരു ദാഹ ശമനി ആണ്.

തുളസി ചായ തയ്യാറാക്കുന്ന രീതി:

ഒരു ഭാഗം തുളസിപ്പൊടി പത്തുഭാഗം ചായപ്പൊടിയുമായി കലർത്തുക.

ചായ പാൽ ഇല്ലാതെ കുടിക്കണം.

ശ്രദ്ധിക്കുക: തുളസിയും പാലും ഒരു നല്ല സംയോജനമല്ല, കാരണം തുളസി ചൂടുള്ളതും പാൽ സ്വഭാവത്താൽ തണുത്തതുമാണ്; ഇവ രണ്ടും കൂടിചേരുന്നത് നല്ലതല്ല.

ഹൈന്ദവർ ഏറ്റവും പവിത്രവും പുണ്യകരവുമായി കരുതി ആരാധിക്കുന്ന ഒരു ചെടിയാണ് തുളസി. ലക്ഷ്മീദേവിതന്നെയാണ് തുളസിച്ചെടിയായി അവതരിച്ചിരിക്കുന്നത് എന്നാണ് ഹൈന്ദവവിശ്വാസം. ഇല, പൂവ്, കായ്, തൊലി, തടി, വേര് തുടങ്ങി തുളസിച്ചെടിയുടെ സകലഭാഗങ്ങളും പവിത്രമാണ്. തുളസി നിൽക്കുന്ന മണ്ണു പോലും പാവനമായി കരുതിവരുന്നു. ദേവീഭാഗവതം, പത്മപുരാണം, സ്കന്ദപുരാണം, നാരദസംഹിത, അഗസ്ത്യസംഹിത തുടങ്ങിയവയിലെല്ലാം തുളസിയുടെ മാഹാത്മ്യം പ്രകീർത്തിക്കപ്പെട്ടിട്ടുണ്ട്.

*****

**പച്ചക്കല്ലൊത്ത പൂമെ നിറവുമണികുഴൽ**
**പ്പല്ലവും മെല്ലെ മെല്ലെ**
**വെച്ചീടുമ്പോൾ വിയച്ചീടിന മധുരിമയും**
**പിച്ചയും വിശ്വമൂർത്തേ**
**മച്ചിത്തേ പോന്നുദിച്ചീടണമതിനു വിശേ**
**ഷിച്ചു വിജ്ഞാപയേഹം**
**സച്ചിൽക്കല്ലോലമേ നീ കൃപ തരിക സദാ**
**കൃഷ്ണ ! കാരുണ്യസിന്ധോ !**

**പൂന്താനം ശ്രീകൃഷ്ണകർണ്ണാമൃതം**

(കഥ)

# ആഞ്ജനേയനെ തേടി

സേതുമാധവൻ – 9980177444

ഇതിനുമുമ്പ് ഞാൻ ഇത്തരം കാഴ്ചകൾ എത്രയോ കണ്ടിരിക്കുന്നു.

എനിക്കൊന്നും ചെയ്യാൻ കഴിയുന്നില്ലല്ലോ!. ആരെ വിളിച്ചു പ്രാർത്ഥിക്കണം. ഭയത്തോടെ ഞാൻ എഴുന്നേറ്റിരുന്നു. എല്ലാം അവസാനിച്ചിരിക്കുന്നു. ആദ്യം അവർ അവളെ പിച്ചിച്ചീന്തി. ഓരോരുത്തരായി അവസാനം വന്നവൻ...

ഗുഹയ്ക്കു പുറത്തു തീയെരിയുന്നുണ്ട്. അവിടെ അവളുടെ കത്തുന്ന ശരീരം എനിക്ക് കാണാമായിരുന്നു. കലിയുഗത്തിന്റെ തീയാട്ടം.

'സുകൃതക്ഷയം'.

ഒരു നിമിഷം കത്തുന്ന ആ ശരീരം എനിക്ക് നേരെ തിരിഞ്ഞു. എന്നോടായിട്ടാണോ അവൾ പറയുന്നത്?

'സുകൃതക്ഷയം'.

കലിയുഗത്തെകുറിച്ച് വ്യാസമഹർഷി പറഞ്ഞുകേട്ടതിലും എത്രയോ ഭയാനകമാണ് കാര്യങ്ങൾ. ഒരുപക്ഷെ മറ്റു ചിരഞ്ജീവികളായ വ്യാസൻ, കൃപാചാര്യൻ, ഹനുമാൻ, വിഭീഷണൻ, മഹാബലി, പരശുരാമൻ, മാർക്കണ്ഡേയൻ അവരെല്ലാം ഇതു കാണുന്നുണ്ടാവില്ലേ? അവർക്കും ഒന്നും ചെയ്യാൻ കഴിവില്ലേ?

ഞാൻ ആ ഗുഹയിൽ നേരം പുലരാനായി കാത്തിരുന്നു.

സൂര്യകിരണങ്ങൾ എന്നെ തലോടിയപ്പോൾ പ്രഭാതശുദ്ധിവരുത്താനായി ഞാൻ ഒന്ന് നോക്കിയപ്പോളാണ് ആ അരുവി കണ്ടത്.
ഇതിനു മുമ്പും ഞാൻ ഇവിടെ വന്നിട്ടുണ്ട്.

എന്റെ അച്ഛൻ ദ്രോണരും ഹസ്തിനപുരത്തിലെ ചങ്ങാതിമാരുമായി.

വനത്തിനുള്ളിലെ ആയുധാഭ്യാസത്തിനു ശേഷം ഞങ്ങളെല്ലാം ഈ അരുവിയിൽ ദേഹശുദ്ധിചെയ്താണ് അന്ന് കൊട്ടാരത്തിലേക്ക് മടങ്ങിയത്. പൂക്കാലം അല്ലാതിരുന്നിട്ടുകൂടി ഓരങ്ങളിലുള്ള മരങ്ങളിൽ നിന്ന് അരളിപ്പൂക്കൾ വെള്ളത്തിൽ വൃത്തം വരച്ചു ഒഴുകിക്കൊണ്ടിരുന്നു. .

വർഷങ്ങൾ എത്രയോ കഴിഞ്ഞിരിക്കുന്നു.

പക്ഷെ ഇന്നലെപ്പോലെ തോന്നുന്നു. ശാന്തമായി ഈ അരുവി കാലങ്ങളിലൂടെ പാലായനം ചെയ്യുന്നു.

കുളിക്കാൻ ഞാനും മറ്റു കുട്ടികളും ഇറങ്ങിയപ്പോൾ മുതിർന്നവരിൽ ആരോ വിളിച്ചു പറയുന്നുണ്ടായിരുന്നു,

'കൂട്ടം തെറ്ററുത്. മുതലകളുള്ള അരുവിയാ ...'.

അരയോളം വെള്ളത്തിൽ നിന്നപ്പോൾ അരുവിയുടെ അടിത്തട്ട് കാണാം. ചെറുകല്ലുകൾ വജ്രം പോലെ തിളങ്ങുന്നുണ്ടായിരുന്നു. അപ്പോളാണ് കൂട്ടത്തിലാരോ പറഞ്ഞത് 'കണ്ടോ, അരുവിയുടെ മധ്യത്തിൽ ജലം നിശ്ചലമായി കിടക്കുന്നത്'.

വെള്ളത്തിൽ മുങ്ങി നിവരുമ്പോൾ ഒരു മിന്നൽപോലെ കണ്ടതാണ്, ഒരു വലിയ മുതല. കുട്ടികളുടെ ബഹളം കേട്ടിട്ട്, ഭീക്ഷ്മപി താമഹൻ അലറി വിളിച്ചു.

'ദ്രോണാ,' !!!

കയ്യിൽ കിട്ടിയ ഒരു വടിയെ അസ്ത്രമാക്കി അച്ഛൻ ആ മുതലയെ ലക്ഷ്യമാക്കി എറിഞ്ഞു. കരയിൽ ഈറനോടെ നിൽക്കുമ്പോൾ ഞാൻ കണ്ടതാണ് മുതലയുടെ കണ്ണുകളിൽ മരണത്തിന്റെ ഭയം. പെട്ടന്ന് ആ മുതല വെള്ളത്തിന്റെ അടിയിലേയ്ക്ക് താണു. അപ്പോഴും അരുവി സ്വച്ഛന്ദം ഒഴുകിക്കൊണ്ടിരുന്നു.

'അതിനെ വിട്ടേക്കൂ, കൊല്ലേണ്ട' എന്ന് എന്റെ അമ്മാവൻ കൃപാചാര്യൻ നിർദ്ദേശിച്ചപ്പോൾ, ഒരു നിമിഷം കൊണ്ട് ആ അസ്ത്രം അച്ഛന്റെ കയ്യിൽ വടിയായി തിരിച്ചുവന്നത് കണ്ടിട്ട് ഞങ്ങൾ കുട്ടികൾ എല്ലാവരും വലിയ സന്തോഷത്തിൽ ആർത്തുവിളിച്ചു കയ്യടിച്ചു.

ഇന്ന് അരളിമരങ്ങൾ ഇല്ല . അരുവിയിൽ നൂൽപരുവത്തിലെ വെള്ളമുള്ളൂ. എല്ലാം ശോഷിച്ചു പോയി. ഞാൻ ചികഞ്ഞു നോക്കി. അടിഞ്ഞു കിടക്കുന്ന മുതലകളുടെ എല്ലിൻകൂട് എവിടെയെങ്കിലുമുണ്ടോ?

എന്നാണ് എനിക്കൊരു മോചനം.?

ദ്വാപര യുഗത്തിനുശേഷം കലിയുഗത്തിൽ ഏതാണ്ട് അയ്യായിരം വർഷങ്ങളും കഴിഞ്ഞിരിക്കുന്നു. ഇന്നും ഞാൻ വേദനയോടെ അലഞ്ഞുകൊണ്ടിരിക്കുന്നു. ഓർക്കുമ്പോൾ ചിരിയാണ്. ഇനിയും നാലു ലക്ഷത്തിൽ അധികം വർഷങ്ങൾ കഴിഞ്ഞാലേ എനിക്ക് മോചനമുള്ളു!!. ആ ചിന്ത എന്നിൽ ഉന്മാദമുണ്ടാക്കുന്നു.

എനിക്ക് തെറ്റുപറ്റിയോ?

ഘോരവനത്തിലെ ഒരു ഗുഹയിൽ ജനിച്ചത് ഓർമ്മയുണ്ട്. ചെറു ശബ്ദമുണ്ടാക്കിയാൽ വലിയ മുഴക്കമായിരുന്നു ഗുഹയിൽ. ഒരറ്റത്ത് പരമശിവനെ പൂജിക്കുന്ന ഒരു മണ്ഡപമുണ്ടായിരുന്നു. മണ്ണും ചളിയും കൊണ്ടുണ്ടാക്കിയത്.

അമ്മയാണ് പറഞ്ഞത്, 'നിന്റച്ഛൻ ഒരു പാട് വർഷം തപസ്സു ചെയ്തു കിട്ടിയതാണ് നിന്നെ'

അച്ഛൻ ചോദിച്ചത് ' അങ്ങയെപ്പോലെ ഒരു മകനെവേണമെന്നാണ്'...

അച്ഛന്റെ കൂടെ ഹസ്തിനപുരത്തിൽ പോയപ്പോൾ വലിയ ഗോപുരങ്ങളും ആനപ്പന്തിയും കുതിരലായങ്ങളും കണ്ടു മതിമറന്നിരുന്നു. കൗരവകുമാരന്മാർക്കിടയിൽ അവരിലൊരാളെപ്പോലെ വളർന്നു. ആ സ്വാതന്ത്ര്യം കൊണ്ടാണ് പലവട്ടം സുയോധനനോട് യുദ്ധം അവസാനിപ്പിക്കാൻ പറഞ്ഞത്.

'നീ ഒരു ഭീരു' എന്ന് മുദ്രകുത്തപ്പെടും എന്നാണ് സുയോധനൻ പറഞ്ഞത്. എപ്പോഴും സന്ധിചെയ്യൽ ഭീരുത്വമായിട്ടാണ് കാണപ്പെടാറ്.

കൃഷ്ണൻ എന്റെ നെറ്റിയിൽ നിന്നും പവിത്ര രത്നത്തെ അടർത്തിമേടിച്ചുകൊണ്ട് എന്നോട് പറഞ്ഞത് ഇപ്പോഴും കാതുകളിലുണ്ട്.

അതൊരു ശാപ വാക്കായിരുന്നോ?

അപ്പോൾ ഒന്നിനുംവേണ്ടി കേണില്ല. ശാപമോക്ഷത്തിനു വേണ്ടിയും. അതും ഒരു ഭീരുത്വമായി കണ്ടാലോ !.

നെറ്റിയിലെ രത്നം തടവി ഒരിക്കൽ അച്ഛൻ പറഞ്ഞിരുന്നു, 'ഇത് നിന്റെ കൂടെ ഉണ്ടായാൽ നിനക്ക് വിശപ്പും. ദാഹവും , ക്ഷീണവും അറിയില്ല'. ഇവയറിയാതെ എന്നെ സംരക്ഷിക്കാൻ വേണ്ടി പരമശിവന്റെ അനുഗ്രഹത്താൽ ആ രത്നവുമായാണ് ഞാൻ ജനിച്ചതുതന്നെ.

കഷ്ടപ്പാടുകൾ മാറ്റാൻവേണ്ടി എന്റെ അച്ഛൻ പാഞ്ചാലരാജാവായ ദ്രുപദന്റെ അടുത്താണ് ആദ്യമെത്തിയത്.

'നമ്മൾ സുഹൃത്തുക്കളായിരുന്നില്ലേ' എന്ന് ഓർമിപ്പിച്ച അച്ഛനോട് , 'എങ്ങിനെ രാജാവിന് യാചക സുഹൃത്തുണ്ടാവും' എന്നൊരു മറുചോദ്യം പരിഹസിച്ചയാൾ ചോദിച്ചു.

അച്ഛനെ അപമാനിച്ച് വെറുംകൈയോടെ പറഞ്ഞയച്ചു അയാൾ. അപമാനഭാരത്താൽ വിങ്ങിപ്പൊട്ടി എന്റെ അച്ഛൻ മടങ്ങിവന്നത്, ഞാൻ ഇപ്പോളും ഓർക്കുന്നു . യമനിയമങ്ങൾ തെറ്റിച്ച അയാൾക്ക് പിന്നീട് അതിനു വലിയ വിലകൊടുക്കേണ്ടിവന്നു.

ഒരുപക്ഷെ അയാൾ അച്ഛനെ സുഹൃത്തായി സ്വീകരിച്ചിരുന്നെങ്കിൽ. ഞാൻ ആശിച്ചു പോയി!!!.

പാണ്ഡവ ശിബിരങ്ങളെ എരിച്ചു ഓരോരുത്തരെ വധിക്കുമ്പോഴും കുറ്റബോധം ഒട്ടും ഇല്ലായിരുന്നു. കുരുക്ഷേത്ര യുദ്ധത്തിൽ പാണ്ഡവരും കൃഷ്ണനും ചെയ്ത ചതിപ്രയോഗങ്ങൾ ഓർത്താൽ തന്നെ മതി..

സുയോധനൻ, കർണ്ണൻ, ദ്രോണർ, എന്തിന് ഭീഷ്മ പിതാമഹനെവരെ ചതിയിലൂടെയല്ലേ ഇല്ലാതാക്കിയത്. ഇനിയും പേരുകൾ അനവധിയുണ്ട്.

എനിക്ക് താങ്ങാനാവുന്നതിലും അപ്പുറമായിരുന്നു അച്ഛന്റെ മരണം. ജയത്തിനു വേണ്ടി, കൃഷ്ണൻ നടത്തിയ കപട നാടകത്തിൽ, സത്യത്തിന്റെ വക്താവായി ഞാൻ കരുതിയ, എല്ലാവരും ഉത്ഘോഷിച്ച, യുധിഷ്ഠിരൻ അധഃപതിച്ചതും കണ്ടു.

പക്ഷെ അവസാന ശ്വാസം ബാക്കിയുള്ള അച്ഛനോട് എനിക്ക് ഒരിക്കലെങ്കിലും വി

ജയിക്കാനായി അനുഗ്രഹം ചോദിച്ചപ്പോൾ സ്വന്തം ശക്തിയാൽ വിജയിക്കാൻ എന്റെ സ്വന്തം അച്ഛൻ പറഞ്ഞപ്പോൾ, എന്റെ മുമ്പിൽ പിന്നെ വേറെന്തുവഴി?

പാണ്ഡവരെ ഒന്നടങ്കം വകവരുത്താനായി ഞാൻ നാരായണാസ്ത്രം പ്രയാഗിച്ചു,പടിഞ്ഞാറൻ ദിക്കിൽ നിന്ന് തുടങ്ങിയ കാറ്റ് കൊടുങ്കാറ്റായി ആഞ്ഞുവീശി, ഇടിമുഴക്കമുണ്ടായി. ഒരസ്ത്രം ലക്ഷം അസ്ത്രം കണക്കെ ഓരോ പാണ്ഡവന്റെ നേരെയും പാഞ്ഞുചെന്നു. ചതിയൻ കൃഷ്ണൻ, ആയുധങ്ങളും രഥങ്ങളും ഉപേക്ഷിച്ചു നാരായണാസ്ത്രത്തിന്ന് സാഷ്ടാംഗം നമസ്കാരം നടത്താൻ അവരെ ഉപദേശിച്ചു.

ഭീരുക്കൾ എന്ന് ഒരു നൂറു വട്ടം മനസ്സിൽ പറഞ്ഞു.

നാരായണാസ്ത്രം ഒരിക്കൽ മാത്രമേ എനിക്ക് പ്രയോഗിക്കാൻ കഴിയുകയുള്ളു എന്ന് കൃഷ്ണനറിയാമായിരുന്നു. എന്നിലെ പ്രതികാരാഗ്നിയെ കൃഷ്ണൻ അങ്ങിനെ വീണ്ടും വീണ്ടും ആളിക്കത്തിച്ചു .

അന്ന് രാത്രി , സുയോധനന്റെ നിലവിളി കേട്ടു. 'ആരും ബാക്കിയില്ല, ആരും ബാക്കിയില്ല'!!!

യുദ്ധഭൂമിയിലൂടെ നടക്കുമ്പോൾ തളർന്നു കിടക്കുന്ന ശരീരങ്ങൾ എന്നെ പ്രതീക്ഷയോടെ ഒന്ന് നോക്കിയിട്ട് മരിച്ചുവീഴുന്നതു കണ്ടപ്പോൾ എന്നിലെ യോദ്ധാവ് ഒന്ന് ഉണർന്നുപോയി.

ധൃഷ്ടദ്യുമ്നനെ കഴുത്തു ഞെരിച്ചു കൊല്ലുമ്പോൾപോലും ഈ കൈകൾ ഒട്ടും വിറച്ചില്ല.

അവൻ കേണു, ഒരു വാളെങ്കിലും കൈയിൽ കൊടുക്കാൻ,

'ഒരു യോദ്ധാവിനെപ്പോലെ എന്നെ മരിക്കാൻ അനുവദിക്കൂ'

അതുകേട്ടിട്ടുപോലും ഈ ഇടനെഞ്ചു കുലുങ്ങിയില്ല. അവനോടൊപ്പം ബാക്കിയുള്ള എല്ലാ പാണ്ഡവപുത്രരെയും ഞാൻ കൊന്നൊടുക്കി. അറിഞ്ഞു കൊണ്ടുതന്നെയാണ് ഞാൻ പാഞ്ചാലിയുടെ മക്കളെ മുഴുവനും വകവരുത്തിയത്. കൊലച്ചതികളിലൂടെ വിജയം നേടിയതിന്റെ പാപഭാരം അവർ പേറിയതാണ് . വിധാതാവ് അത് എന്നിലൂടെ നടത്തി എന്ന് മാത്രം. അതല്ലെങ്കിൽ എന്റെ കൂടെ വന്ന കൃപാചാര്യർ പോലും എന്നെയെന്തേ തടഞ്ഞില്ല?

പിറ്റേന്ന് രാവിലെ പാണ്ഡവർ ഭാഗീരഥി തീരത്തുള്ള വ്യാസാശ്രമത്തിൽ കൊലവിളിയുമായി എന്നെത്തേടി വന്നു.

ഗത്യന്തരമില്ലാതെ ഞാൻ ബ്രഹ്മാസ്ത്രം പ്രയോഗിച്ചു, കൃഷ്ണ പ്രേരണയാൽ അർജുനനും. ബ്രഹ്മാസ്ത്രങ്ങൾ കൂട്ടിമുട്ടിയാൽ സർവ്വനാശമെന്ന് അറിയാവുന്ന വേദവ്യാസമുനി ഇടപെട്ട് ഞങ്ങളെക്കൊണ്ട് ബ്രഹ്മാസ്ത്രത്തെ പിൻവലിപ്പിക്കാൻ ശ്രമിച്ചു. എന്റെ സ്വന്തം അച്ഛനായ ദ്രോണാചാര്യരാണ് ഞങ്ങൾക്ക് രണ്ടുപേർക്കും ഈ അസ്ത്രം അനുഗ്രഹിച്ചു തന്നത്. പക്ഷെ അസ്ത്രം പ്രയോഗിക്കാനും അത് വേണ്ടിവന്നാൽ പിൻവലിക്കാനും അർജ്ജുനനെ പഠിപ്പിച്ചു. പക്ഷെ പ്രയോഗിക്കാൻ മാത്രമേ എന്നെ പഠിപ്പിച്ചുള്ളു. ഒരുപക്ഷെ എനിക്ക് അന്ന് അത് ഒരനുഗ്രഹമായോ?

ഒഴിഞ്ഞ ഒരു സ്ഥലത്തേക്കെന്ന വാജ്യേന ഞാൻ ആ അസ്ത്രത്തെ അവസാന പാണ്ഡവ രക്തമായ ഉത്തരയുടെ വയറ്റിലെ ഭ്രൂണത്തിലേക്കു തിരിച്ചു വിട്ടു. ഞാൻ സമ്മതിക്കുന്നു എന്നിലെ പ്രതികാരാഗ്നി എന്നെ നിഷ്ഠൂരനാക്കി എന്നതാണ് സത്യം.

അവിടെയും കൃഷ്ണൻ എന്നെ വിജയിക്കാൻ സമ്മതിച്ചില്ല. ആ കുഞ്ഞിനെ അയാൾ രക്ഷിച്ചുകൊണ്ടു് അവന് 'പരീക്ഷിത്ത്' എന്ന് നാമകരണവും ചെയ്തു .

എങ്ങിനെ മറക്കും ഇതെല്ലാം. ഒരിടത്തും എനിക്ക് നീതികിട്ടിയില്ല.

ഞാൻ നീതി നടപ്പാക്കിയതിന് ഈ കലിയുഗം മുഴുവനും ചിരഞ്ജീവിയായി ജീവിക്കുക.

എന്നെ കൊടിയ ദുഃഖത്തിലേക്കും, നിത്യനരകത്തിലേക്കും ആ കൃഷ്ണൻ തള്ളിവിട്ടു. രാത്രിയുടെ അന്ത്യയാമങ്ങളിൽ എപ്പോഴെങ്കിലും ഒന്ന് ഉറങ്ങിയാലായി. പിന്നെയും

ശമിക്കാത്ത വേദനയുമായി ഞാൻ ഇവിടെ ജീവിക്കുന്നു. ആരെയും കാണാതെ, ആരുടെ കണ്ണിലും പെടാതെ, ഒരിടത്തു നിന്നും മറ്റൊരിടത്തേക്കുള്ള യാത്ര.

എല്ലാ ധീരന്മാരെയും പോലെ ഞാനും ആരുടെയും സഹതാപം ആഗ്രഹിക്കുന്നില്ല. അതുകൊണ്ടു തന്നെ ഞാൻ ഒളിത്താവളങ്ങളിൽ മാത്രം ഒതുങ്ങിജീവിക്കുന്നു.

ശൂരന്മാർ ഒരിക്കലും ഭീരുക്കളെപ്പോലെ പെരുമാറില്ല. ഞാൻ ചെയ്ത കൊടിയ പാതകങ്ങളെല്ലാം ഒരു വീരനും ചേർന്നതല്ല. പക്ഷെ അത്രയെങ്കിലും ഞാൻ ചെയ്യേണ്ടിയിരുന്നു.

സുയോധനനെ പറ്റി പലർക്കും അഭിപ്രായങ്ങൾ പലതാണ്. പാണ്ഡവന്മാരോട് കുറച്ചുകൂടി മാന്യത കാട്ടാമായിരുന്നു എന്ന് ഗുരുക്കന്മാർ പറയുന്നുണ്ടായിരുന്നു. പക്ഷെ ഞങ്ങളെ ഒരു ജേഷ്ഠ സഹോദരന്റെ പോലെയാണ് അയാൾ സ്നേഹിച്ചത്. കാട്ടിലെ ഗുഹയിൽ ജനിച്ച എന്നെ അയാൾ പാതി പാഞ്ചാല രാജാവാക്കി വാഴിച്ചതു ഓർക്കുന്നു. അച്ഛനെ ദ്രോഹിച്ച രാജ്യത്തിൽ മകൻ രാജാവ്. ഒരു മധുരപ്രതികാരം!!.

തലയിലെ മുറിവിൽ നിന്നും രക്തം ധാരധാരയായി ഒഴുകുന്നു. വല്ലാത്ത ക്ഷീണം. ഒരു ഗുഹയല്ലേ ഞാൻ കാണുന്നത് . അവിടെ വിശ്രമിക്കാം. എന്തെങ്കിലും മരുന്നുവച്ച് ഒന്ന് കിടക്കണം . ഹാവൂ. വയ്യ!!

എന്നു തുടങ്ങിയ യാത്രയാണ്. യുഗങ്ങൾ താണ്ടിയാണ് ഇവിടെ നിൽക്കുന്നത്. ഗുഹയ്ക്കു മേലെ നക്ഷത്രങ്ങൾ ഉദിച്ചു നിൽക്കുന്നു. ഗുഹയ്ക്കകത്തു പുല്ലു മേഞ്ഞ മേത്തയുണ്ടാക്കി മലർന്നു കിടക്കാൻ ഞാൻ തുടങ്ങിയപ്പോൾ ഗുഹാമുഖത്തൊരക്കം . ഒളിഞ്ഞു നോക്കുമ്പോൾ ഞാൻ സ്തബ്തനായിപ്പോയി ആരാണാ വരുന്നത്?

' കൃപാചാര്യനല്ലെ?'

ഞാൻ ഓടി അദ്ദേഹത്തെ പാദനമസ്കാരം ചെയ്തിട്ട് കെട്ടിപിടിച്ചു . വയ്യാതായിരിക്കുന്നു എന്റെ അമ്മാവന്.

'ഉണ്ണി, നിന്റെ ഈ രൂപം എന്നെപ്പോലും ഭയപ്പെടുത്തുന്നു. സൂര്യനെക്കാൾ തേജസ്സുണ്ടായിരുന്ന നീയിപ്പോൾ നിന്നെ കണ്ടുമുട്ടുമെന്നു ഞാൻ ഒരിക്കലും പ്രതീക്ഷിച്ചില്ല ഞാനും ഇവിടെയെല്ലാം അലഞ്ഞു നടക്കുകയാണ്. ഒന്നും ചെയ്യാൻ തോന്നുന്നില്ല. വയ്യാതായി ഉണ്ണി.'

ചോദിക്കണമെന്ന് തോന്നി, ഞാൻ അലയുന്നത് മനസിലാക്കാം. പക്ഷെ സത്യത്തിനും നീതിക്കും വേണ്ടി നിലകൊണ്ട അങ്ങ് , എന്നെ ശപിച്ച കൃഷ്ണൻ തന്നെ അനുഗ്രഹച്ചുതന്ന ജന്മം ഇങ്ങിനെ അലയാനുള്ളതാണോ? മനുഷ്യരിൽ കൃപ വളർത്താനാണ് അങ്ങയെ ചിരഞ്ജീവിയാക്കിയത്.

പക്ഷെ ഞാൻ ചോദിച്ചില്ല. ചോദിക്കാതെതന്നെ അദ്ദേഹത്തിന് മനസ്സിലായെന്നു തോന്നുന്നു.

'ഉണ്ണി, എന്റെ ക്ഷീണമെല്ലാം മാറിത്തുടങ്ങി. ഈ കലിയുഗത്തിലെ ഏറ്റവും പ്രയാസമുള്ള കർമ്മമാണ് എന്റേത് . മനുഷ്യനിൽ കൃപ വളർത്തണം. നമുക്ക് ഒന്നിച്ചുനീങ്ങാം. അതിനു സമയമായി. നിനക്കറിയില്ലേ ഉണ്ണി കലിയുഗം കഴിഞ്ഞുവരുന്ന സത്യയുഗത്തിൽ നീയും ഞാനും സപ്തർഷികളായി ഉയർത്തപ്പെടും. അതിലേക്കു നമ്മെ സജ്ജമാക്കാനാണ് ഈ യാതന. അടുത്ത മന്വന്തരത്തിൽ നീയാണ് വ്യാസൻ. അന്ന് നീ രചിക്കും വേദങ്ങളും പുരാണങ്ങളും. അത് ഈ ഭാരതഭൂവിൽ മാത്രം ഒതുങ്ങിനിന്നാൽ പോര, മൂന്ന് ലോകങ്ങളെക്കുറിച്ചും നിനക്ക് കുറിക്കേണ്ടിവരും. അതുകൊണ്ടു തന്നെ ഈയാത്ര നമുക്ക് ഒരുമിച്ചാകാം. ഈ ഭൂലോകം മുഴുവനും നമുക്ക് ഒന്നിച്ചു പോകാം. നീ കൂടെയുള്ളപ്പോൾ എനിക്ക് വലിയ ശക്തികിട്ടിയ പോലെ . ഇന്നിവിടെ സമാധാനമായി നമുക്ക് ഉറങ്ങാം. എന്റെ ഉണ്ണി കുറച്ചു വെള്ളം കുടിക്കാനായി തരൂ'

ശരീരം വേദനിക്കുന്നുണ്ടായിരുന്നു. ഉറക്കം നെറ്റിക്ക് മേലെ പതുക്കെ കൈ വച്ചു. ചെറിയ ശബ്ദം കേട്ടാണ് ഉണർന്നത്. ഗുഹാമുഖത്തു ഒരു പെണ്ണിന്റെ രൂപം അവ്യക്തമായി കണ്ടു. അവൾ പേടിച്ചിരിക്കുന്നത് പോലെ. കൈകൾ മാറോട് ചേർത്ത് പിടിച്ചിരിക്കുന്നു. ഗുഹയ്ക്കു പുറത്തു നാട്ടു വെളിച്ചം മരങ്ങൾക്കിട

യിലൂടെ ഊർന്നിറങ്ങിയിരുന്നു. പെട്ടെന്നാണ് ഒരാൾ അവിടേയ്ക്കു കയറി വന്നത്.

'ഇവിടെയുണ്ട്', അയാൾ വിളിച്ചു പറയുന്നുണ്ടായിരുന്നു. മുന്നുപേർകൂടി അങ്ങോട്ടേക്ക് വന്നു. അവർ അവൾക്കു ചുറ്റും ഇരുന്നു. അവൾ പറയുന്നുണ്ടായിരുന്നു, 'എന്റെ ആട്ടിൻകൂട്ടം ഈ കാട്ടിൽ എന്നെത്തേടി അലഞ്ഞു തിരിയുന്നുണ്ടാവും'.

ചുറ്റുമുള്ളവർ ചിരിച്ചു.

'നന്നെ ഇപ്പോൾ വിടാം', ആരോ പറഞ്ഞു.

'എനിക്ക് പോണം. എന്റെ അമ്മ വിഷമിക്കുന്നുണ്ടാവും', അവളുടെ സ്വരം വിറച്ചിരുന്നു.

'അതിനെന്താ ഇപ്പൊ പോവാമല്ലോ'.

അതിലൊരാൾ അവളുടെ കൈ രണ്ടും പിടിച്ചു. വേറൊരാൾ കാലുകൾ അനങ്ങാതെ ചേർത്ത് പിടിച്ചു. അവളുടെ വസ്ത്രങ്ങൾ രാത്രിക്കു കൂട്ടായി അവളിൽ നിന്ന് പറിച്ചെടുക്കപ്പെട്ടു. ഒരാൾ അവളെ ഇരുകൈയിലുമെടുത്തു ഗുഹയിലെ മറ്റൊരു മുറിയിലേക്ക് കൊണ്ടുപോയി .

ഞാൻ പലവട്ടം, പലസ്ഥലത്തുവച്ചും കണ്ടതാണീ കാഴ്ച. ആളുകളുടെ വർണവും ജാതിയും രൂപത്തിലും മാത്രം മാറ്റം!!

ഞാൻ കൃപാചാര്യനെ നോക്കി അദ്ദേഹം എന്നെയും . ആയുധം എടുക്കാൻ ഞങ്ങൾക്ക് അവകാശമില്ല. പക്ഷെ ..

അവൾ കുതറിമാറി. അയാളെടുത്ത ആയുധം അവൾ തട്ടിപ്പറിച്ചു. അവൾ അയാളെ ചവിട്ടി വീഴ്ത്തി. കയ്യിൽ കിട്ടിയ വസ്ത്രം കൊണ്ട് ശരീരത്തെ പുതച്ചവൾ പുറത്തേക്കോടി. അവർ അവളുടെ പിന്നാലെയും .

തിരിഞ്ഞുനിന്നവൾ അവരുടെ നേരെ നിറയൊഴിച്ചു. അവരിലൊരാളുടെ കാലിലാണ് അത് കൊണ്ടത് . അയാൾ വീണു. അയാളുടെ നിലവിളി...

എനിക്ക് ആർത്തൊന്നു ചിരിക്കാൻ തോന്നി .

അവർ അവളെവിട്ടിട്ട് അയാളുമായി വന്ന വണ്ടിയിൽ എങ്ങോട്ടേക്കോ പോയ്മറഞ്ഞു..

'ഈ ലോകത്തു നന്മയുണ്ടാവണമെങ്കിൽ സ്ത്രീകൾ കരുത്തരാകണം അവർ കുന്തിയെപ്പോലെ, ഗാന്ധാരിയെപ്പോലെ ദ്രൗപദിയെപ്പോലെ ...

അവരിലെ കൃപ നമുക്ക് വളർത്തണം. അത് ഞാൻ ചെയ്യാം. അവരെ നമുക്ക് പൊരുതാനായി സജ്ജരാക്കണം.'

കൃപാചാര്യൻ എന്നെ ഉണർത്തുന്നുണ്ട്. ആയുധം എടുക്കാതെയുള്ള യുദ്ധത്തിനായി ഞങ്ങൾ ഇതാ വരുന്നു.

'പക്ഷെ ഉണ്ണി, നമുക്ക് ഒരാളെകൂടി നമ്മുടെ കൂടെ കൂട്ടണം . 'ആഞ്ജനേയനെ.'

കലിയുഗത്തിൽ നന്മ വരുത്താനായാണ് ആഞ്ജനേയനെ ചിരഞ്ജീവിയാക്കിയത്. അയാളെ അയാളുടെ ശക്തി ഓർമ്മിപ്പിക്കണം. ആരുണ്ട് അതിനു നമ്മളല്ലാതെ?

അയാൾ ഭക്തിയും ശക്തിയും ഉണർത്തും ഭക്തി കാണാത്ത ഈശ്വരനോടല്ല മറിച്ചു ചുറ്റുമുള്ള മനുഷ്യരോടാണ് വേണ്ടതെന്ന് ആഞ്ജനേയനെക്കൊണ്ട് നമുക്ക് പറയിക്കണം. നമ്മൾ അതിന്റെയൊപ്പം സ്ത്രീകളെ സജ്ജമാക്കിയാലേ ഈ ലോകം നിലനിൽക്കുകയുള്ളു. നിനക്ക് ഒരു പ്രാവശ്യം മാത്രം വഴങ്ങിയ ബ്രഹ്മാസ്ത്രങ്ങൾ എല്ലാവരുടെ കയ്യിലും ഉണ്ട്. അതവർ പ്രയോഗിക്കും. തടയണം നമുക്കത്.

പോകാം നമുക്ക് ആഞ്ജനേയനെ തേടി ഇനി എത്രവർഷം എടുക്കും ആഞ്ജനേയനെ കാണാനായി. അറിയില്ല.! പക്ഷെ കണ്ടുപിടിക്കണം

അവസാനം കണ്ടത് എവിടെയാണ്? അർജ്ജുനന്റെ രഥത്തിന്റെ കൊടിക്കൂറയിലാണ് എന്നോർക്കുന്നു.

ഇതാ ഞങ്ങൾ വരുന്നു നിന്നെത്തേടി .

എന്റെ വേദനകൾ എല്ലാം പറന്നു പോയപോലെ !

******

# മൈക്രോവേവ് ഓവൻ

**യു.എസ്. രവീന്ദ്രൻ - 9496120978**

**1945**ലെ ഒരു വേനൽക്കാലം അമേരിക്കൻ മിലിട്ടറിക്കു വേണ്ടി കോൺട്രാക്റ്റു ജോലി ചെയ്യുന്ന കമ്പനിയിലെ ടെക്നിക്കൽ മാനേജരായിരുന്ന pl സെപ്ൻസറിന് അന്ന് വളരെ തിരക്കുള്ള ദിവസമായിരുന്നു. മിലിട്ടറിയിൽ പരിശീലനത്തിനു വരുന്നവരോട് പുതിയ ശ്രേണിയിലുള്ള ഒരു റഡാർ ഉപകരണത്തെ പറ്റി വിവരിക്കുകയായിരുന്ന സ്പെൻസർ. ഉച്ചയായി, അടുത്ത ബാച്ച് വരുന്നതിനു മുൻപ് കാന്റീനിൽ പോയി ഭക്ഷണം കഴിച്ചു വരാനുള്ള സമയമില്ല. ബാഗിനകത്ത് വച്ചിരുന്ന ചോക്കലേറ്റ് എടുത്തു തല്ക്കാലം വിശപ്പടക്കാം എന്നു കരുതി കവർ പൊട്ടിച്ചു തുടങ്ങിയപ്പോഴാണ് പുതിയ ഒരു ബാച്ച് പരിശീലനത്തിനു കയറി വന്നത്. ചോക്കലേറ്റ് പൊട്ടിച്ച് കവറോട് കൂടിത്തന്നെ ധരിച്ചിരുന്ന ലാബ് ഡ്രസ്സിൻെറ പോക്കറ്റിൽ തിരുകി. റഡാറിന്റെ മാഗ്നട്രോൺ ഓണാക്കി സന്ദർശകർക്ക് റഡാറിന്റെ പ്രവർത്തനം വിശദീകരിച്ചു കൊടുത്തുകൊണ്ടിരിക്കുകയായിരുന്നു. എന്തോ ഒരു ദ്രാവകം ഡ്രസ്സിൽക്കൂടെ ഒലിച്ചിറങ്ങുന്നതായി സ്പെൻസറിന് അനുഭവപ്പെട്ടു. ഓവർക്കോട്ടും പാന്റും എല്ലാം നനച്ചുകൊണ്ട് ആ ചോക്ലേറ്റ് വെന്ത് ഉരുകി ഇറങ്ങുകയായിരുന്നു. ഉരുകിയ ചോക്കലേറ്റിന്റെ ചൂടും അനുഭവപ്പെട്ടു.

സന്ദർശകർ പോയശേഷം സ്പെൻസർ കുറച്ചു ചോളമണികൾ ലാബിലേയ്ക്ക് കൊണ്ടുവന്ന്, മാഗ്നട്രോൺ ഉപകരണത്തിന്റെ മുൻപിൽ വച്ച് സ്വിച്ച് ഓൺ ചെയ്തു. ചോളമണികൾ പൊരിഞ്ഞ് നൃത്തം വച്ച് മുറിയിലേയ്ക്കു തെറിച്ചു വീഴാൻ തുടങ്ങി. പൊരിഞ്ഞ കുറച്ചു ചോളമണികൾ തിന്നു രസിച്ചു കൊണ്ട് ഒരു കോഴിമുട്ടകൊണ്ടുവന്ന് മാഗ്നട്രോൺ ഉപകരണത്തിന്റെ മുന്നിൽ വച്ച് ഓൺ ആക്കി. ഇതു കണ്ട സഹപ്രവർത്തകർ ചോദിച്ചു. താങ്കൾ എന്താണ് ചെയ്യുന്നത്? അതോ ഞാൻ ഈ ഉപകരണം ഉപയോഗിച്ച് വെള്ളമില്ലാതെ മുട്ട പുഴുങ്ങുവാൻ പോകുകയാണ്. ആകാംക്ഷയോടെ എല്ലാവരും അടുത്തുവന്ന് ആ ഉപകരണത്തേയും കോഴിമുട്ടയേയും സസൂക്ഷ്മം നിരീക്ഷിച്ചു.

നിമിഷങ്ങൾക്കുള്ളിൽ കോഴിമുട്ട പൊട്ടിത്തെറിച്ച് എല്ലാവരുടെയും മുഖത്ത് വെള്ളയും മഞ്ഞയും കലർന്ന ദ്രാവകം തെറിച്ചു വീണു.

മൈക്രോവേവ് ഓവൻ എന്ന ഉപകരണത്തിന്റെ കണ്ടുപിടുത്തത്തിന് തുടക്കം കുറിച്ച് സംഭവമായിരുന്നു അത്. സ്പെൻസർ ഒരു കമ്പനിയുണ്ടാക്കി 1945ൽ തന്നെ ഈ പുതിയ ഉപകരണത്തിന് പേറ്റന്റെടുത്തു.

മൈക്രോവേവ് ഓവന്റെ ആദ്യ ശ്രേണിയായ റഡാർ ഒരു റേഞ്ചസ്, ഫ്രിഡ്ജിന്റെ അത്ര വലിപ്പമുള്ളതായിരുന്നു. തണുപ്പിക്കാൻ റേഡിയേറ്റർ പോലെ ജലസംക്രമണ സംവിധാനവും അതിന് പ്ലംബിങ്ങ് സംവിധാനവും ഒക്കെ ആവശ്യമായിരുന്നു. മാത്രവുമല്ല വില അന്നത്തെ 3000 ഡോളറിനു മുകളിലുമായിരുന്നു. കമ്പനിയുടെ CEO ആയിരുന്നു ചാൾസ് ആഡംസ് ഫ്രാൻസിസ് തന്റെ പുതിയ ആഡംബര വീട്ടിൽ ഒരു റഡാർ റേഞ്ചസ് മൈക്രോവേവ് ഓവൻ സ്ഥാപിച്ചു. ചാൾസിന്റെ വീട്ടിലെ കുക്ക് തന്റെ ജോലികളെല്ലാം റഡാർ റേഞ്ചസ് ഏറ്റെടുത്തതുകൊണ്ട് തനിക്ക് പ്ര

ത്യേക ജോലികളൊന്നും ഇല്ലെന്ന് പറഞ്ഞ് പിണങ്ങിപ്പോയി. കൂടിയ വിലയുള്ളതുകൊണ്ടാകാം ആദ്യമെല്ലാം അമേരിക്കയിൽ മൈക്രോവേവ് ഓവന് ആവശ്യക്കാർ കുറവായിരുന്നു. തന്നെയുമല്ല അവർക്ക് ഇഷ്ടമുള്ള പോലെ മൊരിഞ്ഞ മാസം അന്നത്തെ മോഡലുകളിലുള്ള മൈക്രോവേവ് ഓവനിൽ നിന്നും കിട്ടിയിരുന്നില്ല.

എന്നാൽ ജാപ്പനീസ് ഭക്ഷണരീതി മൈക്രോവേവ് ഓവൻ സാങ്കേതിത്വത്തിനു യോജിച്ചതായിരുന്നു. 1961 ൽ ജപ്പാനിലെ എല്ലാ റെയിവേസ്റ്റേഷനുകളിലും തോഷിബാകമ്പനിയുടെ മൈക്രോവേവ് ഓവനിൽ തയ്യാറാക്കിയ ഭക്ഷണം ലഭ്യമായിരുന്നു. നേരത്തേ പാചകം ചെയ്ത ഭക്ഷണം ചൂടാക്കിനൽകുന്നതിനു ജാപ്പാനിലുള്ള തെരുവു കടകളിൽപ്പോലും മൈക്രോവേവ് ഓവൻ ഉപയോഗിച്ചിരുന്നു. ജാപ്പാനിൽ 1970 ൽ പതിനഞ്ചു ലക്ഷത്തോളം മൈക്രോവേവ് ഓവൻ വില്പന നടത്തിയിട്ടുണ്ട്. എന്നാൽ അമേരിക്കയിൽ ഇത് രണ്ടര ലക്ഷത്തിൽ താഴെയായിരുന്നു. മാഗ്നടോൺ എന്നു പറയുന്നതു ഉയർന്ന ശക്തിയുള്ള ഒരു വൈദ്യുത കമ്പന ഉപകരണമാണ് (Microwave oscillator) ഇതിലെ വൈദ്യുത തരംഗങ്ങൾ 3 ലക്ഷം ആവൃതി (Cycles) മുതൽ 3000 കോടി ആവൃതി വരെ കമ്പനം ചെയ്യുന്നവയാണ്. ശക്തിയുള്ള ഒരു കാന്തികമണ്ഡലത്തിലൂടെ വൈദ്യുത ചാർജ്ജുകൾ കടത്തിവിടുമ്പോൾ പരസ്പരം പ്രതിവർത്തിച്ച് മേൽപറഞ്ഞ ആവൃതിയിലുള്ള വൈദ്യുത തരംഗങ്ങൾ ഉണ്ടാകുന്നു. ഉയർന്ന ആവൃതിയിലുള്ള തരംഗങ്ങൾ സമീപത്തുള്ള പ്രതലങ്ങളിൽ തട്ടി തിരിച്ചു വന്നു മൂലകാരണമായ തരംഗത്തോട് ചേർന്ന് അതിനെ ശക്തിപ്പെടുത്തുന്ന പ്രക്രിയയാണ് ഇവിടെ നടക്കുന്നത്. മൈക്രോവേവ് റേഡിയേഷൻ ശരീരത്തിലെ കോശവ്യൂഹങ്ങൾക്ക് പൊള്ളലേല്പിച്ചേക്കാം. ഇലക്ട്രോമാഗ്നറ്റിക് തരംഗങ്ങൾ ഉപയോഗിച്ചാണ് മൈക്രോവേവ് ഓവനിൽ ഭക്ഷണം പാകപ്പെടുത്തുന്നത്. ഈ തരംഗങ്ങൾ ഭക്ഷണപദാർത്ഥങ്ങളിലെ തന്മാത്രകളെ കമ്പനം ചെയ്യിക്കുന്നു. തന്മൂലം അവയിൽ ആന്തരികമായി തന്നെ ചൂട് ഉണ്ടാകുകയും ഉള്ളിൽ നിന്ന് പുറത്തേയ്ക്ക് വെന്ത് പാകപ്പെടുകയും ചെയ്യുന്നു.

ഗർഭിണികൾ മൈക്രോവേവ് പ്രവർത്തിപ്പിക്കുന്നത് ഒഴിവാക്കേണ്ടതാണ്. മൈക്രോവേവ് ഓവനിൽ ഉപയോഗിക്കാൻ നി ർദ്ദേശിച്ചിട്ടുള്ള പാത്രങ്ങൾ മാത്രമേ അതിൽ ഉപയോഗിക്കുവാൻ പാടുള്ളൂ.

*****

ചൈത്രം

- മാനസിക സംഘർഷമനുഭവിക്കുന്നവർ
- ഏകാന്തതയനുഭവിക്കുന്നവർ
- ജീവിതം അവസാനിപ്പിക്കണമെന്ന് തോന്നുന്നവർ
- നിങ്ങളുടെ വിഷമംപങ്കുവയ്ക്കാൻ ഫോണിൽ ബന്ധപ്പെടുക:

0484 2361161
ചൈത്രത്തിലെ സേവനം തികച്ചും സൗജന്യവും സ്വകാര്യവുമാണ്
ഉച്ചയ്ക്ക് 2 മണി മുതൽ 5 മണി വരെ

ജ്യോതിഷാചാര്യൻ: ജി.കെ. മേനോൻ

Ernakulam Karayogam 0484 - 2361160,

8848036518, 9645683491

ॐ

**1199** മിഥുനമാസഫലം

ഹരി ശ്രീ ഗണപതയെ നമഃ അവിഘ്നമസ്തു

(മേടക്കൂർ അശ്വതി ഭരണി കാർത്തിക ആദ്യ പാദം) പൊതുവേ അനുകൂലമായ സമയമാണെങ്കിലും പെട്ടന്ന് ദേഷ്യം വരുന്ന സന്ദർഭങ്ങൾ ഉണ്ടാകും. കോപം കലഹത്തിൽ കലാശിക്കാതിരിക്കുവാൻ സംയമനത്തോടെ പെരുമാറാൻ ശ്രദ്ധിക്കണം സാമ്പത്തികമായി മെച്ചപ്പെടും . ജൂൺ 19,20, 21തിയതികൾ അഷ്ടമ രാശി നക്ഷത്രങ്ങളായതിനാൽ ആ ദിവസങ്ങളിൽ ചെയ്യുന്ന എല്ലാ കാര്യങ്ങളിലും പ്രത്യേകം ശ്രദ്ധ ചെലുത്തേണ്ടത് നല്ലതാണ്. ശിവക്ഷേത്ര ദർശനവും പഞ്ചാക്ഷരി മന്ത്രജപം നടത്തുന്നതും നല്ലതാണ്



(ഇടവക്കൂർ കാർത്തിക അവസാന മൂന്ന് പാദം രോഹിണി മകയിരം ആദ്യപകുതി) പൊതുവേ മാസം അനുകുലമായിരിക്കും. പൂർവ്വിക സ്വത്ത് സംബന്ധിച്ച അഭിപ്രായ വ്യത്യാസങ്ങൾ നിയമ നടപടികളിലേക്ക് കടക്കാം ജൂൺ 22,23, തിയതികൾ അഷ്ടമരാശിക്കൂർ നക്ഷത്രങ്ങൾ ആയതിനാൽ ആ ദിവസങ്ങളിൽ ഒഴിവാക്കാൻ പറ്റാത്ത പുതിയ കാര്യങ്ങളിൽ കൂടുതൽ ശ്രദ്ധയോടെ ഇടപെടാവൂ. പഞ്ചാക്ഷരി മന്ത്രജപവും ശിവ ക്ഷേത്ര ദർശനവും നടത്തുക .



(മിഥുനക്കൂർ മകയിരം അവസാന പകുതി, തിരുവാതിര, പുണർതം ആദ്യ മൂന്ന് പാദം) വസ്തുവകകളിൽ നിന്നും ലാഭം ലഭിക്കും. മാനസിക സംഘർഷങ്ങൾ അനുഭവിച്ചിരുന്ന പല പ്രശ്നങ്ങൾക്കും പരിഹാരമാകും. ആത്മവിശ്വാസം വർദ്ധിക്കും. വീടിന്റെ മെയിന്റൻസ് പ്രവർത്തിക്കായി പണം ചിലവഴിക്കും. ജൂൺ 25, 26 തിയതികൾ ശുഭകാര്യാരംഭത്തിന് സ്വീകാര്യമല്ല. വ്യാഴാഴ്ച ദിവസങ്ങളിൽ ശ്രീകൃഷ്ണ ക്ഷേത്ര ദർശനവും വിഷ്ണു സഹസ്ര നാമജപവും നടത്തുക,



(കർക്കിടക്കൂർ പുണർതം അവസാന പാദം പൂയം ആയില്യം) ഭാഗ്യം കൊണ്ട് അപ്രതീക്ഷിത ധനലാഭം ഉണ്ടാകാം. കർമ്മരംഗത്തെ പ്രശ്നങ്ങൾക്ക് പരിഹാരമാകും. എങ്കിലും അഭിപ്രായപ്രകടനങ്ങൾ നടത്തുമ്പോൾ കലഹങ്ങൾ ഉണ്ടാവാതിരിക്കുവാൻ ശ്രദ്ധിക്കണം. ജൂൺ 26, 27 ദിവസങ്ങൾ പൊതുവേ അനുകൂലമല്ലാത്തതിനാൽ പുതുസംരംഭാരഭത്തിന് സ്വീകരിക്കാതിരിക്കുന്നതാണ് ഉത്തമം ശാസ്താ ക്ഷേത്രദർശനവും മന്ത്രജപവും ചെയ്യുന്നത് നല്ലതാണ്.



(ചിങ്ങക്കൂർ മകം, പൂരം, ഉത്രം ആദ്യ കാൽ ഭാഗം ) വസ്തുവകകളുമായി ബന്ധപ്പെട്ട് പ്രവർത്തിക്കുന്നവർക്ക് ഭാഗ്യാനുകൂലത പ്രതീക്ഷിക്കാം. പുനർ വിവാഹത്തിന് ശ്രമിക്കുന്നവർക്ക് അനുകൂല ഫലം ലഭിക്കും ജൂൺ 29, 30 തിയതികൾ അഷ്ടമ രാശിക്കൂറിലെ നക്ഷത്രങ്ങളായതിനാൽ നല്ല സംരംഭങ്ങൾക്ക് സ്വീകരിക്കാതിരിക്കുക. ദേവീ ഗണപതി പ്രീതികരങ്ങളായ മന്ത്രജപങ്ങൾ നടത്തുന്നതും ക്ഷേത്രത്തിൽ ദർശ്ശനം നടത്തുന്നതും നല്ലതാണ്.



(കന്നിക്കൂർ ഉത്രം അവസാന മൂന്നാം പാദം അത്തം ചിത്തിര ആദ്യ പകുതി) പ്രണയബന്ധങ്ങൾ ശക്തമാകും. വിവാഹത്തിന് ശ്രമിക്കുന്നവർക്കും, വിദേശത്തേക്ക് പോകാൻ ശ്രമിക്കുന്നവർക്കും മാസം അനുകൂലമാണ്. ജൂലൈ 1, 2 ദിവസങ്ങൾ അനുകൂലമല്ല. ദേവീ ക്ഷേത്ര ദർശ്ശനവും ദേവീ പ്രീതികരങ്ങളായ വഴിപാടുകളും മന്ത്രജപവും തുടരുക.



തുലാക്കൂർ ചിത്തിര അവസാന പകുതി, ചോതി, വിശാഖം ആദ്യ മൂന്ന് പാദം.) വിവാഹകാര്യത്തിലെ പിടിവാശി ഒഴിവാക്കി വിവാഹത്തിനായി പരിശ്രമിച്ചാൽ വിവാഹത്തിന് സാധ്യത ഉണ്ട്. സാഹിത്യ കലാരംഗത്ത് നിന്നും അനുമോദനങ്ങളും അംഗീകാരങ്ങളും ലഭിക്കും. ജൂലൈ 3, 4 തിയതികൾ പ്രായേണ ഗുണം കുറഞ്ഞതായിരിക്കും. . വൈഷ്ണവ ക്ഷേത്ര ദർശ്ശനവും മന്ത്രജപവും നടത്തുന്നതും യഥാശക്തി വഴിപാടുകൾ നടത്തുന്നതും നല്ലതാണ്.



(വൃശ്ചികക്കൂർ വിശാഖം അവസാന പാദം, അനിഴം തൃക്കേട്ട) പഴയ സാധനങ്ങളുടെ വില്പന നടത്തുന്നവർക്ക് ലാഭം പ്രതീക്ഷിക്കാം. നിയമപരമായ വിവാഹമോചനത്തിന് ശ്രമിക്കുന്നവർക്ക്. അനുകുല ഫലം ലഭിക്കും ഉദരസംബന്ധമായും ഹൃദയസംബന്ധമായും രോഗങ്ങൾ ഉള്ളവർ രോഗം മൂർഛീക്കാതിരിക്കാൻ ശ്രദ്ധിക്കുക. ജൂലൈ 5, 6 ദിവസങ്ങളിൽ ശ്രീകൃഷ്ണക്ഷേത്ര ദർശ്ശനവും ദേവ പ്രീതികരങ്ങളായ വഴിപാടുകളും ജപങ്ങളും നടത്തുന്നത് നല്ലതാണ്.



(ധനു മൂലം പൂരാടം ഉത്രാടം ആദ്യ പാദം. ) ജീവിതപങ്കാളിയുമായും ബിസിനസ്സ് പങ്കാളികളാകും അഭിപ്രായ വ്യത്യാസങ്ങൾ ഉണ്ടാകാം. കർമ്മരംഗത്തെ പ്രശ്നങ്ങൾക്ക് താൽക്കാലിക പരിഹാരം ഉണ്ടാകും. അലർജി രോഗങ്ങളെ കരുതിയിരിക്കുക. ജൂലൈ 7, 8 ദിവസങ്ങൾ അഷ്ടമരാശി നക്ഷത്രങ്ങളായതിനാൽ പുതുതായി ആരംഭിക്കുന്ന നല്ല കാര്യങ്ങൾക്ക് സ്വീകരിക്കാതിരിക്കുന്നതാണ് ഉത്തമം. സർപ്പ പ്രീതികരമായ വഴി പാടുകൾ നടത്തുക



(മകരം ഉത്രാടം അവസാന മൂന്ന് പാദം തിരുവോണം, അവിട്ടം ആദ്യ. പകുതി) വസ്തുവകകളിൽ നിന്നും ലാഭം പ്രതീക്ഷിക്കാം. ബുദ്ധിപരമായ കാര്യങ്ങളിൽ മികവ് പുലർത്താൻ സാധിക്കും ഉന്നത വിജയങ്ങൾ നേടാൻ കഴിയും. കുടുബപരമായ ധന കാര്യവിഷയങ്ങളിൽ ആശ്വസം ലഭിക്കും ജൂലൈ 9, 10 തിയതികൾ ശുഭകാര്യാരംഭത്തിന് സ്വീകാര്യമല്ല. ചൊവ്വാ, വെള്ളി ദിവസങ്ങളിൽ ദേവീക്ഷേത്ര ദർശ്ശനവും മന്ത്രജപവും ദേവിക്ക് മാല ചാർത്തലും നടത്തുന്നത് നല്ലതാണ്.



(കുംഭം അവിട്ടം അവസാന പകുതി ചതയം പൂരുരുരുട്ടാതി ആദ്യ മൂന്ന് പാദം). ചെറിയ കാര്യങ്ങൾക്ക് പോലും അലസത പ്രകടിപ്പിക്കും. വാക്ക് നിമിത്തം പ്രശ്നങ്ങൾ ഉണ്ടാകാതെ നോക്കണം. വീട് നിർമ്മാണത്തിന് ശ്രമിക്കുന്നവർക്ക് കാര്യം അനുകുലമാകും. നേത്രരോഗം മൂർച്ചിക്കാതെ നോക്കണം.ജൂലൈ 13, 14 ദിവസങ്ങൾ അനുകൂലമായിരിക്കില്ല. ദേവിക്കും, സർപ്പത്തിനും പ്രീതികരങ്ങളായ വഴിപാടുകൾ നടത്തുകയും ക്ഷേത്ര ദർശ്ശനം നടത്തുകയും ചെയ്യുന്നത് നല്ലതാണ്.



(മീനം പൂരുരുട്ടാതി അവസാന പാദം ഉത്രട്ടാതി രേവതി) പൂർവ്വികമായി കൈവശം വന്ന് ചേർന്ന. വസ്തുവകകളിൽ നിന്നും ധനലാഭം പ്രതീക്ഷിയ്ക്കാം. പരുഷമായ വാക്കുകൾ മൂലം സുഹൃത്തുക്കളും ബന്ധുജനങ്ങളും അകലാൻ സാധ്യത ഉണ്ട്. അകാരണമായ ഭയം മനസ്സിനെ അലട്ടാം. ജൂൺ 17, 18 ദിവസങ്ങൾ അത്ര ഗുണകരമല്ലാത്തതിനാൽ പുതിയ സംരംഭങ്ങൾക്ക് സ്വീകരിക്കാതിരിക്കുക. സർപ്പപ്രീതി ഗണപതി ക്ഷേത്ര ദർശനം എന്നിവ നടത്തുക.



*ശുഭമസ്തു ശംഭോമഹാദേവ!*
*എറണാകുളത്തപ്പൻ തുണ!*

# MANGALYAM MATRIMONIAL

# വധുവിനെ ആവശ്യമുണ്ട്



Nair Boy, 29yr/185cm, Pooyam, MSc, Instruction Designer - KPMG, Pref: Degree/Post Graduation, Mob: 9037904185, 9995522703

Email:suresh_ndv@yahoo.co.in
Date of Birth:24-11-1994(3.55am)
Sishta Dasa:Sani : 9-9-29

| | | | | | |
|---|---|---|---|---|---|
| | സ | കു | ബു | | |
| | | ശി | | | |
| മാ | മ | ഗ്രഹനില | | ച | ഗു |
| മ | | & അംശകം | | കു | |
| ശു | | ര ബു | ശു സ മാ ല | ഗു | ച ശി |
| | | | ല | ര | |

Contact Address:
MR.SURESH KUMAR
57/2443C,TRILOK
MANAYATHRA
AMALABHAVAN ROAD
KADAVANTHRA
KOCHI 682020

Nair Boy, 30yrs/172cm,Rohini,B.Tech ECE,PG Diploma in Digital Broad cast, Media One, Delhi Bureau, Broad casting journalist ,Pref: Degree/PG/ Professionals,Mob:9446051515

Email:nandanam45a@gmail.com
Date of Birth:8-9-1993(8.03pm)
Sishta Dasa:Moon :6-6-29

| | | | | | |
|---|---|---|---|---|---|
| | മാ | | ചശി | | |
| | ല | | ച ശി | | |
| | മ | ഗ്രഹനില | | ശു മാ | ഗു |
| ബു ല ശു | | & അംശകം | | ര | കു |
| | | സ | | ബു ഗു കു | |
| | | സ | ര മ | | |

Contact Address:
MR.PREM KUMAR K
NANDANAM
NEERAMANKUZHI
OORUTTAMBALAM P.O
PIN 695507


**THOTTEKKATT DIWAN'S MEMORIAL a/c HALLS**

1. TDM HALL GANGA
2. TDM HALL PERIYAR (DINING HALL)
3. TDM HALL KAVERY
4. TDM HALL SOORYA (DINING HALL)
5. TDM HALL YAMUNA
6. TDM HALL NILA (DINING HALL)
7. TDM HALL PAMBA
8. TDM HALL NARMADA
9. TDM HALL SARASWATHY (DINING HALL)
10. TDM HALL GODAVARY (CONFERENCE HALL)
11. TDM HALL KRISHNA (EXHIBITION HALL)
12. TDM HALL SARAYU

For Details Contact: 0484 2361160, 9447171160
Email: ekmkgm@gmail.com,
Web: www.ernakulamkarayogam.com

www.karayogammangalyam.com
എന്ന വെബ്സൈറ്റ് വഴി
എറണാകുളം കരയോഗം മാംഗല്യത്തിൽ രജിസ്റ്റർ ചെയ്യൂ,
ഉത്തമ പങ്കാളിയെ കണ്ടെത്തൂ.



www.karayogammangalyam.com
എന്ന വെബ്സൈറ്റ് വഴി എറണാകുളം കരയോഗം
മാംഗല്യത്തിൽ രജിസ്റ്റർ ചെയ്യൂ, ഉത്തമ പങ്കാളിയെ കണ്ടെത്തൂ.



കൂടുതൽ വിവരങ്ങൾക്ക്:- Ph: 0484 2361160 (Extn.115),

# ബീം ജൂൺമാസ പരിപാടി

**കേന്ദ്ര സംഗീത നാടക അക്കാദമി അവാർഡിന് അർഹരായ**
**കലാമണ്ഡലം ബാലസുബ്രഹ്മണ്യനേയും, മാർഗ്ഗി വിജയകുമാറിനേയും അനുമോദിക്കുന്നു.**

## തുടർന്ന് മേജർ സെറ്റ് കഥകളി

## കഥ - രുഗ്മാംഗദചരിതം

**25 - 06 - 2024 ചൊവ്വാഴ്ച വൈകുന്നേരം 6.30ന് ടി.ഡി.എം. ഹാളിൽ**



മഹാവിഷ്ണുവിന് പവിത്രമായി കരുതുന്ന ഏകാദശി വ്രതം കർശനമായി ആചരിച്ചിരുന്ന മഹാവിഷ്ണുവിന്റെ കടുത്ത ഭക്തനായിരുന്നു വിദിശ രാജ്യത്തെ രുഗ്മാംഗദ രാജാവ്. ദേവന്മാർക്ക് രാജാവിനോട് അസൂയ തോന്നുന്ന തരത്തിൽ അദ്ദേഹം വളരെയധികം ഗുണങ്ങൾ ശേഖരിച്ചു. അങ്ങനെ ദേവന്മാർ രുഗ്മാംഗദന്റെ ഭക്തി പരീക്ഷിക്കാൻ തീരുമാനിച്ച് മോഹിനിയെ അയക്കുന്നു. ആദ്യ കാഴ്ചയിൽ തന്നെ ആ സൗന്ദര്യത്തിൽ മയങ്ങിയ രാജാവ് ചോദ്യങ്ങളില്ലാതെ മോഹിനിയുടെ ആഗ്രഹങ്ങളെല്ലാം സാധിപ്പിച്ചു കൊടുക്കാമെന്നു വാഗ്ദാനം ചെയ്യുന്നു. കുറച്ചുനാളുകൾക്ക് ശേഷം ഒരു ഏകാദശി ദിവസം രാജാവിന്റെ വ്രതം തെറ്റിക്കാനായി മോഹിനി ശ്രമിക്കുന്നു. സാധിക്കുന്നില്ല എന്ന് കണ്ടപ്പോൾ, പഴയ വാഗ്ദാനം നിറവേറ്റാൻ ആവശ്യപ്പെടുന്നു. അമ്മ സന്ധ്യാവലിയുടെ മടിയിൽ തല വച്ച് കിടക്കുന്ന മകൻ ധർമ്മാംഗദന്റെ കഴുത്തറക്കുവാൻ ആവശ്യപ്പെടുന്നു.ധർമ്മാംഗദൻ തന്റെ പിതാവിന്റെ വാളാൽ ശിരഛേദം ചെയ്യപ്പെടാൻ പോകുമ്പോൾ, വിഷ്ണു ഇടപെട്ട് രുക്മാംഗദനെയും സന്ധ്യാവലിയെയും ധർമ്മാംഗദനെയും തന്റെ സ്വർഗ്ഗീയ വസതിയായ വൈകുണ്ഠത്തിലേക്ക് കൂട്ടിക്കൊണ്ടുപോകുന്നു.

### *അരങ്ങത്ത് : -*

| | | |
|---|---|---|
| രുഗ്മാംഗദൻ | - | കലാമണ്ഡലം ബാലസുബ്രഹ്മണ്യൻ |
| മോഹിനി | - | മാർഗ്ഗി വിജയകുമാർ |
| ബ്രാഹ്മണർ | - | ആർ.എൽ.വി. ശങ്കരൻകുട്ടി, ജയശങ്കർ പള്ളിപ്പുറം |
| സന്ധ്യാവലി | - | ജയശങ്കർ പള്ളിപ്പുറം |
| ധർമ്മാംഗദൻ | - | ദേവിക ആർ. മേനോൻ |
| വിഷ്ണു | - | വിഷ്ണുദത്തൻ പിഷാരടി |
| പാട്ട് | - | പത്തിയൂർ ശങ്കരൻകുട്ടിയും കലാമണ്ഡലം കൃഷ്ണകുമാറും |

| | | |
|---|---|---|
| ചെണ്ട | - | കലാമണ്ഡലം കൃഷ്ണദാസ് |
| മദ്ദളം | - | കലാനിലയം മനോജ് |
| ചുട്ടി | - | എരൂർ മനോജ് |
| അണിയറ | - | ചേർത്തല രാമചന്ദ്രനും സംഘവും |

***ഏവർക്കും സ്വാഗതം.***

DATE OF PUBLICATION: 10-06-2024

RNI NO. KERMAL/2008/23515
REGISTERED NEWSPAPER

REGISTERED NO. KL/EKM/761/2022-24
LICENSE NO. KL/CR/EKM/WPP-7/2022-24
LICENSED TO POST WITHOUT PREPAYMENT

Volume No. 16 JUNE 2024 Issue No.6

## എറണാകുളം കരയോഗം ഹെറിറ്റേജ് ഗ്രൂപ്പ്



ഇന്ത്യൻ യോഗ അസോസിയേഷന്റെ സ്റ്റേറ്റ് ജനറൽ സെക്രട്ടറിയായ
ശ്രീ രാജ് ഗോപാൽകൃഷ്ണൻ,യുണെസ്‌ക്കോ പൈതൃക പട്ടികയിൽ ഇടം പിടിച്ച
യോഗയെക്കുറിച്ചു, സംസാരിക്കുന്നു എറണാകുളം ടിഡിഎം ഹാളിൽ
2024 ജൂൺ 15-ാം തീയതി വൈകീട്ട് 5 മണിക്ക്.

**ഏവർക്കും സ്വാഗതം.**

## എറണാകുളം കരയോഗം സാംസ്‌ക്കാരിക വിഭാഗം



### അകായിലെ സംഗീതം

ദക്ഷിണാമൂർത്തി സ്മരണ. സ്വാമിയുടെ സംഗീതവിസ്മയത്താൽ ഇന്നും
നിലനിൽക്കുന്ന ഗാനങ്ങൾ. 16- 06 - 2024 വൈകിട്ട് 4 മണിക്ക് ടി.ഡി.എം. ഹാളിൽ

**ഏവർക്കും സ്വാഗതം.**

## എറണാകുളം കരയോഗം സാഹിതിയോഗം



ജൂൺ 30 ഞായറാഴ്ച വൈകിട്ട് 3.30

**സി.രാധാകൃഷ്ണന്റെ കൃതികൾ**

അവതരിപ്പിക്കുന്നത്

**ശ്രീ. ഹരിഹരനന്ദനൻ.**

*If undelivered please return to:*
Karayoga Souhridam
T.D.M Hall Complex, D.H. Road,
Kochi 682016, Kerala

The Views expressed in this journal are those of the authors and need not necessarily reflect the policies and views of Ernakulam Karayogam

Printed by M. Sreevallabhan nair Published by M. Sreevallabhan Nair on behalf of Ernakulam Karayogam, TDM Hall complex, Durbar Hall Road, Kochi-682016, Ph : 0484 -2361160, E mail : ekmkgm@gmail.com, Website : www.ernakulamkarayogam.com and Printed at Sterling Print House (P) Ltd., Door.No.49/1849, AIMS Ponekkara P.O, Kochi-682041, Ph: 0484-2802522, 2800406 for Murali Industries, Babu Cottage, Alappat extn.Road, Behind Ravipuram Temple, Kochi-682016 and Published at Ernakulam Karayogam, TDM Hall Complex, Durbar Hall Road, Kochi-682016. Editor: M. Sreevallabhan Nair- Mob: 9947736071.

സേവനം ജീവിതസാഫല്യം